90 പൈസയിൽ കൂടുതൽ ലൈൻലോസ് കൊണ്ടുണ്ടാകുമെങ്കിലും 90 പൈസ ഈടാക്കിയാൽമതിയെന്നാണ് തീരുമാനിച്ചിരിക്കുന്നത്. കുറെ നഷ്ടം വരുമായിരിക്കാം. എങ്കിൽപ്പോലും ആ നഷ്ടം സഹിക്കുകയാണ്. തമിഴ്നാട്ടിൽനിന്നും ഇതുതന്നെയാണ് ചെയ്യുന്നത്. 90 പൈസയ്ക്കു വിദ്യുച്ഛക്തി വാങ്ങുമ്പോൾ എതാണ്ട് നാം സാധാരണ കൊടുക്കുന്നതിന്റെ നാല് ഇരട്ടിയിൽകൂടുതൽ വിലയ്ക്കാണ് ഇന്ന് നമ്മുടെ രാജ്യത്ത് വ്യവസായശാലകൾ വൈദ്യുതി വാങ്ങുന്നതെങ്കിലും അതിനും അവർ വാങ്ങിക്കാൻ തയ്യാറാണ്. അതുകൊണ്ട് കേരളത്തിലെ വിദ്യുച്ഛക്തിയുടെ വിലയെ സംബന്ധിച്ച് പല പ്പോഴും ഉണ്ടാകാറുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി ഏതായാലും ഇതുകൊണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തിലെ ജനപ്രതിനിധികൾക്കും പത്രങ്ങൾക്കുമൊക്കെ ബോദ്ധ്യമായിക്കാണുമെന്നാണെന്റെ വിശ്വാസം. ബുദ്ധിമുട്ടുകൾ തരണംചെയ്യുന്നതിനാവശ്യമായിട്ടുള്ള എല്ലാ നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽതന്നെ ഗവൺമെൻറ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിയുന്നതൊക്കെ ചെയ്യാൻ ഗവൺമെൻറ് തയ്യാറാകുമെന്നു മാത്രമേ ഈയവസരത്തിൽ പറയാൻ കഴിയുകയുള്ളു.

V ധനകാര്യം

1986-87 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറിന്മേൽ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXVI—ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം

ധനാഭ്യർത്ഥന നമ്പർ XVIII—മെഡിക്കൽ

ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XX—പൊതുജനാരോഗ്യം

ധനാഭ്യർത്ഥന നമ്പർ XLIII—വിനോദസഞ്ചാരം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഹരിജനക്ഷേമമുൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മെഡിക്കൽ എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പൊതുജനാരോഗ്യമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരമെന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകളുടെ നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തികവർഷത്തേയ്ക്കുള്ള ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.‡

‡ അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ പിന്താങ്ങുന്നു.

ധനാഭ്യർത്ഥന XXVI-ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 54,09,61,400 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സ്പെഷ്യൽ കോമ്പോണൻറ് പ്ലാനനുസരിച്ച് വിവിധ വകുപ്പുകളിൽ നടക്കേണ്ട പ്രവർത്തനങ്ങൾക്ക് ധനം ലഭ്യമാക്കാത്ത സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീമതി. റേച്ചൽ സണ്ണി പനവേലിൽ: സർ, ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 54,09,61,400 രൂ. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

Sri Kodiyeri Balakrishnan: Sir, I move that the amount of Rs. 54,09,61,400 under Demand XXVI-Social Welfare including Harijan Welfare reduced by Rs.100.

(To discuss generally)

Sri V.S. Chandrasekharan Pillai: Sir, I move that the amount of Rs. 54,09,61,400 under Demand XXVI- Social Welfare including Harijan Welfare be reduced by Rs.100.

(To discuss generally)

Smt. P. Devootty: Sir, I move that the amount of Rs.54,09,61,400 under Demand XXVI—Social Welfare including Harijan Welfare be reduced by Rs.100.

(To discuss generally)

Demand No. XVIII—Medical

Sri Kodiyeri Balakrishnan: Sir, I move that the amount of Rs. 64,46,01,500 under Demand XVIII—Medical be reduced by Rs.100.

(To discuss generally)

Sri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 64,46,01,500 under Demand XVIII—Medical be reduced by Rs. 100.

(To discuss generally)

LIBRARY ARCHIVES Kerala Legislative Assembly

Sri V. Kesavan: Sir, I move that the amount of Rs.64,46,01,500 under Demand XVIII—Medical be reduced by Rs.100.

(To discuss in general)

ശ്രീമതി. റേച്ചൽ സണ്ണി പനാവലിൽ: സർ, മെഡിക്കൽ എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 64,46,01,500 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, മെഡിക്കൽ എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 64,46,01,500 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIX കുടുംബക്ഷേമം

Sri Kodiyeri Balakrishnan: Sir, I move that the amount of Rs. 25,48,64,200 under Demand XIX—Family Welfare be reduced by Rs. 100.

(To discuss generally)

Sri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 25,48,64,200 under Demand XIX—Family Welfare be reduced by Rs. 100.

(To discuss generally)

ശ്രീ. വി.സി.കബീർ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,48,64,200 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന—XLIII—വിനോദസഞ്ചാരം

Sri Kodiyeri Balakrishnan: Sir, I move that the amount of Rs. 2,39,54,900 under Demand XLIII—Tourism be reduced by Rs. 100.

Sri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 2,39,54,900 under Demand XLIII—Tourism be reduced by Rs. 100.

(To discuss generally)

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, വിനോദസഞ്ചാരം എന്ന 43-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,39,54,900 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം- ഞാൻ അവതരിപ്പിക്കുന്നു.

Demand No. XX—Public Health.

സൂചക വെട്ടിക്കുറയ്ക്കൽ

Sri Kodiyeri Balakrishnan: Sir, I move that the amount of Rs. 8,69,11,600 under Demand XX—Public Health be reduced by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

Sri V. S. Chandrasekharan Pillai: Sir, I move that the amount of Rs. 8,69,11,600 under Demand XX—Public Health be reduced by Rs. 100.

(To discuss generally)

ശ്രീമതി. റെച്ചൽ സക്കറിയ പനവേലിൽ: സർ, പൊതുജനാരോഗ്യമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,69,11,600 രൂ. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, പൊതുജനാരോഗ്യം എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,69,11,600 രൂ. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. സി. കബീർ: സർ, പൊതുജനാരോഗ്യം എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,69,11,600 രൂ. യിൽനിന്ന്, ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ,

''വൃശ്ചികസ്യ വിഷം പുച്ഛം,
മക്ഷികായാ വിഷംശിരഃ
തക്ഷകസ്യ വിഷം ദന്തേ
സർവാംഗം ദുർജ്ജനസ്യച''

(തേളിന് വാലിൻമേൽ വിഷം,
ഈച്ചയ്ക്ക് ശിരസ്സിൽ വിഷം,
പാമ്പിന് പല്ലിൽ വിഷം,
ദുഷ്ടജനത്തിന് സർവ്വാംഗവും വിഷം)
—നീതിസാരം

നീതിസാരത്തിലുള്ളതാണിത്.

''മന്ത്രബലമില്ലെങ്കിൽ മറ്റെന്തുഗുണമുണ്ടാകാനാണ്''
—വിഷ്ണുപുരാണം, (137)

മെഡിക്കൽ വകുപ്പിലേയ്ക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇന്ന് ആ വകുപ്പ് ഒരു നാഥനില്ലാകളരിപോലെയാണ്. ആ വകുപ്പിന്റെ ചുമതലവഹിക്കുന്നത് മുഖ്യമന്ത്രിയാണെന്നാണ് വയ്പ്. മുഖ്യമന്ത്രി ഒരു ബകനെപ്പോലെയാണ് സർ. എത്രഭക്ഷണം കിട്ടിയാലും തികയാത്ത അതിദുർമ്മോഹിയായ ഒരു ഭക്ഷണപ്രിയനാണ് ബകൻ. കൊണ്ടുകൊടുക്കുന്ന ഭക്ഷണവും പാത്രവും കൊണ്ടുപോകുന്ന ആളിനെയും അവസാനം കാളയും വണ്ടിയുമെല്ലാംകൂടി വിഴുങ്ങിയാലും തൃപ്തിപ്പെടാത്ത ബകനുസമമാണ് നമ്മുടെ മുഖ്യമന്ത്രി. ഇത്രയും പ്രധാനപ്പെട്ട വകുപ്പുകളും ഒന്നിച്ച് കൈകാര്യം ചെയ്യുന്ന ഒരു മുഖ്യമന്ത്രി നമ്മുടെ ലോകത്തൊരിടത്തും കണുകയില്ല; ഇന്ത്യയിൽ ഇല്ല. തീർച്ച. ഇത് എങ്ങനെ തട്ടിയെടുത്തുവെന്നുള്ളതിനെക്കുറിച്ചാണെങ്കിൽ നമുക്കറിയാം. ഓരോ വകുപ്പും തട്ടിയെടുക്കുന്നതിന് നമ്മുടെ മുഖ്യമന്ത്രി സ്വീകരിച്ചിരുന്ന തന്ത്രം

LIBRARY ARCHIVES Kerala Legislative Assembly

നല്ലവകുപ്പ് എതാണെന്നുനോക്കി ആ നല്ലവകുപ്പുകൾ കൈകാര്യം ചെയ്യാൻ തന്റെ കൈയിൽ ഇല്ലാത്തതിന് ഓരോ തന്ത്രങ്ങൾ പ്രയോഗിച്ച് ആ വകുപ്പുകൾ കൈക്കലാക്കും. എന്നിട്ടോ? ഒരൊറ്റവകുപ്പും കാര്യക്ഷമമായി നടത്താൻ യാതൊരു സംവിധാനവും ചെയ്തിട്ടില്ലെന്നുള്ളതാണ് എന്റെ വിമർശനം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

സർ, വിശേഷിച്ച് മെഡിക്കൽ വകുപ്പുപോലുള്ള ഒരു വകുപ്പ്. 350 ഡോക്ടർമാരെ ഒരേ ദിവസം സ്ഥലം മാറിയതാണ് അടുത്ത കാലത്തു നടത്തിയ ഏറ്റവും വലിയ കാര്യം. അഞ്ചായിട്ട് അതു പങ്കുവച്ചു. മുഖ്യമന്ത്രി, 4 എൻ. ഡി. പി. എം. എൽ. എ. മാരിൽ നിന്നും സ്വന്തം കക്ഷിയിൽ നിന്നുമുള്ള 5 ലിസ്റ്റുകൾ വച്ചുകൊണ്ടാണ് ഇതു തയ്യാറാക്കിയത്. ഈ 350 പേരേയും ആരും ശുപാർശ ചെയ്തതല്ല. ഇതിൽ ഏറ്റവും നല്ല സ്റ്റേഷൻസ് കൊടുക്കുന്ന ആളിൽനിന്നും, ശുപാർശ ചെയ്തവർ കാൽ ലക്ഷം രൂപമുതൽ മേൽപോട്ട് എത്ര കിട്ടുമോ അത്രയും വാങ്ങിക്കും. നമുക്കറിയാം മുന്തിയറ്റപ്പൻമാരെക്കൊണ്ടു കടുത്ത മത്സരമാണ് ഈ ഡോക്ടർമാർ തമ്മിൽ—നല്ല 'സ്റ്റേഷനു വേണ്ടിയിട്ട്'. കാശു കിട്ടുന്ന ഒരു കേന്ദ്രത്തിനുവേണ്ടി ആരുടേയും കാലു പിടിക്കും, കൈക്കൂലിയും കൊടുക്കും. ഇങ്ങനെയുള്ള മത്സരം നടക്കുന്ന ഒരു രംഗമാണ് മെഡിക്കൽരംഗം. അങ്ങനെയുള്ള ആ രംഗത്ത് 350 ഡോക്ടർമാരുടെ സ്ഥലംമാറ്റത്തിന് 5 പോക്കറ്റുകളിലായി ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും ചെന്നു ചേർന്നിട്ടുണ്ട്. 25,000 രൂപ, 15,000 രൂപ, 10,000 രൂപ എന്നിങ്ങനെ ഈ ലിസ്റ്റിന്റെ കൂടെ അവിടെ എത്തിയിട്ടുണ്ട്. ..... (തടസ്സം) .....ഇത് വണ്ടിക്കൂലിയായിട്ടു കൊടുത്തതാണെന്ന് വിചാരിച്ചോളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: എഴുതിത്തരാത്ത ആരോപണങ്ങൾ ഉന്നയിക്കാൻ പാടില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഞാൻ ആരുടേയും പേരിൽ ആരോപണം ഉന്നയിച്ചില്ല.....(ബഹളം)....ആരാന്റെ തലയിൽ പഞ്ഞി എന്നു പറയുമ്പോൾ ശ്രീ. മുസ്തഫ എന്തിനാണ് തപ്പി നോക്കുന്നത്?. ലിസ്റ്റ് കൊടുത്തതിൽ മുസ്തഫയും ഉണ്ടോ? ഇല്ലെങ്കിൽപ്പിന്നെ എന്തിനാണ് ബഹളം വയ്ക്കുന്നത്? അപ്പോൾ, അങ്ങനെ ഇവിടെ ഒരു പരിഷ്കാരം നടന്നു. ഈ രാജ്യത്തെ ആശുപത്രികളുടെ സ്ഥിതി യെന്താണ്? അത് അന്വേഷിക്കാൻ മുഖ്യമന്ത്രിക്കു സമയമുണ്ടോ? കഴിഞ്ഞ 8-10 മാസക്കാലമായി പ്രതിഛായ മാറ്റാൻ, മുഖച്ഛായ മാറ്റാൻ, സ്വന്തം കക്ഷിക്കാരുടെ കഴുത്തിനു പിടിക്കാൻ, എ-ക്കാരെ ഒതുക്കാൻ ഇങ്ങനെ എല്ലാമായി ഓടി നടന്ന മുഖ്യമന്ത്രിക്ക് ഒരൊറ്റ ആശുപത്രിയെങ്കിലും സന്ദർശിക്കാൻ സമയം കിട്ടിയിട്ടുണ്ടോ? ഇല്ല. ഇനി കിട്ടാനും പോകുന്നില്ല. കിട്ടണമെന്ന് താൽപര്യവുമില്ല. തന്റെ ചുറ്റും ഉഗ്രപ്രതാപശാലികളായ പോലീസ്സുകാർ, അതിനുമുൻപേ വിദഗ്ദ്ധൻമാരായ ഡോക്ടർമാർ, ഇങ്ങനെ ഒരു പരിവാരത്തെ സംരക്ഷിച്ച് നിറുത്തി, അതിൽ അഭിമാനം കൊള്ളുന്ന ഒരുതരം അല്പത്വത്തിന്റെ പ്രതീകമായി ഈ സ്വഭാവത്തെ വ്യാഖ്യാനിക്കുന്നത് ഒരധികപ്പറ്റാകുകയില്ല. എൻ. ഡി. പി. നായൻമാരുടെ സംഘടനയൊന്നുമല്ല. ഞങ്ങളാരുമില്ല അതിൽ. അതു പോകട്ടെ. ഇവർ അവസാനം പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

പണി എന്താണെന്ന് അറിയാമോ? മെഡിക്കൽ വകുപ്പ് വിട്ടു കൊടുക്കാതിരിക്കാൻവേണ്ടി ശ്രീ. നാരായണപ്പണിക്കരെ വിളിച്ചു പറഞ്ഞു, ആ പേരിങ്ങു തരണം. എന്നിട്ട് മന്ത്രിയെ ശ്രീ. ബാലകൃഷ്ണപ്പിള്ളയുടെ കൂടെ സത്യപ്രതിജ്ഞ ചെയ്യിപ്പിക്കാമെന്ന്. ശ്രീ. നാരായണപണിക്കർ ഉടുത്തൊരുങ്ങി പേരുമായി വന്നു. പേരുകൊം വാങ്ങിച്ചുവെച്ചിട്ട് ശ്രീ. രാമചന്ദ്രൻപിള്ളയെയും ശ്രീ. കർത്തായെയും വിളിച്ചു പറഞ്ഞു. ശ്രീ. രാമചന്ദ്രൻ നായരുടെ പേരാണ് വന്നിരിക്കുന്നത്; വേണ്ടത് ചെയ്തോളൂ എന്ന്. ഉടനെ അവർ ഓടി. ഇങ്ങനെ ഓരോരുത്തരേയും തമ്മിൽ തല്ലിച്ച് ഈ വകുപ്പ് കൈയിൽ വച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ലോനപ്പൻനമ്പാടൻ: സർ, എൻ. ഡി. പി. എന്നുവച്ചാൽ നായന്മാരെ ദ്രോഹിക്കുന്ന പാർട്ടി എന്നല്ലേ അർത്ഥം?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അതു തെളിഞ്ഞു കഴിഞ്ഞ കാര്യമല്ലേ? ഇനി അത് പ്രത്യേകിച്ച് പറയാനുണ്ടോ? അതുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കാര്യത്തിൽ അഭിമാനിക്കാം. എന്തെന്നുവച്ചാൽ സ്വന്തം പാർട്ടിയെ നമ്പാതെ മറ്റു പാർട്ടികളുടെ സഹായംതേടി അവരുടെ അടുക്കളപ്പണി ചെയ്തോ, വടക്കേ വശത്തുനിന്നോ, പാത്രം കഴുകിക്കൊടുത്തോ ആണെങ്കിൽപ്പോലും, കേരളത്തിന്റെ ചരിത്രത്തിൽ കോൺഗ്രസ്സുകാരനായ ഒരു മുഖ്യമന്ത്രി ഇത്രയുംകാലം ഭരിച്ചിട്ടില്ല. ശ്രീ. കെ. കരുണാകരൻ ഭരിക്കുന്നത് കോൺഗ്രസ്സിനെ നമ്പിയല്ലതാനും. കോൺഗ്രസ്സിനെ നമ്പിയായിരുന്നു ശ്രീ. കരുണാകരൻ നിന്നിരുന്നതെങ്കിൽ ലീഗുകാരന്റെ വടക്കു വശത്തുചെന്ന് ഓച്ചാനിച്ചുനിന്ന് അവർ പറയുന്നതിനെല്ലാം എറാൻമൂളി, കേരള കോൺഗ്രസുകാരൻ പറയുന്നതും ഹർദ്ദിക്കുന്നതും കേട്ട് നാണംകെട്ട തരത്തിൽ നിൽക്കുമായിരുന്നില്ല. ആത്മാഭിമാനം പണയപ്പെടുത്തുന്ന തരത്തിൽ നിൽക്കുന്നതിന്റെ ഫലമായി കോൺഗ്രസ്സുകാരന്റെ മേൽവിലാസത്തിൽ ഒരു മുഖ്യമന്ത്രിയായി ഇപ്പോഴും തുടരാൻ കഴിയുന്നുവെന്ന് അഭിമാനിക്കാം. ആത്മാഭിമാനമുള്ളവർക്ക് ചേരുന്നതല്ലെങ്കിലും അതിൽ കവിഞ്ഞ് ഇതിന് ഒരു ഗുണവുമില്ല. മെഡിക്കൽ വകുപ്പ് ഒരു വലിയ വകുപ്പാണ്. നല്ല ചുറുചുറുക്കുള്ള, ഇതിനുവേണ്ടി സമയം എടുക്കാൻ കഴിയുന്ന ഒരാളെ ചുമതല ഏൽപ്പിച്ചില്ലെങ്കിൽ ഈ വകുപ്പിന്റെ പ്രവർത്തനം ശരിയാക്കാൻ കഴിയുകയില്ല. കേരളത്തിലെ 3 കോടിയോളം വരുന്ന ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന്റെയും രോഗ പ്രതിരോധ നടപടികളുടേയും ചുമതല വഹിക്കുന്ന വകുപ്പാണിത്. സർ, ഞാൻ എന്റെ ജീവിതത്തിൽ ഒറ പ്രാവശ്യമേ മുഖ്യമന്ത്രിയുടെ ഓഫീസിൽ പോയിട്ടുള്ളൂ. മറ്റൊന്നു കൊണ്ടുമല്ല. അവിടെ ചെന്നാൽ കോൺഗ്രസുകാരുടെ തള്ളിൽപെട്ട് ഞെരിഞ്ഞു പോകും. അതുകൊണ്ട് പോകണ്ട എന്നു തീരുമാനിച്ചു. ഞാൻ അവിടെ ചെന്നത് ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥലംമാറ്റം ശുപാർശയ്ക്കു വേണ്ടിയാണ്. ഞാൻ ഈ കാര്യം അദ്ദേഹത്തോട് പറയുകയും അദ്ദേഹം അതിന്മേൽ ഓർഡർ ഇടുകയും ചെയ്തു. പക്ഷേ ഇതുംകൊണ്ട് അവിടെ ചെന്നപ്പോഴാം അവർ പറഞ്ഞു അത് അംഗീകരിക്കുകയില്ലെന്ന്. കാരണം അതിൽ ഒരു പ്രത്യേക അടയാളമുണ്ടത്രെ. ഓർഡറിന് ഒരു പ്രത്യേക അടയാളമുണ്ടെങ്കിലേ അത് നടപ്പിലാക്കാവൂ എന്ന് നിർദ്ദേശമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഓർഡർ തിരിച്ചയച്ചു. അങ്ങനെ ജീവിതത്തിലൊരിക്കൽമാത്രം, ഈ നാല് കൊല്ലത്തിനിടയിൽ, ഒരു പ്രാവശ്യം മാത്രം. ഈ മുഖ്യമന്ത്രിയുടെ ഓഫീസിൽ പോയതാണ്. ഒടുവിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്തുപറഞ്ഞു? ഇടുക്കിയിൽ ജോലിചെയ്യുന്ന ആ ഉദ്യോഗസ്ഥനു സ്ഥലം മാറ്റ ഉത്തരവ് കൊടുക്കുകയില്ലെന്നു മാത്രമല്ല അയാളുടെ ഭാര്യയെ (കാലൊടിഞ്ഞു നിവൃത്തിയില്ലാത്ത ഒരു ജീവനക്കാരിയാണവർ) ദിവസവും വണ്ടികേറി ആറേഴു മൈൽ പിന്നേയും നടന്നു പോകേണ്ട ഒരു സ്ഥലത്തേക്ക് സ്ഥലം മാറ്റുകയും ചെയ്തു. ഇവിടെ ആളുകളെ ദ്രോഹിക്കാൻ വേണ്ടിയുള്ളകാര്യങ്ങളാണ് നടക്കുന്നത്. അതിനപ്പുറമൊക്കെ പിന്നിൽ എന്തെങ്കെയാണുള്ളതെന്ന് എനിക്കറിഞ്ഞു കൂടാ; എന്നോട് ആരെങ്കിലും കാശു ചോദിക്കുകയോ ഞാൻ കാശു കൊടുക്കുകയോ ചെയ്തിട്ടില്ല. .....(തടസ്സം).....ശ്രീ. മുസ്തഫ ചൂടാകേണ്ട കാര്യമില്ല. നമ്മുടെ സംസ്ഥാനത്ത് ഗവൺമെൻറിന്റെ കീഴിൽ 595 ആശുപത്രികളും 70 മറ്റു തരത്തിലുള്ള ഡിസ്പെൻസറികളും 194 പ്രൈമറി ഹെൽത്ത് സെൻറുകളും 45 താലൂക്കാശുപത്രികളും 14 മറ്റു സ്പെഷ്യലിസ്റ്റ് ആശുപത്രികളെന്നു പറയുന്ന ക്ഷയരോഗാശുപത്രികളുംപ്പെടെയുള്ള ആശുപത്രികളും ഉണ്ട്. ഇതിനുപുറമേ 5 മെഡിക്കൽ കോളേജാശുപത്രികളുമുണ്ട്. ഈ ആശുപത്രികളിലെല്ലാം വരുന്ന രോഗികൾക്ക് സംരക്ഷണം നൽകാനും ആരോഗ്യ സംരക്ഷണത്തിനും രോഗ പ്രതിരോധനത്തിനും മുൻതൂക്കം കൊടുക്കണമെന്നുള്ള നയം നടപ്പിലാക്കാനും നടപടിയെടുക്കണം. ഇവിടെ ക്യാൻസർ സെൻറുണ്ട്. നിരവധി വിദഗ്ദ്ധൻമാരായ കഴിവുള്ള ഡോക്ടർമാരുണ്ട്. ഈ കഴിവുകളെല്ലാം പൂർണ്ണമായി വിനിയോഗിക്കുന്നതിന് ആവശ്യമായ ആസൂത്രണവും റിസർച്ചും അതുപോലുള്ള കാര്യങ്ങളും നടത്താനുമുള്ള യാതൊരു സൗകര്യവും കണ്ടെത്തുന്നില്ല. അതിനുവേണ്ടി പരിശ്രമിക്കാറുമില്ല. മട്ടാഞ്ചേരി ആശുപത്രിയിൽ ചെന്നാൽ അറിയാം അവിടത്തെ സ്ഥിതിയെന്താണെന്ന്. അവിടെ തിണ്ണയിൽ കിടക്കുന്ന രോഗികൾക്ക് മഞ്ഞുകാലത്തും മഴക്കാലത്തും വിരിച്ചുകിടക്കാൻ ഒരു ഷീറ്റു കൊടുക്കാൻ ഇല്ല. അവിടത്തെ ഉദ്യോഗസ്ഥൻമാരെയോ ഡിപ്പാർട്ട്മെൻറിനേയോ ഞാൻ കുറ്റം പറയുന്നില്ല. ആനേറോയെയുംകൊണ്ട് വിമാനത്തിൽ പറന്ന് കൊച്ചുമോന് ചോറു കൊടുക്കാൻ 90,000 രൂപ കണ്ടെത്തുന്ന മുഖ്യമന്ത്രിക്ക് ഈ പാവപ്പെട്ട രോഗികൾക്ക് ഷീറ്റ് വാങ്ങിക്കൊടുക്കാനോ വകുപ്പ് പരിശോധിക്കാനോ സമയം കിട്ടിയിട്ടുണ്ടോ? അതുപോലെ അനവധി അനവധി ഉദാഹരണങ്ങളും നിരത്തി വയ്ക്കാനുണ്ട്. കോടിക്കണക്കിന് രൂപ ധൂർത്തടിക്കുന്ന ഈ രാജ്യത്ത് രോഗികൾക്കു മരുന്നു വാങ്ങാൻ കാശില്ല. ഇന്ന് ആശുപത്രിയിൽചെന്നാൽ എന്താണ് കിട്ടുന്നത്? പണ്ട് നിയമസഭയിൽ എല്ലാ പ്രാവശ്യവും പറഞ്ഞു കേൾക്കാറുണ്ട് 'മരുന്നിനു പകരം ശീട്ട്' എന്ന്. ഡോക്ടർമാരെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? മരുന്നു തീർന്നുപോയാൽ അവർ എന്തു ചെയ്യും. 50 ശതമാനം ഡോക്ടർമാർ സേവന തൽപരതയോടെ പ്രവർത്തിക്കുന്നവരാണ്. പക്ഷേ രോഗികൾക്കു കൊടുക്കാൻ അവർക്ക് മരുന്നു കിട്ടുന്നില്ല. അതിനെപ്പറ്റി ശ്രദ്ധിക്കാൻ ഗവൺമെൻറിന് സമയമില്ല; വകുപ്പിന്റെ ചുമതല വഹിക്കുന്ന മുഖ്യമന്ത്രിക്കു സമയമില്ല.

സർ, മെഡിക്കൽ വകുപ്പിന്റെ മേൽ ഇന്നുള്ള ദുർഭരണം അവസാനിപ്പിക്കണം. എൻ.ഡി.പി.ക്കുവേണ്ടി ആരോഗ്യവകുപ്പ് റിസർവ്വ് ചെയ്തുവച്ചിരിക്കുകയാണല്ലോ. എക്സൈസ് വകുപ്പാണെങ്കിൽ എസ്. ആർ. പി. ക്കുവേണ്ടി റിസർവ് ചെയ്തിരിക്കുകയാണ്. എൻ. ഡി. പി. യിലെ നാലുപേരും കൊള്ളാത്തവരാണെങ്കിൽ അഞ്ചാമതൊരാളെ കണ്ടുപിടിച്ച് ആരോഗ്യവകുപ്പിലെ ഭാരിച്ച ചുമതല ഏൽപിച്ച് രോഗികളായ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ താൽപര്യം സംരക്ഷിക്കണം. ആ വകുപ്പ് കാര്യക്ഷമമായി നടത്താൻ നടപടികളും സ്വീകരിക്കണം. ശ്രീ. തെന്നല ബാലകൃഷ്ണ പിള്ള മന്ത്രിയാകാൻ യോഗ്യനാണ്, അദ്ദേഹം നല്ല നായരുമാണ്. ഒന്നാന്തരം നായർ! അദ്ദേഹം മന്ത്രിയാകാൻ വേണ്ടി ഉടുപ്പുവരെ തയ്പിച്ച് കാത്തിരുന്നയാളാണ്. ശ്രീ. രാമചന്ദ്രൻമാസ്റ്റർ ആണെങ്കിൽ നമ്പ്യാരാണ്. അദ്ദേഹത്തിന് ആ വകുപ്പു കൊടുത്താലും മതി. ഇവരെ ആരെയെങ്കിലും ഈ വകുപ്പ് ഏൽപിച്ച് ഈ വകുപ്പ് നന്നാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഒരു ഗവൺമെന്റിന്റെ നേട്ടമെന്നു പറയുന്നത് ആ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം ജനക്ഷേമകരങ്ങളായ കാര്യങ്ങൾ ചെയ്തുവെന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. അവശ വിഭാഗങ്ങൾക്കുവേണ്ടിയും വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയും എന്തെല്ലാം ചെയ്തുവെന്നുള്ളതാണ് ഒരു ഗവൺമെന്റിന്റെ മേന്മ ഉരച്ചു നോക്കാതെ പറയിയ പ്രധാനപ്പെട്ട കാര്യങ്ങൾ. അത്തരം കാര്യങ്ങളെക്കുറിച്ച് എനിക്ക് മുൻപു സംസാരിച്ച ശ്രീ. ഗോവിന്ദക്കുറുപ്പ് ഒന്നും സംസാരിച്ചില്ല. അദ്ദേഹം സ്ഥലംമാറ്റങ്ങളെക്കുറിച്ചാണ് പറഞ്ഞത്. അടിസ്ഥാനപരമായ ഒരു കാര്യത്തെ സംബന്ധിച്ചും അദ്ദേഹത്തിന് വിമർശിക്കാനില്ലായിരുന്നുവെന്നത് ഈ ഗവൺമെന്റിന്റെ ഒരു മേന്മയായി ഞാൻ കണക്കാക്കുകയാണ്. ഹരിജന ക്ഷേമം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയാണ് മുഖ്യമന്ത്രി ഈ ബജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നടത്തിയ പ്രവർത്തനങ്ങളിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള ഇതുപോലെയുള്ള പ്രവർത്തനങ്ങൾ ഒരു കാലത്തും ഉണ്ടായിട്ടില്ല എന്ന് അടിവരയിട്ട് പറയാൻ സാധിക്കും. ഹരിജനങ്ങൾക്കുവേണ്ടി ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് കോൺഗ്രസ്സിനുകൂടി പങ്കാളിത്തമുള്ള 1970-ലെ ഗവൺമെന്റും 1982-ൽ വന്ന മുന്നണി ഗവൺമെന്റുമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന പരമായ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കാര്യമായ ശ്രമം നടത്തിയിട്ടുള്ളതും ഈ കാലഘട്ടത്തിലാണ്. ഹരിജനങ്ങൾക്കു വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ചാണ് എനിക്കു പ്രധാനമായും പറയാനുള്ളത്. എന്ത് ആനുകൂല്യങ്ങൾ ചെയ്താലും അതിൽ പ്രധാനപ്പെട്ടത് വിദ്യാഭ്യാസപരമായി ചെയ്യുന്ന ആനുകൂല്യങ്ങളാണ്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആ രംഗത്ത് വളരെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ലംപ്സംഗ്രാന്റും ഹോസ്റ്റൽ സൗകര്യങ്ങൾക്ക് ഇന്നുള്ള ഗ്രാന്റും 30 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. പാവപ്പെട്ട ബാലവാടികളിൽ പഠിക്കുന്ന ആദിവാസികൾക്ക് ഇതുവരെ കേഷണ ചെലവുകൾക്കായി കൊടുത്തിരുന്നത് വെറും 25 പൈസയായിരുന്നു. അത് ഒരു രൂപയായിട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. അത് വലിയ സംഖ്യയാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും ആശാവഹമായ നേട്ടങ്ങൾ ആ രംഗത്ത് ഉണ്ടായിട്ടുണ്ട്.

ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷമാണ് സ്പെഷ്യൽ കോംപണന്റ് പദ്ധതി വളരെ ഫലപ്രദമായി നടപ്പിലാക്കാൻ തുടങ്ങിയത്. കളക്ടർക്ക് പത്തുലക്ഷം രൂപവരെ സാംഗ്ഷൻ ചെയ്യാൻ അധികാരം കൊടുത്തതുകൊണ്ട് വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

നേട്ടങ്ങൾ ഉണ്ടായി. ശ്രീ. കരുണാകരൻ ഹരിജനക്ഷേമവകുപ്പ് കൈകാര്യം ചെയ്യാൻ തുടങ്ങിയതിനുശേഷമാണ് ട്രൈബൽ സബ് പ്ലാൻ, സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ മുതലായവയൊക്കെ, അധികാര വികേന്ദ്രീകരണം നടത്തിക്കൊണ്ട് ഫലപ്രദമായി നടപ്പിലാക്കാൻ തുടങ്ങിയത്. ഒരുകാര്യം വളരെ വ്യക്തമായി പറയാം. ആദിവാസി കൃഷിക്കാർ പണ്ട് കന്നിനെ ഉപയോഗിച്ച് നിലം പൂട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ടില്ലറും ട്രാക്ടറും ഉപയോഗിക്കാനുള്ള സാഹചര്യം ഉണ്ടാക്കി. പാവപ്പെട്ട ഹരിജന കേന്ദ്രങ്ങളിൽ ടെലിവിഷനുകൾ സ്ഥാപിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്തെ ഏക ട്രൈബൽ ബ്ലോക്ക് അട്ടപ്പാടിയാണ്. അവിടെ കോടിക്കണക്കിന് രൂപ ചെലവാക്കി, അത് പ്രയോജനമില്ലാതെ പോയി എന്ന് ഇവിടെ പലരും ആക്ഷേപം പറഞ്ഞു. ഇന്ന് ഒരു ഐ. എ. എസ്. ഓഫീസറുടെ നേതൃത്വത്തിൽ അവിടെയുള്ള വികസന പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി നടത്താനുള്ള സംവിധാനം ഈ കാലഘട്ടത്തിലുണ്ടായിട്ടുണ്ട്.

ശ്രീ. വി. സി. കബീർ: സർ, രാഘവൻ മാസ്റ്റർ ആദിവാസികളുടെ ക്ഷേമത്തെക്കുറിച്ച് പറഞ്ഞല്ലോ? അട്ടപ്പാടിയിലെ ആദിവാസികൾക്ക് കൊടുക്കുന്ന പണത്തിന്റെ 60 ശതമാനവും അവരുടെ പാർട്ടിയിലെ ആളുകൾതന്നെയാണ് ചൂഷണം ചെയ്യുന്നതെന്ന് അറിയാമോ?

ശ്രീ. കെ. രാഘവൻമാസ്റ്റർ: സർ, കോടിക്കണക്കിന് രൂപ ചെലവാക്കിയത് ആദിവാസികൾക്ക് പ്രയോജനപ്പെട്ടിട്ടില്ല. ആ കാര്യം ഞാൻ സമ്മതിക്കുന്നു. പക്ഷേ അതിന് പരിഹാരം കാണാൻവേണ്ടിത്തന്നെ ഒരു ഐ. എ. എസ്. ഓഫീസറെ ഇതിന്റെ ചാർജ്ജ് വഹിക്കാനും ഉത്തരവാദിത്തത്തോടുകൂടി കാര്യങ്ങൾ ചെയ്യാനുമുള്ള സംവിധാനം ഈ ഗവൺമെന്റാണ് ഉണ്ടാക്കിയിട്ടുള്ളത്.

നിലമ്പൂർ വനത്തിലെ ചോലനായ്ക്കന്മാരുടെ കാര്യം പറയാം. വീടില്ലാതെ ഗുഹകളിലും കാടുകളിലും അലഞ്ഞുതിരിഞ്ഞുനടന്ന ചോല നായ്ക്കന്മാർക്ക് സ്ഥിരമായി താമസിക്കാൻ വീടുകൊടുത്തു. മറ്റുള്ള ആളുകളെപ്പോലെ ജീവിക്കാനുള്ള സംവിധാനം ഉണ്ടാക്കിയത് ശ്രീ. വെള്ള ഈച്ചരൻ മന്ത്രിയായിരുന്ന കാലത്താണ്. കോൺഗ്രസ്സിനുകൂടി പങ്കാളിത്തമുള്ള ഗവൺമെന്റ് മാത്രമാണ് ഈ സംസ്ഥാനത്തെ ആദിവാസികൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ ആത്മാർത്ഥമായ ശ്രമം നടത്തിയിട്ടുള്ളത്. അന്യാധീനപ്പെട്ട ഭൂമി തിരികെ കൊടുക്കാനുള്ള നിയമം പാസ്സാക്കിയത് ശ്രീ. ബേബി ജോൺ റവന്യൂമന്ത്രിയായിരുന്ന കാലത്താണ്. അതിനുശേഷം ശ്രീ. നായനാർ മുഖ്യമന്ത്രിയായി വന്നു. പല ഗവൺമെന്റുകളും വന്നു. പക്ഷേ അതു നടപ്പാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുകപോലും ചെയ്തില്ല. അവരാരും ശ്രമിച്ചിട്ടില്ല. അത് കോൺഡസ്റോറോജിലായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ശ്രീ. കരുണാകരൻ ഹരിജനക്ഷേമ വകുപ്പിനേയും ശ്രീ. പി. ജെ. ജോസഫ് റവന്യൂ വകുപ്പിനേയും ചുമതല വഹിക്കുന്ന ഈ ഗവൺമെന്റാണ് ആ ബിൽ നടപ്പിലാക്കാനുള്ള തീരുമാനം എടുത്തത്. ആ ബിൽ നടപ്പിലാക്കാൻ ക്യാബിനറ്റ് തീരുമാനിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏതാനും ദിവസങ്ങൾക്കുള്ളിൽ റൂംസ് പ്രൊവൈഡ് ചെയ്ത് അത് നടപ്പിലാക്കും. ആദിവാസികളുടെ അടിസ്ഥാനപരമായ കാര്യങ്ങളും കൈകാര്യം ചെയ്യാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്നുള്ളത് ആശാവഹമായ കാര്യമാണ്. ഹരിജനങ്ങളുടെ കാര്യത്തിലും ഗിരിജനങ്ങളുടെ കാര്യത്തിലും ഇത്രയധികം വികസനങ്ങൾ ഉണ്ടായിട്ടുള്ള കാലഘട്ടം ഉണ്ടായിട്ടില്ല.

ശ്രീ. ടി. കെ. ആറുമുഖൻ: എൻ. ആർ. ഇ. പി., ഐ.ആർ.ഡി.പി പദ്ധതികൾ മുഖേന ഹരിജനങ്ങൾക്കും മറ്റു ദുർബലവിഭാഗങ്ങൾക്കും കൊടുക്കാൻവേണ്ടി കേന്ദ്രഗവൺമെന്റിൽനിന്നും 65 കോടി രൂപ തന്നു. അതിൽ 35 കോടി രൂപ ലാപ്സാക്കിയതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. രാഘവൻമാസ്റ്റർ: ഇവിടെ എൻ. ആർ. ഇ. പി. യേയും ആർ. എൽ. ഇ. ജി. പി യെയും സംബന്ധിച്ചിടത്തോളം ഇതേവരെയുള്ള ബാക് ലോഗ് ഫിൽ അപ് ചെയ്ത് വളരെയധികം വീടുകൾ ഈ കാലഘട്ടത്തിൽ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എൻ. ആർ. ഇ. പി. യിലും ആർ. എൽ. ഇ. ജി. പി. യിലും ഇത്രയധികം വീടുകൾ ഉണ്ടായിട്ടുള്ള കാലഘട്ടം ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോയെന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്ത് പരിശോധിക്കണം. ശ്രീമാൻ റായനാർ ഭരിക്കുന്ന കാലത്തും എൻ. ആർ. ഇ. പി. യും ആർ. എൽ. ഇ. ജി. പി.യും ഉണ്ടായിരുന്നല്ലോ. പക്ഷേ എൻ. ആർ. ഇ. പി.യിലും ആർ. എൽ. ഇ.ജി. പി.യിലും ഇത്രയധികം വീടുകൾ ഉണ്ടാക്കിയിട്ടുള്ള കാലഘട്ടം ഇതിനുമുൻപ് ഉണ്ടായിട്ടില്ല. ഓരോ സെറിൽമെന്റിലും എത്രയോ വീടുകൾ ഉണ്ടാക്കിയിട്ടുണ്ട്. വേറൊരു കാര്യംകൂടി പറയാനാഗ്രഹിക്കുകയാണ്. ഇവിടെ ആദിവാസികൾക്ക് നാലായിരത്തോളം വീടുകൾ അനുവദിച്ചിരുന്നു. ആ വീടുകൾ പൂർത്തിയാകാതെ കിടക്കുകയായിരുന്നു. പക്ഷേ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ ഹരിജനക്ഷേമവകുപ്പ് കൈകാര്യം ചെയ്യാൻ തുടങ്ങിയപ്പോൾ ഒരു വീടിന് 22,000 രൂപ ചെലവാക്കിക്കൊണ്ട് പി. ഡബ്ലിയു. ഡി. യെക്കൊണ്ട് വീടുകൾ ഉണ്ടാക്കിച്ചു. അങ്ങനെ 22,000 രൂപയുടെ, കോൺക്രീറ്റ് കെട്ടിടത്തിൽ ആദിവാസികൾ താമസിക്കുകയാണ്. ഇതൊരു നല്ല തുടക്കമാണ്. മുൻ കാലങ്ങളിൽ പോരുന്ന വീടുകളും ഇടിഞ്ഞുപൊളിഞ്ഞ് വീഴുന്ന വീടുകളുമൊക്കെയാണ് ഉണ്ടാക്കികൊടുത്തിരുന്നത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കാലത്ത് മാനന്തവാടിയിൽ മുരിക്കിന്റെ തടികൊണ്ടുണ്ടാക്കിയ വീട് നൽകുകയുണ്ടായി. കുറെക്കഴിഞ്ഞപ്പോൾ അത് ഇടിഞ്ഞുപൊളിഞ്ഞു വീണു. അതുപോലെയല്ല കോൺക്രീറ്റ് കൊണ്ടുള്ള വീടുകളാണ് ആദിവാസികൾക്ക് മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഭരിക്കുന്ന ഈ കാലഘട്ടത്തിൽ ഉണ്ടാക്കിക്കൊടുത്തിട്ടുള്ളതെന്ന സത്യം മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു പ്രധാനകാര്യമെനിക്ക് പറയാനുള്ളത് ആദിവാസികളുടെയും ഹരിജനങ്ങളുടെയും ഉന്നമനത്തിനുവേണ്ടി, ആദിവാസികളുടെയും ഹരിജനങ്ങളുടെയും ഓരോ കുടുംബങ്ങളിൽനിന്നും ഒരാൾക്കെങ്കിലും ജോലി കൊടുക്കുവാനുള്ള സംവിധാനം ഗവൺമെന്റ് ആവിഷ്കരിക്കണമെന്നുള്ളതാണ്. ഇവിടത്തെ ആദിവാസികളെ സംബന്ധിച്ചിടത്തോളം ഇന്ന് പല ഡിപ്പാർട്ടുമെന്റുകളും പരിശോധിച്ചു നോക്കിയാൽ വേണ്ടത്ര പ്രാതിനിധ്യം കിട്ടിയിട്ടില്ലെന്ന് വളരെ വ്യക്തമായി കാണുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ 86356 പേസ്റ്റുകളുള്ളതിൽ വെറും 190 പോസ്റ്റുകളിൽ മാത്രമാണ് ആദിവാസികളുള്ളത്. നിയമപ്രകാരം 1700 പോസ്റ്റുകളോളം ആദിവാസികൾക്ക് കിട്ടണം. അതിൽ 190 പോസ്റ്റുകൾ മാത്രമാണ് കിട്ടിയിട്ടുള്ളത്. അതുപോലെതന്നെ കൃഷിവകുപ്പിൽ 7237 നോൺ ഗസറ്റഡ് പോസ്റ്റുകളുണ്ട്. പക്ഷേ ആദിവാസികൾക്ക് കിട്ടിയത് വെറും ഏഴു പോസ്റ്റുകളാണ്. അതുപോലെ നോക്കുമ്പോൾ ഒരു കാര്യം വളരെ വ്യക്തമായി പറയാൻ സാധിക്കും. ആദിവാസികൾക്ക് സ്പെഷ്യൽ റിക്രൂട്ടുമെൻറ് എസ്. സി./എസ്. റ്റി. ക്കായി നടത്തുന്നുവെങ്കിൽത്തന്നെയും അർഹമായ പ്രാതിനിധ്യം കിട്ടുന്നില്ല. ആദിവാസികളുടെയിടയിൽ വിദ്യാഭ്യാസം കിട്ടിയ ആൾക്കാരില്ലെന്നാണ് പറയുന്നത്. അത് ശരിയല്ല. ഇക്കഴിഞ്ഞ റിവ്യൂ കമ്മിറ്റി ഈ കാര്യത്തെ സംബന്ധിച്ച കണക്ക് പരിശോധിക്കുകയുണ്ടായി. ആ പരിശോധനയുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എസ്. എസ്. എൽ. സി. പാസ്സായ ആദിവാസികൾ ഏതാണ്ട് 2369 പേരുണ്ട്. പ്രീ ഡിഗ്രി പാസ്സായിട്ടുള്ള 134 കുട്ടികളുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ആകെ 6646 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എനിക്കൊരു നിർദ്ദേശം വയ്ക്കുവാനുള്ളത് ഹരിജനകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ പഴയ കുലത്തൊഴിലുകളും പഴകിയ ജീവിതരീതിയും മാറ്റി അവൻറെ ജീവിതത്തിന് ഒരു ഉണർവും ഉൻമേഷവും ഉണ്ടാക്കണമെങ്കിൽ പുതിയ രീതിയിലേക്ക് അവൻറെ ജീവിതം മാറേണ്ടതായിട്ടുണ്ട്. ഒരു പ്യൂണായാലും ശരി അല്ലെങ്കിൽ ഒരു അറ്റൻഡറായാലും ശരി എന്തെങ്കിലുമൊരു ചെറിയ ജോലി എല്ലാ കുടുംബങ്ങൾക്കുംകൊടുക്കുവാനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെൻറാലോചിക്കണം. എന്നാൽ മാത്രമേ ഹരിജനക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധ്യമാകുകയുള്ളൂ. വിദ്യാഭ്യാസത്തിലും ജോലി കൊടുക്കുന്ന കാര്യത്തിലും അവർക്ക് മുൻഗണന നൽകണം. കാരണം വിദ്യാഭ്യാസം ലഭിച്ചാൽ മാത്രമേ ഹരിജനങ്ങൾക്കും ആദിവാസികൾക്കും മുന്നോട്ടു വരുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് അവരുടെ ഓരോ കുടുബത്തിലുമുള്ള വിദ്യാഭ്യാസം ലഭിച്ച ഒരാൾക്കെങ്കിലും ജോലി കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പരിപാടി ആവിഷ്കരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഹരിജനങ്ങളുടെയും ആദിവാസികളുടെയും വിദ്യാഭ്യാസപരമായ കാര്യങ്ങൾക്ക് മുൻതൂക്കം നൽകണം. വിദ്യാഭ്യാസകാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നതോടൊപ്പം ഹരിജൻ-ഗിരിജൻ ഹോസ്റ്റലുകളെ സംബന്ധിച്ചുള്ള ഒരു കാര്യം കൂടി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ആ ട്രൈബൽ ഹോസ്റ്റലുകളിൽ പി. എസ്. സി. ഹാൻഡ്സ് വന്നിട്ടില്ല. ട്രൈബൽ ഹോസ്റ്റലുകളിൽ പി. എസ്. സി. ഹാൻഡ്സ് വന്നിട്ട് 6 കൊല്ലമായിരിക്കയാണ്. കുട്ടികളെ കൊണ്ടുപോയി സ്കൂളിൽ ചേർക്കാനും അതുപോലെതന്നെ ഹോസ്റ്റലുകളിൽ ചേർക്കാനുമുള്ള സമയമാണ് സ്കൂൾ തുറക്കുന്ന കാലഘട്ടം. പി. എസ്. സി. ഹാൻഡ്സ് ഇല്ലാത്തതുകൊണ്ട് എംപ്ലോയ്മെൻറ് ഹാൻഡ്സ് വരുന്നത് സ്കൂൾ തുറന്നതിനുശേഷമാണ്. അതുകൊണ്ട് പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. പാവപ്പെട്ട ആദിവാസികളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസപരമായ കാര്യത്തിന് മുൻതൂക്കം നൽകുമ്പോൾ അവരുടെ ഹോസ്റ്റൽ സൗകര്യംകൂടി വർദ്ധിപ്പിക്കണം. പല ഹോസ്റ്റലുകളിലും അവർക്ക് ഇരുന്ന് എഴുതാനും വായിക്കാനും ഒരു സ്റ്റൂൾപോലും ഫർണീച്ചറായിട്ടില്ല. വാർധനു ഇരിക്കാനുള്ള ഫർണിച്ചർ പോലുമില്ലാത്ത ഹോസ്റ്റലുകളുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ഈ ഹോസ്റ്റലുകൾക്ക് പ്രത്യേകമായ

LIBRARY ARCHIVES Kerala Legislative Assembly

പരിഗണന നൽകുകയും സ്ഥിരം കെട്ടിടങ്ങളില്ലാത്ത ഹോസ്റ്റലുകൾക്ക് കെട്ടിടം നൽകുകയും ഫർണീച്ചറില്ലാത്ത ഹോസ്റ്റലുകൾക്ക് ഫർണീച്ചർ നൽകുകയും അതുപോലെതന്നെ വാർഡന്മാരായി പി. എസ്. സി. ഹാൻഡ്സിനെ അവിടെ നിയമിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. എം. കെ. കേശവൻ: സർ, മുഖ്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച നാല് ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. ഇവിടെ എന്റെ ബഹുമാന്യനായ സുഹൃത്ത് രാഘവൻ മാസ്റ്റർ സംസാരിച്ച് അവസാനിപ്പിച്ച സ്ഥലം ഒരു കാര്യത്തെക്കുറിച്ച് ഓർത്തുപോയി. സർ, ഈ രാജ്യത്തെ ഹരിജനങ്ങൾക്ക് നീതി ലഭിക്കുന്നില്ലെന്ന അവർ കടലാസിൽ എഴുതിക്കൊടുത്ത എത്രയോ അപേക്ഷകൾ കൈവശം വച്ചുകൊണ്ടാണ് ഹരിജനങ്ങൾക്കുവേണ്ടിയുള്ള അസംബ്ലി കമ്മിറ്റിയുടെ ചെയർമാൻ ഈ സഭയിൽ നിന്നുനിന്ന് മനസ്സാക്ഷിക്കെതിരായി സംസാരിച്ചതെന്ന് ഞാനോർക്കുകയാണ്. നീതി ലഭിക്കാത്തതുകൊണ്ട് ഈ കമ്മിറ്റി പരിശോധിച്ച് തങ്ങൾക്ക് നീതി വാങ്ങിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എത്രയോ അപേക്ഷകൾ ഈ കമ്മിറ്റി മുമ്പാകെ ഇപ്പോഴും അവശേഷിക്കുന്നു! അതിന് നടപടിയെടുക്കേണ്ടത് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയാണ്. അദ്ദേഹം ഇക്കാര്യത്തിൽ താൽപര്യമെടുക്കണമെന്ന് നമുക്ക് പറയാമെങ്കിലും അദ്ദേഹത്തിനത് സാധ്യമല്ല. കാരണം ഇക്കഴിഞ്ഞ രണ്ടു ദിവസങ്ങളിലും ഇന്നും ഇവിടെ ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചുകൊണ്ട് ചർച്ച ചെയ്യുന്ന എല്ലാ വകുപ്പുകളുടേയും ഉത്തരവാദിത്വം മുഖ്യമന്ത്രിയുടെ തലയിലാണ്. ഈ വകുപ്പുകളുടെ കൂമ്പാരം കാരണം അദ്ദേഹത്തിന് ഈ പ്രശ്നങ്ങളിൽ ഏതിലെങ്കിലും തിരിഞ്ഞുനോക്കാൻ പോലും കഴിയുന്നില്ല. സ്വന്തം കർഷകരുടെയും പാർട്ടിക്കാരുടെയും വഴക്ക് തീർക്കാൻ വേണ്ടി മാത്രം നടക്കുമ്പോൾ നമ്മുടെ ഹരിജനങ്ങൾക്ക് നീതി ലഭിക്കുന്നില്ലെങ്കിൽ ആരെയും കുറ്റപ്പെടുത്തേണ്ട കാര്യമില്ല. അതുകൊണ്ട് കോൺഗ്രസ് ഐ-ക്കകത്ത് ഏതെങ്കിലും ഹരിജനമായിട്ടുള്ള എം. എൽ. എ. മാരുണ്ടെങ്കിൽ അവരുടെ കയ്യിൽ ഹരിജൻ വകുപ്പെങ്കിലും ഏൽപിച്ചുകൊടുത്ത് ഹരിജനങ്ങൾക്ക് നീതി ലഭ്യമാക്കണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. രാഘവൻമാസ്റ്റർ ഹരിജനമല്ല, പട്ടികവർഗ്ഗക്കാരനാണ്. അത് കൊടുക്കുകയില്ലെന്ന് നേരത്തെ തീരുമാനിച്ചതുമാണ്. സർ, ഇവിടെ നമ്മുടെ റവന്യൂ കമ്മിറ്റി കഴിഞ്ഞമാസംനടത്തിയ പരിശോധനയിൽ നിന്നും ഒരു കാര്യം വ്യക്തമായിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ന്യായമായി ഹരിജനങ്ങൾക്ക് 10% സംവരണം കൊടുക്കണമെന്ന് വ്യവസ്ഥയിരിക്കുമ്പോൾ അത് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ സൂപ്പർന്യൂമററിയായി പോസ്റ്റുണ്ടാക്കിക്കൊടുക്കണം എന്ന വ്യവസ്ഥയുണ്ടായിട്ടും 1970 മുതൽ 1986 വരെയുള്ള കാലയളവിനുള്ളിൽ ന്യായമായ വിഹിതം പല ഡിപ്പാർട്ടുമെന്റിലും കിട്ടിയിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുതന്നെ അത് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹംതന്നെ അത് നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുള്ളതാണ്. പക്ഷേ ഇപ്പോഴും നടപ്പിലാക്കുന്നില്ല. അത് നടപ്പിലാക്കണമെന്ന് പറയുകയല്ലാതെ പ്രാവർത്തികമാക്കുന്നുള്ള മനസ്സില്ലാത്തതുകൊണ്ട് നടപ്പിലാക്കുന്നില്ല.

മറ്റൊരു കാര്യം ഞാൻ പറയാം. ഹരിജൻവർഷത്തിൽ അദ്ദേഹംതന്നെ നമ്മളെയൊക്കെ കനകക്കുന്നു കൊട്ടാരത്തിൽ വിളിച്ചുകൂട്ടി ഒരു

LIBRARY ARCHIVES Kerala Legislative Assembly

കാര്യം പ്രഖ്യാപിച്ചു. ഹരിജനങ്ങളായിട്ടുള്ള ആളുകൾക്ക് ജോലിയുണ്ടാക്കിക്കൊടുക്കുവാനുള്ള പുതിയ പദ്ധതിയായി ''ധന്വന്തരിസെൻറും ഹരി-ശ്രീ ബങ്കും ഒക്കെ സ്ഥാപിക്കുമെന്ന്''. ഈ പേരു സത്യത്തിൽ കേട്ടിട്ടുത്തന്നെ നാണം തോന്നുകയാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഹരിജനങ്ങൾക്ക് കനിഞ്ഞനുഗ്രഹിച്ചുകൊടുത്ത 'ഹരിജനെന്നുള്ള' ഓമനപ്പേരല്ലാതെ എന്തു മാറ്റമാണ് അവർക്കിടയിൽ കാര്യമായി ഉണ്ടായിട്ടുള്ളത്. ഹരിജൻ പെൺകുട്ടികൾക്ക് ജോലി കൊടുക്കാൻവേണ്ടി ധന്വന്തരി സെൻറർ തുടങ്ങുമെന്ന് പറഞ്ഞിട്ട് എന്തായി? കഴിഞ്ഞ ഒന്നര വർഷക്കാലത്തിനിടയ്ക്ക് വെറും രണ്ട് ബസ് വാങ്ങിയിട്ടുണ്ട്. ആ ബസ് വാങ്ങിയതല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല; അതവിടെ കിടക്കുന്നു. ധന്വന്തരിയുമില്ല. സെൻറുമില്ല. മറ്റൊന്ന് ഹരിശ്രീ ബങ്കുകൾ. ഇപ്പോൾ ജില്ലാ കളക്ടർമാർ റോഡരികിൽനിന്ന് ബങ്കുകളെ പെറുക്കിയെറിയുകയാണ്. ഹരിജനങ്ങളെ ഇങ്ങനെ പറ്റിക്കണമോ? ഇതൊന്നും കൊടുത്തില്ലെങ്കിൽ കൊടുത്തില്ലെന്നേയുള്ളൂ. ഹരിജനങ്ങളെ പറ്റിക്കണ്ടെയാതൊരു കാര്യവുമില്ല. അതുപോലെതന്നെ ഹരിജനങ്ങൾക്ക് കേസുണ്ടായാൽ ഇപ്പോഴും പോലീസ് സ്റ്റേഷനിൽനിന്ന് നീതിലഭിക്കുന്നില്ല. ഹരിജനാണ് വാദിയെങ്കിൽ അല്ലെങ്കിൽ പ്രതിയെങ്കിൽ അവിടെ നീതി ലഭിക്കുകയില്ലെന്നത് കട്ടായമാണ്. ഇവിടെ എന്തു പറഞ്ഞാലും ശരി ഹരിജനങ്ങളായിട്ടുള്ളവർ പോലീസ് സ്റ്റേഷനിൽചെന്നുകഴിഞ്ഞാൽ ഒരു മൂന്നാംതരം പൗരനു ലഭിക്കുന്നതിനേക്കാൾ മോശമായ രീതിയാണ് അവിടെനിന്ന് കിട്ടുന്നത്. അതുകൊണ്ട് ഹരിജനങ്ങൾക്ക് നമ്മുടെ രാജ്യത്ത് നീതി ലഭിക്കയില്ലെന്ന പരാതി ഞങ്ങൾതന്നെ ഉന്നയിച്ചിട്ടുണ്ട്. പക്ഷേ ഒരു പരിഹാരവും ഉണ്ടായിട്ടില്ല. മറ്റൊരു കാര്യം പറയാം; ഹരിജൻ പെൺകുട്ടികൾ പഠിക്കുന്ന സ്ഥലങ്ങളിൽ ഹോസ്റ്റലുകൾ പണിയാനായിട്ട് സ്ഥലമെടുക്കുകയാണ്. ഞാനൊരു ഉദാഹരണം പറയാം. എറണാകുളത്ത് ഒന്നരക്കൊല്ലം മുമ്പ് സ്ഥലം ഉടമയിൽനിന്ന് സമ്മതംവാങ്ങി എഗ്രിമെൻറ് ചെയ്തതാണ്. ഇതുവരെ ആ സ്ഥലം എടുക്കാനോ അവിടെ കെട്ടിടം പണിയാനോ സാധിച്ചിട്ടില്ല. ഇപ്പോൾ നിലവിലുള്ള കെട്ടിടത്തിൽനിന്ന് ഇങ്ങിറക്കിക്കൊടുക്കണമെന്ന് അതിന്റെ ഉടമ ആവശ്യപ്പെട്ടിരിക്കുന്നു. ഇപ്പോൾ കേസ് കൊടുത്തുകാണുമെന്നാണ് എനിക്ക് തോന്നുന്നത്. ഹരിജനങ്ങൾക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യുമെന്ന് പറയാമെന്നല്ലാതെ അതൊന്നും ചെയ്യുന്ന കാര്യത്തെക്കുറിച്ച് മുഖ്യമന്ത്രിക്ക് ഒട്ടും താൽപര്യമില്ല.

ഗവൺമെൻറിന് താൽപര്യമില്ല; ഹരിജൻ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങൾ മറ്റേതുകാലത്തേക്കാൾ മോശമായിരിക്കുന്നു, മന്ദഗതിയിലായിരിക്കുന്നു. മാത്രമല്ല മുമ്പ് കുറച്ചൊക്കെ പ്രവർത്തനങ്ങൾ നടന്നിരുന്നത് തടസ്സപ്പെടുന്ന രീതിയിൽ കാര്യങ്ങൾ മാറിയിട്ടുണ്ട്.

സർ, മറ്റൊരുകാര്യം പറയാനുള്ളത് ബഹുമാനപ്പെട്ട ഗോവിന്ദക്കുറുപ്പ് പറഞ്ഞതുപോലെ നമ്മുടെ ആശുപത്രികളുടെ സ്ഥിതി വളരെ
11.A.M.] ദയനീയമാണ്. അവിടെ മരുന്നില്ല; രോഗികളോ അങ്ങേകിൽ വളരെ മോശമായിട്ടാണ് പെരുമാറുന്നത്. ആശുപത്രികളിൽ അത്യാവശ്യത്തിന് മരുന്നുണ്ടാകുമെന്ന് ജില്ലാ വികസനസമിതികളിലൊക്കെ പറയാറുണ്ടെങ്കിലും മരുന്നിനു ചെല്ലുന്ന രോഗികൾ തുണ്ടെഴുതാനുള്ള കടലാസുകൂടി കൊണ്ടുചെല്ലേണ്ട ഗതികേടാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രികളിൽ ചില പ്രത്യേകതരം ഡോക്ടർമാർ ആവശ്യമുള്ളിടത്തുപോലും അത്തരം ഡോക്ടർമാരില്ല. രേണക്കാർക്ക് താൽപ്പര്യമുള്ളവരെ സ്വന്തം നാട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരാൻവേണ്ടി ആവശ്യമില്ലാത്തിടത്തുപോലും ഡോക്ടർമാരെ വയ്ക്കുന്നു. സർജൻ വേണ്ടിടത്ത് ഇ. എൻ. റ്റി. സ്പെഷ്യലിസ്റ്റിനെ നിയമിക്കുന്നു; അല്ലെങ്കിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നു. 12 ഡോക്ടർമാരുള്ള വൈക്കത്തെ താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രിയിൽ ഒരു സർജനില്ല. ഒരു സർജനെ നിയമിക്കണമെന്ന് എത്രയോ കാലമായി ആവശ്യപ്പെട്ടിട്ടും അവിടെ ഒരു സർജനെ നിയമിച്ചിട്ടില്ല. ഭരണക്കാർക്ക് താൽപ്പര്യമുള്ള ഡോക്ടർമാരെ തിരുകിക്കയറ്റേണ്ടി വരുമ്പോൾ രോഗികൾക്ക് ആവശ്യമുള്ള ഡോക്ടർമാരെ നിയമിക്കാനൊക്കുകയില്ല. അതുകൊണ്ടാണ് ആശുപത്രികളിൽ ആവശ്യമുള്ള ഡോക്ടർമാരെ കൊടുക്കാത്തത്. അതുപോലെത്തന്നെ മറ്റു സ്റ്റാഫിന്റെ കാര്യം. അവിടെയാണെങ്കിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ വേണ്ടത് 22 പേരാണ്. 6 പേരുണ്ട്. അതുപോലെ മരുന്നില്ല. കാല് സൈക്കിൾ കൊണ്ടുപൊട്ടി ആശ ചെന്നാലുടൻ 45 കിലോമീറ്ററകലെ മെഡിക്കൽ കോളേജാശുപത്രിയിൽ പറഞ്ഞയക്കുന്നു. മരുന്നില്ലാത്തതും സ്പെഷ്യലിസ്റ്റുകളില്ലാത്തതുമാണ് ഇതിനു കാരണം. എക്സ്റേ പ്ലാൻറ് തന്നെ ചില ആശുപത്രികളിൽ പലപ്പോഴും കേടുവന്നിട്ട് രോഗികളെ പുറത്തുള്ള ആശുപത്രികളിൽ പറഞ്ഞയക്കുന്നു. ഇവിടെ കൈകൂലി മേടിച്ചുകൊണ്ട് ആളുകളെ തിരുകിക്കയറ്റുന്നു. ട്രാൻസ്ഫർ വാങ്ങിക്കുന്ന നടപടിയല്ലാതെ മറ്റൊരു കാര്യങ്ങളും നടക്കുന്നില്ല. അതുകൊണ്ട് ആശുപത്രികളിലൊക്കെ ആവശ്യത്തിനുവേണ്ട മരുന്നും, ഡോക്ടർമാരെയും സ്റ്റാഫിനെയും കൊടുക്കാൻ നടപടികളുണ്ടാകണം.

മറ്റൊരുകാര്യം ചൂണ്ടിക്കാണിക്കുവാനുള്ളത് നമ്മുടെ കെ.റ്റി.ഡി.സി. യെക്കുറിച്ചാണ്. അതിനൊരു എം. ഡി.യുണ്ട്. ഔഷധിയുടെ മേലധികാരിയായിരുന്നകാലത്ത് കൃത്രിമം കാണിച്ച് കള്ളം കാണിച്ച് ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്ത വീരശൂരപരാക്രമി! അദ്ദേഹത്തെ അവിടെ ഉറപ്പിച്ചിരുത്തുന്നത് ആരാണ്? മുഖ്യമന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിയുടെ സ്വന്തക്കാരനെന്ന മേൽവിലാസമുപയോഗിച്ചുകൊണ്ടാണ്, വിജിലൻസ് അന്വേഷണത്തിൽ 43 കേസ്സുകൾ തെളിഞ്ഞതിന്റെ പേരിൽ ഡിസ്മിസ്ചെയ്ത ഈ ഉദ്യോഗസ്ഥനെ ഇപ്പോഴും കെ.റ്റി.ഡി.സി.യുടെ മേലധികാരിയായി വച്ചിരിക്കുന്നത്. 1982-ൽ അദ്ദേഹത്തെ നിയമിച്ചു. 3 കൊല്ലത്തേക്കാണ് നിയമിച്ചത്. കാലാവധി കഴിഞ്ഞിട്ടും, തിരിമറിക്കാരനായ ഈ പിള്ള ഇപ്പോഴും ഡയറക്ടറായി തുടരുന്നു. കുമരകത്തുള്ള ടൂറിസ്റ്റ് കോംപ്ലക്സിലെ റബറിൽനിന്നും പാലെടുക്കാൻ ആർക്കാണ് അനുവാദം കൊടുത്തിരിക്കുന്നത്? ഒരു കോൺട്രാക്റ്റ് വ്യവസ്ഥയുമില്ല. ഒരു രേഖയുമില്ല. ഒരു എഗ്രിമെൻറുമില്ല. തോന്നിയ ആൾക്കുവേണ്ടി കൊടുത്തു. അതിനകത്തു കൊള്ളലാഭമെടുക്കുകയാണ്. ഗുരുവായൂരിൽ മുഖ്യമന്ത്രി എപ്പോഴും പോകും. മംഗല്യ എന്ന സ്ഥാപനത്തിനുവേണ്ടി 2 ലക്ഷം രൂപയുടെ സാധനങ്ങൾ വാങ്ങിയില്ലേ? ആര് അതിന് അനുവാദം കൊടുത്തു? 15 ലക്ഷം രൂപയിൽ കൂടുതലെടുക്കാൻ അവകാശമില്ലാത്ത ആ സ്ഥാപനം 25 ലക്ഷം രൂപ ബാങ്കിലോണെടുത്ത് 2 ബോട്ടുകൾ പണിതു. ആ ബോട്ട് ഇപ്പോൾ കാശിന്കൊള്ളില്ല. എന്നിട്ടും കൃത്രിമക്കാരനായ പിള്ള അവിടെയിരിക്കുന്നത് നമ്മുടെ മുഖ്യമന്ത്രിയെ സ്വാധീനമുള്ളതുകൊണ്ടാണ്. ആ ഉദ്യോഗസ്ഥനെ ഉപേക്ഷിക്കേണ്ട കാലം കഴിഞ്ഞുപോയി.

സർ, ഹരിജനങ്ങൾക്കുള്ള 10 ശതമാനത്തെക്കുറിച്ചു പറഞ്ഞു. 10 ശതമാനം ഇവിടെ കൊടുക്കുന്നില്ല. ഹരിജനങ്ങൾക്ക് 8 ശതമാനവും ഗിരിജനങ്ങൾക്ക് 2 ശതമാനവും കൊടുക്കണം. അതൊന്നും കൊടുക്കുന്നില്ല. ഹരിജനങ്ങൾക്ക് കിട്ടികൊണ്ടിരുന്ന ലോണുകൾ പലതും തട്ടിയെടുക്കാൻവേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ശ്രമം നടത്തിയിരിക്കുന്നു. മുഖ്യമന്ത്രി ഇന്നലെ സഭയിൽ ഉറപ്പുനൽകി പൊതുപ്രവർത്തകരോടും രാഷ്ട്രീയപ്രവർത്തകരോടും നീതി പുലർത്തുമെന്ന്. ഇന്നലെ ആലപ്പുഴയിൽ ജോയിക്കുട്ടി ജോസ് എന്നു പറയുന്ന ഒരു അഡ്വക്കേറ്റിനെ പോലീസ് ബലം പ്രയോഗിച്ചു പിടിച്ചുകൊണ്ടു പോയി. ഒരു കട്ടവണ്ടി മുട്ടിയ രോഗിയെ ആശുപത്രിയിലാക്കണമെന്നു പറഞ്ഞതിനാണ് അയാളെ അറസ്റ്റ് ചെയ്തത്. എന്തു നീതിയാണ് ഈ രാജ്യത്ത് നടക്കുന്നത്? അതുകൊണ്ട് നീതി നടത്താൻ കഴിയാത്ത, ഹരിജനദ്രോഹം നടപ്പിലാക്കുന്ന, ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റ് കുളം കോരിയ വഞ്ചകൻമാരായ ആളുകളെ വച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ആരോഗ്യകരമായ പ്രവർത്തനങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുന്നു. ഈ ഗവൺമെന്റിന്റെ 4 വർഷത്തെ ഭരണം വിലയിരുത്തുമ്പോൾ, ആരോഗ്യരംഗത്തു വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളതായി കാണാം. ജനനമരണ നിരക്കുകൾ വളരെയധികം കുറയ്ക്കുവാൻ ഈ ഗവൺമെന്റിന്റെ പ്രവർത്തനഫലമായി സാധിച്ചിട്ടുണ്ട്.

എന്റെ നിയോജകമണ്ഡലത്തിലെ ആശുപത്രികളിലെ ശോചനീയാവസ്ഥയിലേയ്ക്ക് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാസർകോട് ജില്ല നിലവിൽ വന്നപ്പോൾ കാസർകോട് താലൂക്കാശുപത്രിയുടെ ശോചനീയാവസ്ഥയ്ക്ക് മോചനം ലഭിക്കുമെന്നു ഞങ്ങളെല്ലാംവിചാരിച്ചുവെങ്കിലും വലിയ പുരോഗതിയൊന്നുംഉണ്ടായിട്ടില്ല. ആയിരക്കണക്കിന് രോഗികളുടെ അഭയകേന്ദ്രമാണ് കാസർകോട് താലൂക്കാശുപത്രി. ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ച കെട്ടിടങ്ങളും സൗകര്യങ്ങളും മാത്രമാണ് ഇന്നും ആ ആശുപത്രിയിലുള്ളത്. ആ ആശുപത്രിയുടെ ദയനീയസ്ഥിതി മുഖ്യമന്ത്രിക്ക് നന്നായി അറിയാവുന്നതാണ്. അതുകൊണ്ട് കാസർകോട് താലൂക്കാശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അവിടെ ആധുനികരീതിയിലുള്ള ഒരു എക്സ്റേപ്ലാന്റ് അനുവദിച്ചതിൽ ഞങ്ങൾ നന്ദിയുള്ളവരാണ്. കഴിയുന്നതും വേഗം അത് ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടികൂടി സ്വീകരിക്കണം. 200 ബെഡ്ഡുള്ള ഒരു ആശുപത്രി കോംപ്ലക്സിനു വേണ്ടി ആശുപത്രി ഡെവലപ്മെന്റ് കമ്മിറ്റി വളരെക്കാലമായി ആവശ്യപ്പെടുകയാണ്. ഇപ്പോഴും അതിനുള്ള പ്രൊവിഷൻ ബഡ്ജറ്റിൽ ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ട് എന്തെല്ലാം സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽത്തന്നെയും ഈ ബിൽഡിംഗ് കോംപ്ലക്സ് പണിയുന്നതിനുള്ള സാംഗ്ഷൻ നൽകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. ഒരു ലേബർ വാർഡ്, മോഡേൺ ഓപ്പറേഷൻ തീയേറ്റർ, ജനറൽ വാർഡ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ഔട്ട് പേഷ്യൻറ് കം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഡോക്ടർമാർക്കും നേഴ്സുമാർക്കും മറ്റ് സ്റ്റാഫിനുമുള്ള ക്വാർട്ടേഴ്സ് എന്നിവയാണ് പ്രധാനമായിട്ടുള്ള പ്രൊപ്പോസലുകൾ. ഇവിടെ 40 ബെഡ്ഡുള്ള ഒരു ചിൽഡ്രൻസ് വാർഡിന്റെ പണി ഏകദേശം പൂർത്തിയാക്കാറായെങ്കിലും അതിന്റെ വൈദ്യുതീകരണ ജോലികൾ ചെയ്തിട്ടില്ല. അവിടത്തേക്ക് വേണ്ട സ്റ്റാഫിനെ നിയമിക്കുകയോ ഉപകരണങ്ങൾ അനുവദിക്കുകയോ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടില്ല. ഇക്കാര്യത്തിലും ആവശ്യമായ നടപടികളും സ്വീകരിക്കണം. കാസർകോട് ആയൂർവേദാശുപത്രി വർഷങ്ങളായി ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആ ആശുപത്രിക്കുവേണ്ടി എടുത്തിട്ടിരിക്കുന്ന സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള നടപടിയും സ്വീകരിക്കണം. അതോടൊപ്പംതന്നെ കാസർകോട് ആശുപത്രി ഐ. എസ്. എം. ആശുപത്രിയായി ഉയർത്തുകയും വേണം. അവിടെ ആയൂർവേദ മെഡിക്കൽ ഓഫീസ് കൂടി സ്ഥാപിക്കണം എന്ന് കൂടി അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ കാസർകോട് നഗരത്തിന്റെ വെളിയിലുള്ള ഗ്രാമപ്രദേശമായ ചെങ്കിളാ പഞ്ചായത്തിൽ വളരെക്കാലമായി സ്വന്തം കെട്ടിടം വിട്ടുതരാൻ തയ്യാറാണെങ്കിൽ ഒരു ആയൂർവേദ ആശുപത്രി സ്ഥാപിക്കുമെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് നേരത്തെതന്നെ ഉറപ്പു നൽകിയിട്ടുണ്ടെങ്കിലും അതിന് പഞ്ചായത്തും നാട്ടുകാരും തയ്യാറാകാത്തതിനെ തുടർന്ന് ഇന്നുവരെ ചെങ്കിളാ പഞ്ചായത്തിലെ ആയൂർവേദാശുപത്രി സ്ഥാപിക്കപ്പെട്ടിട്ടില്ല. അതിന് അടിയന്തിരമായ നടപടികളും കൂടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതേ ടൊപ്പം തന്നെ അവിടെ ജില്ലാ ഹോമിയോ ആശുപത്രിയും വളരെ വേഗത്തിൽ സ്ഥാപിക്കണം. അത് കാസർകോട് തളങ്കരയിലുള്ള വളാങ്കോട് എന്ന സ്ഥലത്ത് സ്ഥാപിക്കണമെന്ന് നേരത്തെ തന്നെ എല്ലാവരും ആവശ്യപ്പെട്ടതാണ്. അക്കാര്യം പ്രത്യേകം കണക്കിലെടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. 1986—87 സാമ്പത്തിക വർഷത്തിൽ മാനസിക രോഗികളേയും കുഷ്ഠ രോഗികളേയും പുനഃരധിവസിപ്പിക്കാനുള്ള നടപടികളുടെ ഭാഗമായി എറണാകുളം, ആലപ്പുഴ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ സൗകര്യമേർപ്പെടുത്താനുള്ള നടപടികളും സ്വാഗതാർഹമാണ്. അത് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ഒരു നേട്ടമായി കേരളീയർ തീർച്ചയായും കാണുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അടിയന്തിരമായി ഇത് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നാലു വർഷത്തിനുള്ളിൽ 23 പ്രൈമറി ഹെൽത്ത് സെന്ററുകളും ആരംഭിക്കുകയും 100 റൂറൽ ഡിസ്പെൻസറികളും പ്രാഥമിക ആരോഗ്യ ഡിസ്പെൻസറികളും ആയി ഉയർത്തുകയും 1984—85-ൽ നാല് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ആരംഭിക്കുകയും ചെയ്തു. 1986—87-ൽ 144 പ്രൈമറി ഹെൽത്ത് സെന്ററുകളും ആറായിരം സബ് സെന്ററുകളും തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് ഉടൻതന്നെ ആരംഭിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. നാലു വർഷത്തിനുള്ളിൽ 20.14 ലക്ഷം വിദ്യാർത്ഥികളെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ഒരു റഫറൽ ഹോസ്പിറ്റലായി മാറ്റുകയും ചെയ്ത ഈ ഗവൺമെന്റിന്റെ നടപടിയെ തീർച്ചയായും അഭിനന്ദിക്കേണ്ടതുണ്ട്. 34 ആയൂർവേദ ഡിസ്പെൻസറികളും 36 ഹോമിയോ ഡിസ്പെൻസറികളും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അനുവദിക്കാൻ കഴിഞ്ഞത് ഏറ്റവും വലിയ ഒരു നേട്ടമായി കാണുകയാണ്. കേരളത്തിൽ ഈ കാലഘട്ടത്തിൽ ആരോഗ്യ വകുപ്പ് വളരെയേറെ കാര്യക്ഷമമായി പ്രവർത്തിക്കുകയുണ്ടായി. എന്നാൽ ആശുപത്രികൾക്കു അനുവദിച്ച ഫണ്ടുകളുടെ തുകയും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ ഫണ്ട് അനുവദിക്കാനുള്ള നടപടികളും കൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങളും ഇത്രയേറെ കാര്യക്ഷമമായി പ്രവർത്തിച്ച കാലഘട്ടവും കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. 4 വർഷത്തിനിടയ്ക്ക് കാസർകോട് അടക്കം

LIBRARY ARCHIVES Kerala Legislative Assembly

44 സംയോജിത ശിശുവികസന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. 5.5 ലക്ഷം പേർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചു. കാസർകോട് ഒരു അന്ധ വിദ്യാലയമുണ്ട്. അതിലെ പ്രശ്നങ്ങൾകൂടി ബഹുമാനപ്പെട്ട സാമൂഹ്യ ക്ഷേമവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുക യാണ്. കേരളത്തിലെ വളരെ അപൂർവമായ വിദ്യാലയങ്ങളിലൊന്നാണ് കാസർകോട്ടുള്ള അന്ധവിദ്യാലയം. അന്ധവിദ്യാലയത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾ വളരെ കഷ്ടപ്പെട്ട് പഠിച്ചുവരികയാണ്. അവിടെ ആൺകുട്ടികളും പെൺകുട്ടികളും ഒരേ ഹോസ്റ്റലിലാണ് താമസി ക്കുന്നത്. അടിയന്തിരമായി അന്ധവിദ്യാർത്ഥിനികൾക്ക് പ്രത്യേക ഹോസ്റ്റൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതോ ടൊപ്പം അന്ധവിദ്യാലയത്തെ വികസിപ്പിക്കാനും നടപടിയെടുക്കണം. അതിന് ഒരു കോംപൗണ്ട് വാൾ ഇല്ലാത്തതുകൊണ്ട് പാവപ്പെട്ട വിദ്യാർത്ഥികൾ വളരെയേറെ കഷ്ടപ്പെടുകയാണ്. അവിടെ ഒരു കോംപൗണ്ട് വാൾ കൂടി സ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട സാമൂഹ്യ ക്ഷേമവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നാലു വർഷംകൊണ്ട് ഏകദേശം 1400-ഓളം വികലാംഗർക്ക് ഏഴു ലക്ഷം രൂപ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി സഹായിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത് തീർച്ചയായും അഭിനന്ദിക്കേണ്ടതാണ്. വികലാംഗരായ വിദ്യാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഏർപ്പെടുത്തിയ സ്കോളർഷിപ്പ് പദ്ധതിപ്രകാരം 115.35 ലക്ഷം രൂപ വിതരണം ചെയ്തു. 24173 വിദ്യാർത്ഥികൾക്ക് ഇത്മൂലം ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ ഇനിയും ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. 5-1-1984 വരെ സർവ്വീസിൽ ഉണ്ടായിരുന്ന വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടപ്പാക്കിയത് ഏറ്റവും വലിയ ഒരു മാനുഷിക പരിഗണന എന്ന നിലയിൽ കേരളത്തിലെ പാവപ്പെട്ട വികലാംഗരോട് കാണിക്കുന്ന ഏറ്റവും വലിയ നീതിയായി നാം കാണേണ്ടതുണ്ട്. അർഹരായ മുഴുവൻ അഗതികൾക്കും വികലാംഗർക്കും നൽകിവരുന്ന പെൻഷൻ തുകകൾ വർദ്ധിപ്പിക്കാൻവേണ്ട നടപടിയെടു ക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. സാധു ക്കളായ വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തുകൊടുക്കുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഒരു വർഷത്തിൽ 150 ലക്ഷം രൂപ അനാഥരായ ആളുകളെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങൾക്കും ഗവൺമെന്റ് നൽകി വരുന്നുണ്ട്. ഈ അനാഥ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഹരിജൻ—ഗിരിജൻ ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അവർക്കുവേണ്ടി ഇത്രയേറെകാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞ ഒരു മുഖ്യമന്ത്രി ഇൻഡ്യയിൽ ഉണ്ടോ എന്ന് ഞാൻ സംശയിക്കുകയാണ്. ഹരിജനങ്ങളുടെ കാര്യത്തിൽ ഇത്ര യേറെ താൽപ്പര്യം എടുക്കുന്ന മുഖ്യമന്ത്രിയ്ക്ക് ഐക്യജനാധിപത്യ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇനിയും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്ന് ഞങ്ങൾക്ക് പൂർണ്ണവിശ്വാസമുണ്ട്. അതുപോലെതന്നെ ടൂറിസം വികസന വകുപ്പിന്റെ കാര്യം. കാസർകോട് ഗസ്റ്റ് ഹൗസ് പണിയാൻ വളരെക്കാലം മുൻപ്തന്നെ ഗവൺമെന്റ് തീരുമാനിച്ചതായിരുന്നു. അവിടെ വരുന്ന ഉദ്യോഗസ്ഥൻമാർക്കും അതുപോലെതന്നെ മന്ത്രിമാർക്കുമെല്ലാം താമസസൗകര്യത്തിന് ഇന്ന് വളരെയേറെ വിഷമത അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് വളരെ നേരത്തെതന്നെ പണിയാൻ തീരുമാനിച്ച ആ ഗസ്റ്റ് ഹൗസിന്റെ പണി

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കാനുള്ള നടപടികളും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്.

ശ്രീ. വി. സി. കബീർ; സർ, അഞ്ച് ധനാഭ്യർത്ഥനകളേയും ഞാൻ എതിർക്കുന്നു. നമ്മുടെ ആരോഗ്യ വകുപ്പ് ഇന്ന് ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനു പകരം ജനസംഖ്യാ വർദ്ധനവ് തടയുന്നതിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കേരളത്തിലെ 3 കോടിയോളം ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് ആരോഗ്യ വകുപ്പ് യാതൊന്നും ചെയ്യുന്നില്ല. മുഖ്യമന്ത്രിയുടെ കൈയിൽ ആ വകുപ്പ് കിട്ടിയതോടുകൂടി അത് കുട്ടിച്ചോറായിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വക്കാണമാണ്. ഡയറക്ടമാർ തമ്മിൽ വക്കാണമാണ്. അവിടെ മൂപ്പിളമത്തർക്കമാണ്. നമ്മുടെ ആരോഗ്യ വകുപ്പിൽ രണ്ടു ഡയറക്ടർമാരാണുള്ളത്. ഡോക്ടർ ജോർജ്ജ് റിട്ടയർ ചെയ്തതിനുശേഷം അവിടെ ഡോക്ടർ ജോർജ്ജിന് പകരം ഡോ: സുരേന്ദ്രനാഥിനെ നിയമിച്ചു. അതിനെ സംബന്ധിച്ച് തർക്കമാണ്. അവിടത്തെ സീനിയോറിറ്റി ലിസ്റ്റിൽ ഡോക്ടർ ലില്ലി തോമസ്, ഡോക്ടർ വിനോദിനി രാഘവൻ, ഡോക്ടർ സുരേന്ദ്രനാഥ് ഇങ്ങനെയാണ് സീനിയോറിറ്റി. മുഖ്യമന്ത്രിയുടെ ശിങ്കിടി എന്ന നിലയിൽ ഡോക്ടർ സുരേന്ദ്രനാഥിനെ അവിടെ അഡീഷണൽ ഡയറക്ടറായി നിയമിച്ചു. എന്നിട്ട് ഡയറക്ടരുടെ ചാർജ്ജ് കൊടുത്തു. ഡോക്ടർ സുരേന്ദ്രനാഥ് മന്ത്രിയുടെ പാർശ്വവർത്തി എന്ന നിലയിൽ, ശിങ്കിടി എന്ന നിലയിൽ അവിടെ ഡയറക്ടറായി ചാർജ്ജ് എടുത്തു. സർ, കേരള ഹൈക്കോടതിയിലെ ഡിവിഷൻ ബഞ്ച് വ്യക്തമായി പറഞ്ഞു സീനിയോറിറ്റി അനുസരിച്ച് മാത്രമേ നിയമനം നടത്താവൂയെന്ന്. പക്ഷേ മുഖ്യമന്ത്രി സമ്മതിച്ചില്ല. അവിടെ ഭയങ്കരമായി പല കൃത്രിമങ്ങളും നടക്കുന്നു. എന്നിട്ട് ഇപ്പോഴും ഗവൺമെന്റിന്റെ ചെലവിൽ സുപ്രീം കോടതിയിൽ കേസിനുപോയിരിക്കുകയാണ്. ഒരു വ്യക്തിയെ എന്തിനാണ് ഇത്രയധികം താങ്ങുന്നത്? മുഖ്യമന്ത്രി കൈക്കൂലി വാങ്ങിയെന്ന് ഞാൻ പറയുന്നില്ല. പറയാൻ പാടില്ലല്ലോ. മുഖ്യമന്ത്രിയുടെ ഓഫീസിലെ വാസുദേവൻ നായർ എന്നയാളും ഡോക്ടർ സുരേന്ദ്രനാഥും കൂടി ഈ കഴിഞ്ഞ ഡോക്ടർമാരുടെ സ്ഥലം മാറ്റത്തിൽ ലക്ഷക്കണക്കിന് രൂപ ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ജനങ്ങളും പറയുന്നു, പത്രങ്ങളും പറയുന്നു. ഇതിന്റെ അർത്ഥം എന്താണ്? ആരോഗ്യ വകുപ്പിൽ ഇങ്ങനെ കൈക്കൂലി ആയാൽ എങ്ങനെയാണ് നിലനിൽക്കാൻ കഴിയുക? കോടതിയുടെ തീരുമാനം പോലും സ്വീകരിക്കാതെ പാർശ്വവർത്തികളുടെ തോന്നിയതു പോലെ വിളയാടാനുള്ള ഒരു വിളനിലമായി നമ്മുടെ ആരോഗ്യ വകുപ്പിനെ തരം താഴ്ത്തിയത് അപമാനകരമാണ്. അതുപോലെ നമ്മുടെ ആശുപത്രികളുടെ സ്ഥിതി എന്താണ്? ആശുപത്രികളിൽ ഇന്ന് മരുന്നുണ്ടോ? ഇഞ്ചക്ട് ചെയ്യാൻ സിറിഞ്ചുണ്ടോ? മരുന്നിന്റെ പ്രിസ്ക്രിപ്ഷൻ എഴുതാൻ പോലും കടലാസില്ല എന്ന ദുരവസ്ഥ നമ്മുടെ സംസ്ഥാനത്ത് ആദ്യമാണ്. സർ, പാലക്കാട് ജില്ലാ ആശുപത്രിയിൽ കാല് എടുത്ത് കുത്താൻവയ്യ. മറ്റേർണിറ്റി വാർഡിൽ മാത്രമല്ല ജനറൽ വാർഡിൽ പോലും കാലെടുത്ത് കുത്താൻവയ്യ. പാലക്കാട് ജില്ലാ ആശുപത്രിയിൽ പുതിയ സ്വീപ്പർമാർ വന്നിട്ടുണ്ട്. അവിടെ പുതിയതായി നിയമനം കിട്ടാതെ, പി. എസ്. സി. അപ്പോയ്ന്റ്മെന്റ് ഇല്ലാതെ വന്നിട്ടുള്ള സ്വീപ്പർമാർ പന്നികളാണ്. ആ പന്നികൾ നടത്തുന്ന ശുചീകരണം പോലും

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ മറ്റു ജീവനക്കാർ നടത്തുന്നില്ല. ആ പന്നികളെ ഗവൺമെന്റ് സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നാണ് ഒരു ജന പ്രതിനിധിയായ എന്റെ അഭ്യർത്ഥന. കാരണം, അവരാണ് ഏറ്റവും നല്ല സേവനം ചെയ്യുന്നത്. അതുപോലെ തന്നെ പാലക്കാട് ജില്ലാ ആശുപത്രിയിൽ അമ്മമാർ പ്രസവിച്ചാൽ കുട്ടികളെ കുളിപ്പിക്കണമെങ്കിൽ ഒരു കുടം വെള്ളം വിലക്ക് വാങ്ങണം. അപമാനകരമല്ലേ? അവിടെ ആശുപത്രിയിൽ സഹോദരങ്ങൾ പ്രസവിച്ച് കഴിഞ്ഞാൽ കുഞ്ഞുങ്ങളെ കുളിപ്പിക്കാൻ വെള്ളം ആശുപത്രിയിൽ ഇല്ല. വെളിയിൽ നിന്നും വിലയ്ക്കു വാങ്ങേണ്ട ദുരവസ്ഥ ഇന്ത്യാ രാജ്യത്ത് എവിടെയെങ്കിലുമുണ്ടോ? അതിനെക്കുറിച്ച് ഗുരുതരമായി ആലോചിക്കേണ്ട അവസ്ഥയാണിന്നുള്ളത്. സർ, മുഖ്യമന്ത്രി പാർശ്വവർത്തികളെ സഹായിക്കുന്നില്ലെന്നൊന്നുമല്ല. ഇനിയുമുണ്ട് ഉദാഹരണം. നമ്മുടെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒരു സൂപ്രണ്ടുണ്ട്. ആ സൂപ്രണ്ട് മുഖ്യമന്ത്രിക്ക് വേണ്ടപ്പെട്ട ആളാണ്. ഡോക്ടർ കൊച്ചുനാരായണൻ. അദ്ദേഹത്തെ ഇവിടെനിന്നും സ്ഥലം മാറ്റേണ്ടിവന്നു. ഉടനേ ജില്ലാ ജനറൽ ആശുപത്രിയിൽ ഡെപ്യൂട്ടി ഡയറക്ടറുടെ പോസ്റ്റ് വന്നു. ജില്ലാ ആശുപത്രിയിൽ ഡെപ്യൂട്ടി ഡയറക്ടറുടെ പോസ്റ്റുണ്ടോ? എന്നാൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഡോക്ടർ കൊച്ചുനാരായണനെ സ്ഥിര പ്രതിഷ്ഠ നടത്തുന്നതിനുവേണ്ടി ഡെപ്യൂട്ടി ഡയറക്ടറുടെ പോസ്റ്റ് ഉണ്ടാക്കി ഡോക്ടർ കൊച്ചുനാരായണനെ ഇവിടെ തന്നെ ഇട്ട് കറക്കുകയാണ് അത് സാജനപക്ഷപാതമാണെന്ന് കുറ്റപ്പെടുത്താൻ ഞാൻ മടിക്കുന്നില്ല, സർ, ഇങ്ങനെ ഡയറക്ടർമാരുടെ കിടമത്സരത്തിനുള്ള വേദിയായി പാർശ്വവർത്തികൾക്ക് അഴിഞ്ഞാടാനുള്ള വേദിയായി ആരോഗ്യ വകുപ്പ് താഴ്ന്നിട്ടുണ്ട്.

നമ്മുടെ ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സ്ഥിതിയെന്താണ്? ധാരാളം വിദേശികളെ ആകർഷിച്ച് വിദേശനാണ്യം നേടാൻ പ്രകൃതി കനിഞ്ഞരുളിയ ധാരാളം സമ്പത്ത് നമ്മുടെ സംസ്ഥാനത്തുണ്ട്. ഇന്ന് ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കെ. ടി. ഡി. സി. എന്നു പറയുന്ന ഒരു സ്ഥാപനമുണ്ട്. ഈ കെ. ടി. ഡി. സി. വെള്ളാനയാണോ? വെള്ളാനയാണ്. നമുക്കറിയാം. കെ. ടി. ഡി. സി.യിൽ ഒരു മാനേജിംഗ് ഡയറക്ടറുണ്ട്. അദ്ദേഹം ഔഷധിയിലെ കൊലകൊമ്പനായിരുന്നു. അവിടെ കട്ട് മുടിച്ചു. അദ്ദേഹത്തെക്കുറിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഉദ്യോഗസ്ഥൻമാർ അന്വേഷണം നടത്തി. എന്നിട്ട് ഒരു തീരുമാനം ഗവൺമെന്റിനെ അറിയിച്ചു. ആ നിവേദനത്തിന്റെ ചുരുക്കം വായിക്കാം. ബഹുമാന്യനായ നമ്മുടെ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് കൊടുത്ത നിവേദനത്തിലെ ഒരു ഭാഗമാണ് താഴെ പറയുന്നത്:

In view of the fact detailed in the various paragraphs of the report, Shri S. K. Pillai, who is now under suspension should in no case be allowed to rejoin duty as Managing Director of the Corporation. His action testified that he is not at all suitable to hold the post of Managing Director in any corporation.

സർ, അങ്ങനെ ഒരു കോർപ്പറേഷനിലും മാനേജിംഗ് ഡയറക്ടർ ആകാൻ അർഹതയില്ലെന്ന് പറഞ്ഞ ഒരു മണ്ഡ ശിരോമണിയെ, കട്ടുമുടിക്കാൻ മാത്രം പരിശീലനം നേടിയ എസ്. കെ. പിള്ളയെ പിടിച്ച് മാനേജിംഗ് ഡയറക്ടറാക്കിയ മുഖ്യമന്ത്രീ, താങ്കളെക്കുറിച്ച് ഞാൻ എന്ത് പറയാൻ? താങ്കളുടെ പ്രായമെങ്കിലും ഞാൻ ബഹുമാനിക്കണ്ടേ. ഇന്ന് എന്താണ് അവിടെ നടക്കുന്നത്? 'കമിഴ്ന്നുവീണാൽ കാൽപ്പണം' എന്ന്

LIBRARY ARCHIVES Kerala Legislative Assembly

കേട്ടിട്ടുണ്ട്. എസ്. കെ. പിള്ള തൊട്ടതിലൊക്കെ കാൽപ്പണം മാത്രമല്ല ലക്ഷങ്ങൾ കട്ടുമുടിക്കുകയാണ്. ബംഗ്ലാവുകളും മണിമന്ദിരങ്ങളും കാറുകളും മറ്റ് പലതും പലതുമുണ്ട്. മര്യാദയുടെ പേരിൽ ഞാൻ അതൊന്നും സഭയിൽ പറയുന്നില്ല. ഇന്ന് ടൂറിസം ഡിപ്പാർട്ട്മെന്റ് ഒന്നുമല്ലാതായിരിക്കുന്നു. ഹനുമാൻ അമ്പലം വിഴുങ്ങി അവസാനം ഒന്നുമില്ലാതായ പ്ലേറ്റ് കൽത്തൂണ് വിഴുങ്ങാൻ ശ്രമിച്ചു എന്ന് പറയുന്നതു പോലെ അദ്ദേഹം അവിടെ ഇനി എന്താണ് കട്ടുതിന്നാത്തത്? നല്ല ആണുങ്ങൾ കട്ടുതിന്നാത്ത വല്ല ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരും ഉണ്ടെങ്കിൽ അവരെ അവിടെ നിയമിച്ചുകൂടേ? മസ്ക്കറ്റ് ഹോട്ടൽ മുതൽ മലമ്പുഴ ഗാർഡൻഹൗസ് വരെ ഇന്ന് അടച്ചുപൂട്ടേണ്ട സ്ഥിതിയാണ്. മുഖ്യമന്ത്രിയോട് ഇതു സംബന്ധിച്ച് ഞാൻ പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ 25 കൊല്ലമായി വളരെ നല്ല രീതിയിൽ നടന്നുവന്നിരുന്ന ഒന്നാണ് ഈ മലമ്പുഴ ഗാർഡൻ ഹൗസ്. ഇന്നത് അടച്ചുപൂട്ടിയിരിക്കുന്നു. കൂടാതെ അവിടെ ജപ്തിനടപടിയും വരുന്നു. റവന്യൂ ഡിപ്പാർട്ടുമെന്റിന് ഒന്നര ലക്ഷം രൂപ കൊടുക്കാനുണ്ട്; മലമ്പുഴ ഗാർഡൻ ഹൗസിലെ ജീവനക്കാരെ മുഴുവൻ തേരാപ്പാര ട്രാൻസ്ഫർ ചെയ്യുകയാണ്; മുമ്പ് ശ്രീ ബാലകൃഷ്ണപിള്ള ചെയ്തിരുന്നതുപോലെ. എസ്. കെ. പിള്ളയ്ക്ക് കൂട്ടുനിൽക്കാത്ത ആരംക്കാരെ നിലയ്ക്കു നിർത്തില്ലെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ഇങ്ങനെ കട്ടുമുടിക്കുന്ന ടൂറിസം ഡിപ്പാർട്ടുമെന്റ് ഈ രാജ്യത്തിന് അപമാനകരമായി തീർന്നിരിക്കുന്നു. അതുകൊണ്ട് നമ്മുടെ യശസ്സിന് കളങ്കം വരാത്തവിധത്തിൽ, നമുക്ക് വിദേശനാണ്യം നേടിത്തരുന്ന നമ്മുടെ ടൂറിസം ഡിപ്പാർട്ടുമെന്റിനെ രക്ഷിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കെ. ടി. ഡി. സി. 1982-83ൽ 60 ലക്ഷം രൂപ നഷ്ടപ്പെടുത്തി. 1983-84-ൽ 80 ലക്ഷം രൂപയും 1984-85ൽ 65 ലക്ഷം രൂപയും നഷ്ടപ്പെടുത്തുകയുണ്ടായി. ഇങ്ങനെയിരിക്കുമ്പോൾ എസ്. കെ പിള്ളയ്ക്ക് ബോട്ടുവാങ്ങാൻ പൂതി. ബോട്ട് വാങ്ങിക്കാൻ പാടില്ല, നമ്മൾ 65 ലക്ഷം രൂപ നഷ്ടത്തിലാണ് എന്ന് ഡയറക്ടർ ബോർഡ് നിർദ്ദേശിച്ചതാണ്. കേന്ദ്രത്തിൽ നിന്ന് ഗ്രാന്റ് വാങ്ങിക്കാമെന്ന് പറഞ്ഞ് ബോട്ട് വാങ്ങിക്കാൻ തീരുമാനമെടുത്ത് പരസ്യം ചെയ്തു. അപ്പോൾ ചുരുങ്ങിയ വിലയ്ക്ക് ബോട്ടുനൽകാൻ ചില കമ്പനികൾ മുന്നോട്ടുവന്നു. അത് സ്വീകരിച്ചില്ല. അദ്ദേഹത്തിന് പ്രത്യേക താൽപര്യമുള്ള ഒരു കമ്പനിയുമായി നെഗോഷിയേറ്റ് ചെയ്ത് അവരിൽ നിന്നും ബോട്ടുകൾ വാങ്ങി അതിൽനിന്നും ലക്ഷക്കണക്കിന് രൂപ അദ്ദേഹം തട്ടിയെടുത്തു എന്നാണ് ആരോപണം. ഇങ്ങനെ തൊട്ടതിൽനിന്നൊക്കെ എസ്. കെ. പിള്ളയും കൂട്ടരും കൂടി വെട്ടിവിഴുങ്ങുന്ന സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് അനുവദിച്ചുകൂടാ. ടൂറിസത്തിന് ധാരാളം സാദ്ധ്യതകളുള്ള നെല്ലിയാമ്പതിയും പറമ്പിക്കുളവും ഇനിയും നമ്മുടെ ടൂറിസ്റ്റ് ഭൂപടത്തിൽ വന്നിട്ടില്ല. അവ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി പ്രഖ്യാപിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. മലമ്പുഴ ഗാർഡൻ ഹൗസ് നമ്മുടെ കൈയിൽ നിന്നും നഷ്ടപെടുത്തി മറ്റൊരെങ്കിലും സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിന് കൊടുക്കാത്തവിധം ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, ഒറ്റപ്പാലം ആയുർവേദ ആശുപത്രിയെ സംബന്ധിച്ച് രണ്ട് വാക്ക് പറയട്ടെ; ഒറ്റപ്പാലം ആയുർവേദ ആശുപത്രിക്ക് മനോഹരമായ ഒരു കെട്ടിട നിർമ്മിച്ചുകഴിഞ്ഞു, പത്ത് കിടക്കകളേയുള്ളൂ. 30 കിട

LIBRARY ARCHIVES Kerala Legislative Assembly

ക്കകം അവിടെ അനുവദിക്കാൻ സൗകര്യമുണ്ട്. അങ്ങനെയൊരു നിവേദനം ഗവൺമെൻറിൻെറ മുമ്പിലുമുണ്ട്. ഒറ്റപ്പാലം ആയുർവേദ ആശുപത്രിയിൽ 30 കിടക്കകം അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഇവിടെ സംസാരിച്ചപ്പോൾ ശ്രീ. രാഘവൻ മാസ്റ്റർ പറയുന്നത് കേട്ടു ഹരിജനങ്ങളെയും ആദിവാസികളെയും മുഖ്യമന്ത്രിയും നിങ്ങളും കൂടെ ഉടലോടെ സ്വർഗ്ഗത്തിൽ കൊണ്ടുപോയി എന്ന്. പബ്ലിക് റിലേഷൻ സിൻെറ ഒരു പ്രസിദ്ധീകരണത്തിൽ പറയുന്നു 260 പേർക്ക് കൽപ്പണിയിലും 11 വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടറിലും പരിശീലനം നൽകി എന്ന്. രാജീവ് ഗാന്ധിയുടെ പിന്നാലെയല്ലേ പോകുന്നത്? ഇവിടെ അവർക്ക് ഉടുക്കാൻ തുണിയോ വിശപ്പടക്കാൻ ആഹാരമോ ഇല്ല. കമ്പ്യൂട്ടറിൽ പരിശീലനം കൊടുക്കുകയാണ്!

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ ഹരിജനങ്ങളും ആദിവാസികളും പണ്ടത്തെ കർഷകത്തൊഴിലാളിയായിത്തന്നെ അവശേഷിക്കണമെന്നാണോ കബീർ മാഷ് പറയുന്നത്.

ശ്രീ. വി. സി. കബീർ: സർ, ഒരിക്കലുമല്ല. നമ്മളെല്ലാം കോൺഗ്രസ്സുകാരല്ലേ, ജനപ്രതിനിധികളല്ലേ? നമ്മുടെ ആദിവാസികളെ ഉയർത്തിക്കൊണ്ടുവരുന്നതിന് ഞാനും നിങ്ങളും അടങ്ങുന്ന സമൂഹത്തിന് ബാദ്ധ്യതയുണ്ട്. അവരുടെ പട്ടിണി ആദ്യം മാറ്റൂ, അവർക്ക് വീടുകൾ കൊടുക്കൂ, ഉടുക്കാൻ തുണി കൊടുക്കൂ, വിദ്യാഭ്യാസം നൽകൂ. 11 ആദിവാസി കോളനികളിൽ ടി. വി. സ്ഥാപിച്ചു എന്ന് പറഞ്ഞു. കുടിക്കാൻ കഞ്ഞിയില്ലാത്തവർക്ക് ടി. വി. യോ? ആദ്യം കുടിക്കാൻ കഞ്ഞി കൊടുക്കണ്ടേ? ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. എന്നിവയെ സംബന്ധിച്ചൊക്കെ ഇവിടെ പറഞ്ഞു. അട്ടപ്പാടി മേഖലയിലെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. കോൺഗ്രസ് (ഐ) ക്കാർ, ഭരണ കക്ഷിയിലെ ആൾക്കാർ, പ്രത്യേകിച്ച് ഇന്ദിരാ കോൺഗ്രസ്സിൻെറ ആളുകൾ അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളിൽനിന്നും അവരുടെ പിച്ചച്ചട്ടിയിൽനിന്നും കൈയിട്ട് വാരുകയാണ്. എത്ര ആരോപണങ്ങൾ വേണമെങ്കിലും നിരത്തിവയ്ക്കാൻ ഞാൻ തയ്യാറാണ്. നിലവിലുണ്ടായിരുന്ന മന്ത്രിമാർക്ക് പല ആരോപണങ്ങളും എഴുതിക്കൊടുത്തിരുന്നു. ആദിവാസികൾക്ക് വേണ്ടി റോഡുകളുണ്ടാക്കിയാൽ, എന്തിന് പശുവിനെ കൊടുത്താൽ, ആടിനെ കൊടുത്താൽ അതെല്ലാം കോൺഗ്രസ് (ഐ) ക്കാർ പലോഭിപ്പിച്ച് തട്ടിയെടുക്കുന്നു. അവിടെ പണം അനുവദിച്ചാൽ അതിൻെറ 65 ശതമാനം ഓഹരിയും കോൺഗ്രസ് (ഐ) ക്കാർ തന്നെ കൊണ്ടുപോകുന്നു. എന്നിട്ട് തമ്മിൽത്തല്ലാണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, ഹരിജനങ്ങൾക്കും ആദിവാസികൾക്കും വസ്ത്രം കൊടുത്താൽ കമ്മീഷൻ കിട്ടുകയില്ല. കമ്പ്യൂട്ടറും ടി. വി. യും വാങ്ങിച്ചാൽ കമ്പനികളിൽനിന്നും കമ്മീഷൻ കിട്ടുമെന്നുള്ള കാര്യം മെമ്പർക്കറിയാമോ?

ശ്രീ. വി. സി. കബീർ: സർ, വളരെ ശരിയാണ്. കമ്മീഷനിലാണല്ലോ കാര്യങ്ങൾ നീങ്ങുന്നത്. ആദിവാസികൾക്ക് പണി കൊടുക്കുന്നതിലായാലും മരുന്നു കൊടുക്കുന്നതിലായാലും ടി. വി. കൊടുക്കുന്നതിലായാലും കമ്മീഷൻ വാങ്ങുകയാണല്ലോ ചെയ്യുന്നത്. അയ്യോ! മഹാത്മാഗാന്ധീ, താങ്കൾ അവിടെനിന്നും ഇറങ്ങിവന്ന് ചില ആളുകളെ ചവിട്ടാനുണ്ടിവിടെ. ഇന്ന് പരാതികൾ നൽകിയാൽ നടപടിയില്ല എന്നതാണ് സ്ഥിതി. ഇപ്പോൾ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഐ. എ. എസ്. ആഫീസറെ അട്ടപ്പാടിയിൽ നിയമിച്ചിട്ടുണ്ട്. കോൺഗ്രസ് (ഐ)ക്കാർ പറയുന്നു ആ ഐ. എ. എസ്. ഓഫീസറെ അടിയന്തിരമായി മാറ്റണമെന്ന്. കോൺഗ്രസ് (എ) ക്കാർ പറയുന്നു യാതൊരു കാരണവശാലും ഐ. എ. എസ്. ഓഫീസറെ മാറ്റാൻ പാടില്ലെന്ന്. ഇതിൽ ആര് പറയുന്നതാണ് ശരി? അഴിമതിക്ക് കൂട്ടുനിൽക്കുന്നതാണ് നിങ്ങളുടെ ഭരണസമ്പ്രദായം. ആദിവാസികളെയും ഹരിജനങ്ങളെയും രക്ഷിക്കുമെന്ന് പറയുന്ന നിങ്ങളുടെ തട്ടിപ്പ് ജനമദ്ധ്യത്തിൽ പൊള്ളയാണെന്ന് തെളിഞ്ഞിരിക്കുന്നു. ആദിവാസികളെ സഹായിക്കുന്ന ഏതൊരു നടപടികളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ആത്മാർത്ഥമായി സഹകരിക്കുന്നതാണ്. ആദിവാസി വിദ്യാർത്ഥികളെ സംബന്ധിച്ചും ഹരിജൻ വിദ്യാർത്ഥികളെ സംബന്ധിച്ചും ഇപ്പോഴ ഗവൺമെൻറിന്റെ കൈയിൽ കണക്കില്ല. ഒന്നാം ക്ലാസ്സുമുതൽ കോളേജുവരെ പഠിക്കുന്ന കുട്ടികളുടെ ഒരു പട്ടിക തയ്യാറാക്കുക, അവർക്കാവശ്യമായ ഗ്രാൻറുകളും, അവർക്ക് പഠിക്കാനാവശ്യമായ മറ്റു സൗകര്യങ്ങളും ഇവ ചെയ്തു കൊടുക്കുക എന്നതിലൊക്കെത്തന്നെ ഹരിജന ക്ഷേമ വകുപ്പ് പരാജയപ്പെട്ടിരിക്കുന്നു. അങ്ങനെ പരാജയപ്പെട്ട, പരാജയത്തിന്റെ കൂമ്പാരത്തിൽ നിൽക്കുന്ന ഒരു ഗവൺമെൻറിന്റെ മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ: ഇ. ജെ. ലൂക്കോസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് ആരോഗ്യമുള്ള ഒരു ജനതതി കെട്ടിപ്പടുക്കാനും മരണനിരക്കു കുറയ്ക്കാനുമൊക്കെ സഹായിക്കുന്ന വിവിധ പദ്ധതികളാ ഇന്ന് ആവിഷ്കരിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കുട്ടികളുടേയും ഗർഭിണികളുടേയും മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് നമ്മുടെ ചികിൽസാപദ്ധതികൾ വളരെയധികം വിജയിച്ചിട്ടുണ്ട്. ഈ സംസ്ഥാനത്ത് ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ഓരോ പഞ്ചായത്തിലും ഓരോ ഡിസ്പെൻസറി (അലോപ്പതിയിലും ആയുർവ്വേദത്തിലും, ഹോമിയോയിലും) വീതം ആരംഭിച്ചുകൊണ്ട് ജനങ്ങൾക്ക് ചികിൽസാസൗകര്യങ്ങൾ ഏർപ്പെടുത്തി. ഇന്ന് കുറെയൊക്കെ സേവനം അതിൽനിന്നും ലഭിക്കുന്നുണ്ട്. പക്ഷേ അന്ന് ആരംഭിച്ച ഡിസ്പെൻസറികളിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾകൂടി ലഭ്യമാക്കണം. ചുരുങ്ങിയത് 10 ബെഡ്ഡ് എങ്കിലും ഓരോ റൂറൽ ഡിസ്പെൻസറിയോടനുബന്ധിച്ചും ആരംഭിക്കണം. ഇവിടെ മറ്റു പലരും സൂചിപ്പിച്ചപോലെ ആശുപത്രികളിൽ ആവശ്യത്തിന് സ്റ്റാഫ്, മരുന്ന് ഇവ എത്തിച്ചുകൊടുക്കുവാനും വേണ്ട നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, ഈ കഴിഞ്ഞവർഷം നമ്മുടെ ഓരോ നിയോജകമണ്ഡലത്തിലും ഓരോ ഡിസ്പെൻസറിയും പ്രൈമറി ഹെൽത്ത് സെൻറായി ഉയർത്തിയിട്ടുണ്ട്. ഇതുപോലെതന്നെ ഈ വർഷവും ആവശ്യമായ കേന്ദ്രങ്ങളിൽ എല്ലാം ഡിസ്പെൻസറികളെ പ്രൈമറി ഹെൽത്ത് സെൻറുകളായി ഉയർത്തുകയും ആ ഉയർത്തിയ സ്ഥാപനങ്ങളിൽ ഓഫീസിനുള്ള കെട്ടിടം, മരുന്ന്, സ്റ്റാഫ് തുടങ്ങിയ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണം. സർ, കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം, ആലപ്പുഴ ജില്ലകളിലെ രോഗികൾക്ക് വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്നതിനുള്ളതാണ് കോട്ടയം മെഡിക്കൽ കോളേജ്. ആ മെഡിക്കൽകോളേജ് ഈ വർഷം രജതജൂബിലി ആഘോഷിക്കുകയാണ്. രജതജൂബിലി ആഘോഷിക്കുന്ന ഈ സ്ഥാപനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലായ്മയുടെ കഥകളേ പറയുവാനുള്ളു. ഇത് സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയ പരേതരായ ശ്രീ. പട്ടം താണുപിള്ള, ശ്രീ. പി. ടി. ചാക്കോ, ശ്രീ. വി. കെ. വേലപ്പൻ തുടങ്ങിയവരെ കൃതജ്ഞതയോടെ സ്മരിക്കുകയാണ്. സർ, അതിനുശേഷം വന്ന ആരോഗ്യമന്ത്രിമാർ, ശ്രീ എം. പി. ഗോവിന്ദൻനായർ, കെ. എം. ജോർജ് തുടങ്ങിയ ആളുകൾ അതിന്റെ വികസനത്തിന് കുറെയൊക്കെ ശ്രദ്ധിച്ചിട്ടുണ്ട്. സർ, മുഖ്യമന്ത്രി ഈ മെഡിക്കൽ കോളേജിന്റെ വികസനപ്രവർത്തനത്തിന് കൂടുതലായി ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. അവിടെ കൂടുതൽ പോസ്റ്റ്ഗ്രാഡ്വേറ്റ് കോഴ്സുകൾ ആരംഭിക്കണം. അതുപോലെതന്നെ ആ മെഡിക്കൽ കോളേജ് ഇന്നും ആസ്ബസ്റോസ് ഷെഡ്ഡിനകത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടു വർഷം മുമ്പ് ആ സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കണമെന്നൊക്കെ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം വന്നതാണ്. സൗകര്യപ്രദമായ മനോഹരമായ കെട്ടിടം നിർമ്മിച്ച് അതിന് ആവശ്യമായിട്ടുള്ള സൗകര്യം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ആ മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന പ്രദേശം ഇന്ന് മൂന്ന് പഞ്ചായത്തുകളിലായി കിടക്കുകയാണ്. അതിരംപുഴ, കുമാരനല്ലൂർ, ആർപ്പുക്കര, ഈ മൂന്നു പഞ്ചായത്തിന്റേയും അധികാരികളും അവിടെയുള്ള ഉദ്യോഗസ്ഥൻമാരിൽനിന്ന് ടാക്സ് പിരിക്കുന്നതൊഴിച്ചാൽ ആശുപത്രിയുടെ അഭിവൃദ്ധിക്കുവേണ്ടിയോ മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുന്നതിനോ ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് 400 ഏക്കർ വിസ്തൃതി വരുന്ന ഏറ്റവും സൗകര്യങ്ങളുള്ള ആ പ്രദേശം ഒരു പ്രത്യേക ടൗൺഷിപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അങ്ങനെ ഒരു പ്രത്യേക ടൗൺഷിപ്പിന്റെ കീഴിൽ കൊണ്ടുവരികയാണെങ്കിൽ, അതിന് പണ്ട് പ്ലാൻ ചെയ്തിട്ടുള്ള മാസ്റ്റർപ്ലാൻ അനുസരിച്ച് വികസനം നടപ്പാക്കാൻ സാധിക്കുമെന്നുള്ള കാര്യം സൂചിപ്പിക്കുകയാണ്. സർ, അതുപോലെതന്നെ മെഡിക്കൽകോളേജ് ആശുപത്രി ഒരു റഫറൽ ആശുപത്രിയായി ഉയർത്തിക്കൊണ്ട് അവിടെയുള്ള ചികിൽസാ സൗകര്യങ്ങളും വർദ്ധിപ്പിക്കണമെന്നുള്ള കാര്യവും സൂചിപ്പിക്കുന്നു. ഇവിടെ ശ്രീ. എം. കെ. കേശവൻ ധന്വന്തരി സെന്റർ പോലുള്ള കാര്യങ്ങളെപ്പറ്റി സൂചിപ്പിച്ചു. കോട്ടയം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് ഒരു ധന്വന്തരി സെന്റർ പ്രവർത്തിക്കുന്നുണ്ട്. ആ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഹരിജനങ്ങൾക്ക് ചികിൽസക്കുള്ള കൂടുതൽ സൗകര്യങ്ങളും, ഹരിജനങ്ങളായിട്ടുള്ള രോഗികൾക്ക് പ്രത്യേക മേൽനോട്ടം വയ്ക്കുന്നതിന് അവിടെ ആളുകളെ നിയമിച്ചിട്ടുണ്ട്. അതുപോലെ ആ ധന്വന്തരി സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരു ആംബുലൻസ് കൂടി വാങ്ങിച്ച് അവിടെ സൗകര്യമായി രോഗികളെ കൊണ്ടുവരാനും കൊണ്ടുപോകാനും ഉള്ള സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെയുള്ള ധന്വന്തരി സെന്റർ കുറേകൂടി ഫലപ്രദമാക്കുന്നതിന് ശ്രദ്ധിക്കണമെന്നുള്ള കാര്യവും സൂചിപ്പിക്കുകയാണ്. സ്ഥലം മാറിപ്പോയ കളക്ടർ ശ്രീ. കെ. ജെ. മാത്യു ചെയർമാനായിട്ടുള്ള അഡൈ്വസറി കമ്മിറ്റിയുടെ കഴിഞ്ഞ രണ്ടുകൊല്ലത്തെ പ്രവർത്തനഫലമായി അവിടെ കുറെ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. പണ്ടുമുതൽക്കുതന്നെ സാമൂഹ്യവിരുദ്ധൻമാർ വിലസിയിരുന്ന ആശുപത്രിയും, ഇതിനകത്തുള്ള ആ രീതിയും മാറ്റിയെടുക്കുന്നതിനുവേണ്ടി വികസന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ശമ്പളം കൊടുത്ത് സെക്യൂരിറ്റി ഗാർഡായി ഏക്സ് സർവ്വീസുകാരെ നിയമിച്ച്, അവിടെ പാസ് നിയന്ത്രണം ഏർപ്പെടുത്തി, ആ പാസ് മൂലം കിട്ടുന്ന തുക ഉപയോഗി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുകൊണ്ടുതന്നെ അവിടത്തെ ഓപ്പറേഷൻ തീയറ്ററിൽ ആവശ്യമായ ജനറേറ്ററുകളും ഏർപ്പെടുത്തുന്നതിനും അതിൽ ഫ്ളൂറസെന്റ് ലൈറ്റ് ഏർപ്പെടുത്തുന്നതിനും അവിടെ ആവശ്യമുള്ള വെള്ളം വിതരണം ചെയ്യുന്നതിനും കുറെയൊക്കെ സാധിച്ചിട്ടുണ്ട്. എങ്കിലും അത് പൂർണ്ണമല്ല. രജതജൂബിലി ആഘോഷിക്കുന്ന കോട്ടയം മെഡിക്കൽ കോളേജിനെ നാലു ജില്ലയിലെ രോഗികളാണ് ആശ്രയിക്കുന്നത്. കോട്ടയം ജില്ലയെ സംബന്ധിച്ചിടത്തോളം, ഏറ്റവും കൂടുതൽ നാണ്യവിളകളും ഉള്ള, സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കിത്തരുന്നഒരു ജില്ല എന്ന നിലയ്ക്ക് അതിന്റെ വികസനപ്രവർത്തനത്തിനുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയാണ്. സർ, അതുപോലെതന്നെ ഡോക്ടർമാർ, നഴ്സുമാർ മാറ് ഉദ്യോഗസ്ഥൻമാർ അവർക്ക് ആവശ്യമായ ക്വാർട്ടേഴ്സുകളും ഇനിയും വേണം. അവിടത്തെ നഴ്സുമാരെ സംബന്ധിച്ചിടത്തോളം അവർക്ക് ഉണ്ടാക്കിയ ഒരു ക്വാർട്ടേഴ്സിന്റെ പണി ഇനിയും പൂർത്തിയാകാതെ അവശേഷിക്കുന്നു. അങ്ങനെ മൊത്തത്തിൽ കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനത്തിന് കൂടുതൽ തുക അനുവദിച്ചുകൊണ്ട്, അതിൽകൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അത് വികസിപ്പിക്കണമെന്നുള്ള കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയാണ്. സർ, അതിരംപുഴ പ്രൈമറി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് 40 ബെഡ്ഡുകളുള്ള കെട്ടിടം നിർമ്മിക്കാൻ ഉള്ള ബഡ്ജറ് സാംഗ്ഷൻ ഉണ്ടെങ്കിലും അതിന് ആവശ്യമായ സ്ഥലം ഇല്ലാത്തതുകൊണ്ട് പൂർത്തിയാക്കാൻ സാധിക്കാതെ വന്നിരിക്കുകയാണ്. അങ്ങനെയുള്ള കാര്യങ്ങളും ശ്രദ്ധിക്കണം.

അതുപോലെ പ്രകൃതി മനോഹരമായ കേരളത്തിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന അനേകം സ്ഥലങ്ങളുണ്ട്. വിനോദസഞ്ചാര ഡിപ്പാർട്ടുമെന്റിന്റെ കണക്കുകളും പരിശോധിച്ചാൽ ഏറ്റവും ലാഭകരമായി നടത്തപ്പെടുന്ന കേന്ദ്രം നമ്മുടെ ഈ സഭയിലെ അംഗമായ മുൻ എക്സൈസ് മന്ത്രിയുടെ നിയോജകമണ്ഡലത്തിൽപെടുന്നതും ഏറ്റുമാനൂർ, വൈക്കം നിയോജകമണ്ഡലങ്ങളുടെ സമീപത്തുള്ളതുമായ കുമരകം ടൂറിസ്റ്റ് കേന്ദ്രമാണ്. അത് നമുക്ക് നൽകിയ അന്നത്തെ കരീം സാഹിബ് അദ്ദേഹം നിർമ്മിച്ച ആ എയർ കൂൾഡ് കെട്ടിടം ഓല മേഞ്ഞ ഏറ്റവും മനോഹരമായ ആ കെട്ടിടം അതുപോലും സംരക്ഷിക്കുന്നതിന് ഈ ഡിപ്പാർട്ടുമെന്റിന് സാധിക്കുന്നില്ല. അതിൽനിന്നുള്ള ആദായം, നാളികേരമായാലും റബ്ബറായാലും കൊക്കൊ ആയാലും അതിൽനിന്നും ആദായം എടുക്കുന്നതൊഴിച്ചാൽ അവിടെ വെള്ളം എത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഈ ഡിപ്പാർട്ടുമെന്റ് ശ്രദ്ധിച്ചിട്ടില്ല. ശ്രദ്ധിക്കണമെന്നുള്ള കാര്യം സൂചിപ്പിക്കുന്നു. കുമരകത്തുനിന്ന് മറ് പ്രദേശങ്ങളിലേക്ക് യാത്രാ സൗകര്യത്തിന് ബസ് സർവ്വീസോ, ബോട്ട് സർവ്വീസോ ഏർപ്പെടുത്താൻ ശ്രദ്ധിക്കണം. വിനോദ സഞ്ചാരികൾക്ക് കരിമീനും കള്ളും ഏറ്റവും നല്ല രീതിയിൽ നൽകാൻ സൗകര്യപ്രദമായ കേന്ദ്രമാണ് കുമരകം. ആ കുമരകത്തേയ്ക്ക് കോട്ടയത്തുനിന്ന് എത്തിച്ചേരാനുള്ള കുമരകം-വെച്ചൂർ റോഡിന്റെ പണി നടത്താനും, അതുപോലെ മൂന്ന് പാലങ്ങളും നിർമ്മിച്ച് ആ ടൂറിസ്റ്റ് കേന്ദ്രവും ആ പ്രദേശവും നല്ല കേന്ദ്രമാക്കി മാറ്റണമെന്ന് അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉള്ള അനാഥാലയങ്ങളിലുള്ള അന്തേവാസികൾക്കു നൽകിക്കൊണ്ടിരിക്കുന്ന ഗ്രാന്റ് വർദ്ധിപ്പിക്കണം, നമ്മുടെ വികലാംഗരായ കുട്ടികൾക്ക് സ്റ്റൈപെന്റ് തുക വർദ്ധിപ്പിക്കണം, കൂടാതെ അവർക്ക് ജോലിസ്ഥിരത നൽകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇനിയും നിയമനം ലഭിക്കാനുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അത് ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ കെ. പങ്കജാക്ഷൻ: സർ, മെഡിക്കൽ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനകളെ പരാമർശിച്ചു സംസാരിക്കുമ്പോൾ തിരുവനന്തപുരത്തെ കഴക്കൂട്ടത്ത് പണിയാരംഭിക്കുമെന്ന് പ്രഖ്യാപിച്ച ആസ്പിരിൻ പ്ലാൻറിൻെറ കഥയിലേക്ക് ബഹുമാന്യപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. അവിടെ സിവിൽ വർക്കുകൾ നടക്കുന്നു. പക്ഷേ ആ പണിതന്നെ പണമില്ലാത്തതുകൊണ്ട് ഇഴഞ്ഞിഴഞ്ഞാണ് നീങ്ങുന്നത്. അതിൻെറ പ്രവർത്തനം ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടു പോകുന്നില്ലെന്ന ഖേദകരമായ അവസ്ഥയാണ് ഉള്ളത്. തിരുവനന്തപുരം പൊതുവേ വ്യവസായ രംഗത്തു വളരെ പിറകോട്ടു നിൽക്കുന്ന പ്രദേശമാണ്. അങ്ങനെയുള്ള പ്രദേശത്ത് അനുവദിക്കപ്പെട്ട ഒരു സ്ഥാപനത്തിൻെറ പ്രവർത്തനം തുടങ്ങാൻ കഴിയാത്ത രീതിയിലുള്ള ദുർഗതിയിലേക്കു പോകുന്ന അവഗണന അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ആശുപത്രികളിൽ ചികിൽസാ സൗകര്യങ്ങളുടെ കാര്യമെടുത്താൽ, പല ആശുപത്രികളിലും ചികിൽസക്കായി നടന്നു ചെല്ലുന്നവരെ തിരികെ ചുമന്നു കൊണ്ടുപോകേണ്ടുന്ന ദുരവസ്ഥയാണ് ഇന്നുള്ളത്.

സർ, നമ്മുടെ ആയുർവേദ ആശുപത്രികളുടെ കഥ പറഞ്ഞാൽ, കഷ്ടായമില്ല, എന്നായില്ല, സമൂഹത്തിലെ താഴെ തലത്തിൽ നില്ക്കുന്നവരാണ് അവിടങ്ങളിൽ ചികിൽസയ്ക്ക് ചെല്ലുന്നത്. ഇത് ഒരു പ്രചരണത്തിനു വേണ്ടി പറയുകയല്ല. അങ്ങ് ഈ വസ്തുത കാര്യമായി പരിഗണിച്ച് നിർദ്ദേശം നൽകണം. നമ്മുടെ ആയുർവേദ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും അവസ്ഥ ഇതാണ്. തിരുവനന്തപുരത്തെ ആയുർവേദ ആശുപത്രിയിൽ പോലും ഈ ഗതികേട് അനുഭവവേദ്യമാക്കുന്നുയെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഈ അടുത്തയിട കൊല്ലത്ത് ലാത്തിച്ചാർജ് നടന്ന അവസരത്തിൽ ഞാൻ അവിടെ ആശുപത്രിയിൽ പോയി ചികിൽസയ്ക്കു വിധേയരായിട്ടുള്ള ആളുകളെ കണ്ടു. അവർക്ക് കുത്തിവയ്ക്കുന്നതിന് എഴുതിക്കൊടുത്ത മരുന്ന് അവിടെയില്ല. വെളിയിൽ പോയി പത്തുപത് രൂപ കൊടുത്ത് വാങ്ങേണ്ടുന്ന അവസ്ഥയാണ് അവിടെയുള്ളത്. ചിലപ്പോൾ, കിട്ടാത്ത മരുന്നുകളാകാം. പക്ഷേ അങ്ങനെയുള്ള സന്ദർഭങ്ങളിൽപോലും ആ മരുന്നുകൾ ചികിൽസയ്ക്കു ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടായേ തീരൂ. സർ, ആയുർവേദ ആശുപത്രികളുടെ കാര്യം പറയുമ്പോൾ എൻെറ മണ്ഡലത്തിലെ കോട്ടൂരുള്ള ആയുർവേദ ആശുപത്രി കെട്ടിടനിർമ്മാണ പ്രശ്നത്തിലേക്ക് അങ്ങയുടെ ശ്രദ്ധ കൊണ്ടുവരികയാണ്. ഏഴെട്ടുകൊല്ലമായി ഈ കെട്ടിട നിർമ്മാണം തുടങ്ങിയിട്ട്. വളരെ നീണ്ടകാലത്തെ നിവേദനങ്ങളുടെ ഫലമായി കെട്ടിട നിർമ്മാണം ഏതാണ്ട് തീർന്നു. പക്ഷേ അവിടെ ഇനിയും വെളിച്ചവും വെള്ളവും കിട്ടാത്തതുകൊണ്ട് അവിടത്തെ പഴയ കെട്ടിടത്തിൽത്തന്നെ ആശുപത്രി പ്രവർത്തിക്കുന്നു. ഇതിന് മാറ്റം ഉണ്ടായേ തീരൂ.

സർ, നമ്മുടെ പി. എച്ച്. സെൻററുകളിലെ അവസ്ഥയാണെങ്കിൽ വളരെ മോശമാണ്. എൻെറ നിയോജക മണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ആര്യനാട് ഡിസ്പെൻസറി ഒരു പി. എച്ച്. സെൻററായി ഉയർത്തി. പക്ഷേ ഒരു സൗകര്യവും അവിടെ ഉണ്ടായിട്ടില്ല. കാട്ടാക്കട ഒരാശുപത്രിയുണ്ട്. അവിടെ കുറെയാളുകളെ കിടത്തി ചികിൽസിക്കുന്നു. അവിടെ ഒരു വനിതാ ഡോക്ടറില്ല. അവിടെ രോഗികൾക്ക് റൊട്ടിയും പാലുമല്ലാതെ ഒരു ഭക്ഷണവും കൊടുക്കുന്നില്ല. ഒന്നിലധികം പ്രാവശ്യം നിവേദനങ്ങൾ നടത്തിയ ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാകണമെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. നമുക്ക് നൂറിൽ ചിലപ്പോൾ കോടി രൂപ മിച്ചമുണ്ടെന്നാണ് പറയുന്നത്. ഈ പണം മിച്ചമുണ്ടാക്കിയത് ആശുപത്രികളിലെ ഭക്ഷണത്തിന് കാശു കൊടുക്കാതെയും കഷ്ടായത്തിന് കഷ്ടായം കൊടുക്കാതെയുമാണോയെന്ന് എനിക്കറിയില്ല. എന്തായാലും ഈ അവസ്ഥ തുടരാൻ പാടില്ല.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനും ഉന്നതിക്കും വേണ്ടി അങ്ങ് ആത്മാർത്ഥമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് അവകാശപ്പെടുന്നതെങ്കിൽ സബ്ജക്ട് കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകളും പോരായ്മകളും ഒഴിവാക്കണം. മാതൃശിശു സംരക്ഷണത്തിനായി നീക്കിവച്ചിട്ടുള്ള തുക കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. കഴിഞ്ഞ കൊല്ലംതന്നെ സാമ്പത്തിക പരാധീനതകൊണ്ട് വെട്ടിക്കുറച്ച തുക, ഇപ്പോൾ അതിനേക്കാൾ കുറഞ്ഞിരിക്കുന്നു. ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനത്തിനായി പട്ടിക ജാതിക്കാർക്കായി, നീക്കിവയ്ക്കുന്നത് പത്തു ലക്ഷത്തിൽ നിന്നും നാലു ലക്ഷമായി കുറഞ്ഞു, ഗിരി വർഗ്ഗ ശിശുക്കളുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ള ഉപപദ്ധതിക്കായി നീക്കിവച്ചിരുന്നത് രണ്ടു ലക്ഷത്തിൽ നിന്നും ഒരു ലക്ഷമായി കുറഞ്ഞു. മാതൃ-ശിശു സംരക്ഷണത്തിന്, കുട്ടികൾക്കുള്ള ആരോഗ്യാധിഷ്ഠിത പദ്ധതിക്ക് പ്രത്യേക ഘടക പദ്ധതി; ഇവയ്ക്കായി നാലു ലക്ഷം രൂപ കൊള്ളിച്ചിരുന്നത് ഒരു ലക്ഷമായി കുറച്ചാണ് ഈ വർഷം വക കൊള്ളിച്ചിട്ടുള്ളത്. കുട്ടികൾക്കുള്ള ആരോഗ്യാധിഷ്ഠിത പദ്ധതി, ഗിരിവർഗ്ഗക്കാർക്കുള്ള ഉപ പദ്ധതി ഇവയ്ക്കു രണ്ടുലക്ഷം ഉണ്ടായിരുന്നത് ഒരു ലക്ഷം രൂപയായി കുറച്ചു. നമ്മുടെ ഗിരിവർഗ്ഗക്കാർക്കും ഹരിജനങ്ങൾക്കുമെല്ലാം അവരുടെ ക്ഷേമം ലക്ഷ്യമാക്കി ആവശ്യത്തിലധികം തുക ചെലവഴിക്കുന്നുവെന്ന് അവകാശപ്പെടുമ്പോൾ യഥാർത്ഥത്തിലുള്ള വസ്തുത ഇതാണെന്ന് സബ്ജക്ട് കമ്മിറ്റി പോലും ചൂണ്ടിക്കാണിച്ചതാണ്. ഞാൻതന്നെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഗിരിവർഗ്ഗ മേഖലയായ മേത്തോട്ടത്ത് ഒരു പബ്ളിക് ഹെൽത്ത് സബ് സെൻറർ അനുവദിച്ചു. അത് ഇനിയും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല. സ്കൂൾ കുട്ടികൾക്കുള്ള് ഹെൽത്ത് കാർഡ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതുകൊണ്ട് ആ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ലെന്ന്, ഗവൺമെൻറ് തന്നെ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞു. എന്നിട്ട് നമ്മുടെ ആരോഗ്യ രക്ഷാ പ്രവർത്തനം ഫലപ്രദമാണെന്ന് അവകാശപ്പെടുന്നതിൽ വല്ല അർത്ഥവുമുണ്ടോ?

സർ, ഇപ്പോൾ വികലാംഗരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കു പോലും വളരെ തുച്ഛമായാണ് തുക നീക്കിവയ്ക്കുന്നത്. 168 കോടി രൂപ മിച്ചമുണ്ടായിരുന്നുവെന്ന് അവകാശപ്പെടുകയും സത്യത്തിൽ കമ്മിയുമായിരുന്ന കഴിഞ്ഞ കൊല്ലത്തെക്കാൾ ഇപ്പോൾ തുക വീണ്ടും കുറച്ചിരിക്കുന്നു. സമൂഹത്തിലെ ദുർബലരായ ജനവിഭാഗങ്ങൾക്കു ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

അർഹമായ പരിരക്ഷ നൽകാൻ കഴിയാത്ത ദുഃസ്ഥിതിയുണ്ടെന്നു പറഞ്ഞാൽ, ഗവൺമെൻറ് ഭാരിച്ച അവകാശവാദങ്ങളും ഉന്നയിക്കുന്നതിൽ അർത്ഥമുണ്ടോ? ഇത് കബളിപ്പിക്കലല്ലേ? യഥാർത്ഥത്തിൽ ഗിരിജനങ്ങളെയും ഹരിജനങ്ങളെയും വികലാംഗരെയും സഹായിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുന്നുവെന്ന് ഗവൺമെൻറ് ആത്മാർത്ഥമായി അവകാശപ്പെടുമ്പോൾ അത് ചിത്രത്തിൻെറ സത്യാവസ്ഥയല്ലെന്ന് അങ്ങയെ ബോധ്യപ്പെടുത്തുവാൻ ഞാൻ ഇത്രയും കാര്യങ്ങൾപറഞ്ഞുവെന്നേയുള്ളൂ.

സർ, നെടുമങ്ങാട് താലൂക്ക് ആശുപത്രിയെക്കുറിച്ച് ഞാനും ശ്രീ. കെ. വി. സുരേന്ദ്രനാഥും ശ്രീ. കോലിയക്കോട് കൃഷ്ണൻ നായരുമെല്ലാം നിരന്തരമായി നിവേദനം നടത്തിയതാണ്. ഒരു താലൂക്ക് ആശുപത്രിയെന്ന് നവകാശപ്പെടാൻ ഒരു സൗകര്യവുമില്ലാത്ത ഒരു സ്ഥാപനമായി അത് അധഃപതിച്ചുകൊണ്ടിരിക്കുന്നു. വിതുരയിൽ ഒരാശുപത്രി നിർമ്മിക്കുവാനുള്ള പ്രവർത്തനം തുടങ്ങിയിട്ട് പണം ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്നു. കരാറുകാർ മുന്നോട്ടു പോകുന്നില്ല. സർ, ഇതൊന്നും ചെയ്യാൻ കഴിയുന്നില്ല. വികസന പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ നമുക്ക് കഴിയുന്നില്ല. എന്നാൽ ആദിവാസികളെയും ഹരിജനങ്ങളെയും സംബന്ധിച്ചിടത്തോളം അവർക്കു അനുഭവിക്കേണ്ടിവരുന്ന പോലീസ് മർദ്ദനങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുവാൻ നമുക്ക് കഴിയുണ്ടോ? തെന്നൂർ എന്നു പറയുന്ന സ്ഥലത്ത് ഒരു ആദിവാസികോളണിയിൽനിന്ന് രണ്ടു യുവാക്കളെ പിടിച്ചുകൊണ്ടുപോയി, പോലീസ് തല്ലിച്ചതച്ചതിനെതിരെ പ്രകടനങ്ങളും നടന്നു. അവരെ മർദ്ദനങ്ങൾക്കു വിധേയരാക്കാതെ രക്ഷിക്കാനുള്ള നടപടികളെങ്കിലും ഉണ്ടാകണം.

സർ, ടൂറിസത്തിൻെറ കാര്യത്തിൽ നമ്മൾ പരിഗണിക്കേണ്ട ഒരു പ്രശ്നം അഗസ്ത്യകൂടത്തിനേതാണ്. അത് വളരെ പ്രധ്യാതമായ ഒരു പ്രദേശമാണ്. എത്രയോ ആളുകൾ നിരന്തരമായി ആ പ്രദേശം ഒരു പിൽഗ്രിമേജ് എന്നപോലെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. ആ പ്രദേശത്തിൻെറ പ്രത്യേകത എന്താണെന്നു വച്ചാൽ പലയിടത്തും കിട്ടാത്ത ഒറ്റമൂലികളുമുണ്ടവിടെ കിട്ടുന്നു. അത് ഒരു ടൂറിസ്റ്റ് സങ്കേതമായി വികസിപ്പിക്കണമെന്നുള്ള ആവശ്യം വളരെ മുമ്പേ നിലവിലുണ്ട്. പക്ഷെ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്, ഗവൺമെൻറ് അടിയന്തിരമായി ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ അവിടെയുള്ള വനപ്രദേശമാകെ ഇല്ലാതാകും. ശ്രീ. കെ. വി. സുരേന്ദ്രനാഥ്തന്നെ കോടതിയിൽപോയിക്കഴിഞ്ഞിരിക്കുന്നു. അവിടെയുള്ള വൃക്ഷലതാദികളെല്ലാം വെട്ടിമുറിച്ചുകളയുന്നതിനു ആളുകൾ ശ്രമിക്കുന്നു. മതവികാരങ്ങൾ കുറെയൊക്കെ ശല്യമുണ്ടാക്കുന്നുണ്ട്. ഹിന്ദു ജനതയുടെ വിഹാര കേന്ദ്രമായി അത് മാറിയെടുക്കാൻ ചില പ്രതിഷ്ഠകൾ നടത്താനുള്ള പരിശ്രമങ്ങളും അവിടെ നടക്കുന്നുണ്ട്. ഇതിൻെറയൊക്കെ അടിയിൽ ഹിന്ദു വികാരമായാലും മുസ്ലീം വികാരമായാലും അതൊക്കെ ഇളക്കിവിട്ട് ആ പ്രദേശത്തെ വെട്ടിവെളുപ്പിക്കുവാനുള്ള പരിശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. അടിയന്തിരമായ നടപടി ഈ കാര്യത്തിൽ സ്വീകരിക്കണം. അതുപോലെ ടൂറിസ പ്രാധാന്യമുള്ള കള്ളിക്കാട്-നെയ്യാർഡാം, പൊൻമുടി, പേപ്പാറ ഈ പ്രദേശങ്ങളും അവഗണിക്കപ്പെടുന്ന ദുർവിധി ഉണ്ടാകരുതെന്ന് ചൂണ്ടിക്കാണിക്കാൻകൂടി ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. ഹരിജന-ഗിരിജന ക്ഷേമ പ്രവർത്തനങ്ങൾക്കു ഊന്നൽ നൽകുന്നുവെന്നു പറയുകയും യഥാർത്ഥത്തിൽ ഫലപ്രദമായ പ്രവർത്തനം നടക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയ്ക്കു മാറ്റം വരുത്താൻ ഈ ഗവൺമെൻറിനു കഴിയാതിരിക്കുന്നു. കോട്ടൂർ ചോനമ്പാറ

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്ന ഗിരിവർഗ്ഗ കേന്ദ്രത്തിൽ ഒരു പെരുപ്പക്കാരൻ ഒരു പെറക്കുടിലിൽ കുറെയേറെ കുട്ടികളെ ഒരു മണിക്കൂർ ഒന്നാം ക്ലാസ്സിലും ഒരു മണിക്കൂർ രണ്ടാം ക്ലാസ്സിലും പഠിപ്പിക്കുന്നു. ഇങ്ങനെ മൂന്നുനാലു ക്ലാസ്സുകളും പഠിപ്പിക്കുന്ന ഏകാംഗ അദ്ധ്യാപനം നടക്കുന്ന ഒരു സ്കൂളുണ്ടുള്ളത്. അതും ഒരു പെറപ്പുരയിൽ. ഹരിജനങ്ങളെയും ഗിരിജനങ്ങളെയുമെല്ലാം വിദ്യാഭ്യാസ രംഗത്ത് ഉയർത്തുന്നതിനു വേണ്ടിയുള്ള നിരന്തരമായ യജ്ഞത്തിലേർപ്പെട്ടിരിക്കുമ്പോൾ ഈ ആദിവാസികേന്ദ്രത്തിൽ ഒരാൾ കുറെയേറെ കുട്ടികളെ മണിക്കൂർ മണിക്കൂറായി പഠിപ്പിക്കുകയാണ്. അതിൽ അങ്ങയുടെ അടിയന്തിരമായ ശ്രദ്ധയുണ്ടാകണം. ഹരിജന ക്ഷേമങ്ങളിൽ, ആദിവാസി ക്ഷേമ പ്രവർത്തനങ്ങളിൽ പോലും ഫലപ്രദമായി ഒന്നും ചെയ്യാതിരിക്കുന്ന ഈ സാഹചര്യത്തിൽ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. സമൂഹത്തിലെ താഴേക്കിടയിലുള്ള ഹരിജന വിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമകരമായ പ്രവർത്തനങ്ങൾക്കും വേണ്ടി വർഷങ്ങളായി വളരെയേറെ സംഖ്യകൾ ചിലവഴിക്കുന്നുവെന്ന് കണക്കുകൾ ഉണ്ടെങ്കിലും അതിന് ആനുപാതികമായ രീതിയിൽ പ്രയോജനം കിട്ടുന്നില്ലെന്നത് ഒരു പരമാർത്ഥമാണ്. പലപ്പോഴും വിവിധ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥൻമാർ ഇയർമാർക്കു ചെയ്യുന്ന സംഖ്യകൾ ചിലവഴിച്ചുവെന്ന് കണക്കെഴുതുക എന്നല്ലാതെ അതിൽ ഒരു ഫോളോഅപ് ആക്ഷനോ ഇവാല്യൂവേഷനോ ഒന്നും ഇവിടെ നടക്കുന്നില്ലെന്നതാണ് സത്യം. സർ, ഈ ഹരിജന കോളനികളെ സംബന്ധിച്ചിടത്തോളം പഞ്ചാൽ കോളനി എന്ന കൺസപ്റ്റ് തന്നെ ഈ കാലത്തിനനുസരിച്ചതല്ല എന്നതാണ് എൻറെ അഭിപ്രായം. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുമായി സമ്പർക്കം പുലർത്താനും വിശാലമായി അവരുമായി ഇടപെടുന്നതുമുള്ള വാതായനങ്ങൾ തുറന്നു കൊടുക്കണം. ഹരിജന വിഭാഗത്തിൽ തന്നെ രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കുന്നതിലാണ് സങ്കടം. കോളനി എന്ന സങ്കൽപംതന്നെ മാറണമെന്നതാണ് എൻറെ അഭിപ്രായം. ഹരിജന വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം കോളനി നിവാസികൾഎന്നും അല്ലാത്തവർ എന്നും രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കരുത്. കോളനി നിവാസികൾ എന്നു പറയുന്നത് അവരെ മനഃശാസ്ത്രപരമായി തളർത്തുകയും ഒരു ഇൻഫീരിയാറിറ്റി കോംപ്ലക്സ് ഉണ്ടാക്കുകയും ചെയ്യുമെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം കോളനി നിവാസികളായാലും ശരി അല്ലെങ്കിലും ശരി അർഹതയുള്ള ആളുകളെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾ എന്ന നിലയ്ക്ക് വർഷങ്ങളായി കഷ്ടത അനുഭവിക്കുന്ന ആളുകളെ അവർ എവിടെ താമസിച്ചാലും ശരി അവർക്ക് ആനുകൂല്യം നൽകുന്ന ഒരു സമ്പ്രദായം ഈ സമൂഹത്തിലുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. എന്നാണ് എൻറെ അഭിപ്രായം. ഇന്ന് പല ഡിപ്പാർട്ടുമെൻറുകളും അവർക്ക് സഹായഹസ്തവുമായി മുന്നോട്ടു വന്നിട്ടുണ്ട്. പക്ഷേ ഒരു കോ-ഓർഡിനേഷൻ ഇല്ല. കൃഷി ഡിപ്പാർട്ടുമെൻറ് ഹരിജനങ്ങൾക്കു കൊടുക്കുന്ന തെങ്ങിൻ തൈകൾ ഹരിജൻ ഡിപ്പാർട്ടുമെൻറ് നൽകുന്ന പശു തിന്നുകയും കമ്മ്യൂണിറ്റി ഡവലപ്പ്മെൻറിനെ കാണിക്കാൻ വേണ്ടി ആ പശുവിനെ തൊഴുത്തുമാറ്റി കെട്ടുകയും ചെയ്യുന്ന സമ്പ്രദായം സമൂഹത്തിലുണ്ട് എന്നകാര്യം നിങ്ങൾ മറക്കരുത്. വിവിധ ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻറെ അഭാവമാണിത്.

LIBRARY ARCHIVES Kerala Legislative Assembly

സർ. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഒരു കോളനിയിൽ ഈ അടുത്തദിവസം ഒരു ടി. വി. സമ്മാനിക്കപ്പെട്ടു. പക്ഷേ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിന്റെ വിമുഖത കാരണം ടി. വി. വർക്കു ചെയ്യാൻ കണക്ഷൻ ലഭിക്കുന്നില്ല. അവിടെത്തന്നെ വേറൊരു സ്ഥലത്ത് കൃഷി ഡിപ്പാർട്ടുമെന്റ്, ഒരു അഗ്രോ സർവീസ് സെന്റർ ഒന്നര ലക്ഷം രൂപ ചെലവുചെയ്ത് നിർമ്മിച്ചു. പക്ഷേ ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാത്തതുകൊണ്ട് പ്രവർത്തനം, നടക്കുന്നില്ല. വിവിധ ഡിപ്പാർട്ടുമെന്റുകളെ തമ്മിൽ കോ-ഓർഡിനേറ്റ് ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ ഹരിജനങ്ങൾക്കു ലഭിക്കുന്ന സംഖ്യയുടെ ആനുപാതികമായ പ്രയോജനം ഇവിടെ ഉണ്ടാകൂ എന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം.

കേരളത്തിലെ ടൂറിസത്തെക്കുറിച്ച് രണ്ടുവാക്ക് പറഞ്ഞുകൊള്ളട്ടെ. പ്രകൃതി അനുഗ്രഹിച്ച ഈ സംസ്ഥാനത്ത് ഏറ്റവും എളുപ്പത്തിൽ വികസിപ്പിക്കാവുന്ന ഒരു വ്യവസായമെന്ന നിലയിൽ ടൂറിസത്തെ ഉപയോഗിക്കാതെ ഇത്രമാത്രം അവഗണിക്കുന്ന വേറൊരു സംസ്ഥാനം നമ്മുടെ രാജ്യത്തില്ലെന്നാണ് എന്റെ അഭിപ്രായം. കാശ്മീരിൽ ഓരോ സീസണിലും ആനുകൂല്യങ്ങൾ നൽകി വിദേശ ടൂറിസ്റ്റുകളെ പോലും ആകർഷിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് നാലോ അഞ്ചോ ഹോട്ടലുകളും പഞ്ചനക്ഷത്ര ഹോട്ടലുകളും നടത്തുന്ന ഒരു ട്രാവലിംഗ് ഏജൻസിയായി മാത്രം ടൂറിസം ഡിപ്പാർട്ടുമെന്റ് അധഃപതിച്ചിരിക്കുന്ന സ്ഥിതി വിശേഷം മാറ്റാൻ എന്തുചെയ്യണമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. സർ, കെ. ടി. ഡി. സി. യെപ്പറ്റിയും തലസ്ഥാനത്തെ മസ്ക്കറ്റ് ഹോട്ടൽ, അക്ഷയ, മംഗല്യ, സായാഹ്ന മുതലായവയെക്കുറിച്ചുമുള്ള റിപ്പോർട്ടുകളും പത്രങ്ങളിൽ വന്നിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഒരു കാര്യം സത്യമാണ്– കെ. ടി. ഡി. സി. യിൽ എന്തോ ഗൗരവതരമായി ചീഞ്ഞുനാറുന്നുവെന്ന വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. കെ. ടി ഡി. സി.യിൽ അഞ്ചുരൂപയ്ക്കും എട്ടുരൂപയ്ക്കുമാണ് പത്താം ക്ലാസ്സും പ്രീഡിഗ്രിയും വരെ പാസ്സായ ചെറുപ്പക്കാർ ജോലി ചെയ്യുന്നത്. പത്തുപന്ത്രണ്ടു കൊല്ലക്കാലം ആ ഹോട്ടലുകളിൽ ഗ്ലാസ്സുകഴുകിയ, വാഹനങ്ങൾ കഴുകിയ ഏകദേശം അമ്പതോളം ജോലിക്കാരെ ഈയടുത്തകാലത്ത് നിഷ്ക്കരുണം പിരിച്ചുവിട്ടു. പുതിയ പുതിയ സ്ഥാപനങ്ങൾ വളരുന്നു. കാരണം എന്താണെന്നോ? പുതിയ സ്ഥാപനങ്ങൾ ഉണ്ടാകുമ്പോൾ പുതിയ റിക്രൂട്ട്മെന്റ് നടത്തണം. അതാണ് അവരുടെ ആവശ്യം. വേറെ ജോലിക്കു സാദ്ധ്യതയില്ലാത്ത ഈ തൊഴിലാളികളെ നിഷ്ക്കരുണം പിരിച്ചുവിട്ട കാര്യത്തെക്കുറിച്ച് ഒന്ന് അന്വേഷിക്കണം. കേരളത്തിലെ സാംസ്ക്കാരിക നഗരമായ തൃശ്ശൂർ, ഗുരുവായൂർ, കൊടുങ്ങല്ലൂർ, മലമ്പുഴ, പീച്ചിയും വന്യമൃഗ സങ്കേത കേന്ദ്രങ്ങളായ ചിമ്മിനി മുപ്പിയം അടങ്ങുന്ന തൃശ്ശിവപേരൂർ പ്രദേശം എന്നിവ ടൂറിസത്തിന്റെ ഭൂപടത്തിലുൾക്കൊള്ളിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. ഞാൻ എം. എൽ. എ. ആയതിനുശേഷം തൃശ്ശിവപേരൂർ ആരംഭിച്ച ടൂറിസ്റ്റു കേന്ദ്രത്തിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുന്നുവെന്ന കാര്യം വളരെ വേദനയോടുകൂടി പറയുവാൻ ആഗ്രഹിക്കുകയാണ്. ജനിച്ചുവീണപ്പോഴത്തന്നെ കേസ്സുകൾ ആരംഭിച്ച തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആവശ്യമായ സ്റ്റാഫ് ഇല്ല, കാർഡ്യോളജിസുകൾ ഇല്ല. കേരളത്തിൽ ഇന്ന് അഞ്ച് മെഡിക്കൽ കോളേജ് ഉണ്ട്, ഹോമിയോ കോളേജും ആയുർവേദ കോളേജും ഉണ്ട്. കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് ലഭിക്കാവുന്ന ജോലി നേഴ്സ്മാരുടേതാണ്. ഇത്രയും വിശാലമായ രംഗത്ത് ഹെൽത്ത് സയൻസിന് ഒരു പ്രത്യേക യൂണിവേഴ്സിറ്റി തൃശ്ശൂർ ആസ്ഥാനമാക്കി ആരംഭിക്കണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

(ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം, മെഡിക്കൽ, കുടുംബക്ഷേമം, പൊതുജനാരോഗ്യം വിനോദസഞ്ചാരം എന്നീ വകുപ്പുകൾക്കുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സർ, എയ്ഡ്സ് രോഗം പിടിച്ച് ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്ന ഒരു രോഗിയെപ്പോലെ ഉൾപ്പോരും തമ്മിൽത്തല്ലുംകൊണ്ട് തകർന്നുതരിപ്പണമായിക്കൊണ്ടിരിക്കുന്ന ഒരു സർക്കാരിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ധനാഭ്യർത്ഥന നടത്തിയിരിക്കുന്നത്. നാലുവർഷം പിന്നിട്ടിരിക്കുന്ന സർക്കാരിന്റെ മുഖച്ഛായ മാറുന്നതിനനുസൃതമായ ഏറ്റവും അത്യാവശ്യ സർവ്വീസായ ആരോഗ്യപരിപാലനത്തിനുപോലും വേണ്ടത്ര തുക ഉൾക്കൊള്ളിച്ചിട്ടില്ലെന്ന് പറയുമ്പോൾ നമ്മുടെ സാമ്പത്തികസ്ഥിതിയുടെ ശോചനീയാവസ്ഥയെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിനെപ്പറ്റിയുള്ള ചർച്ചയാണ്. ഇവിടെ ഭരണപക്ഷത്തു നിന്നും പ്രതിപക്ഷത്തുനിന്നും സംസാരിക്കുന്ന ഒരു കാര്യവും മന്ത്രി ശ്രദ്ധിച്ചിട്ടില്ല. മറുപടി പറയേണ്ടതാണ്. അത് ഇവിടെ ഇരിക്കുന്ന എം. എൽ. എ. മാരെ അപമാനിക്കലാണ്. ആ നടപടി ഒന്നു നിർത്തണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ ഇങ്ങോട്ടു വന്നാൽ പറഞ്ഞതൊക്കെ കുറിച്ചെടുത്തത് കാണിച്ചുതരാം.

ശ്രീ. എസ്. ആർ. തങ്കരാജ്: ഇപ്പോൾ ഒരു പരിഷ്ക്കാരം ഇവിടെ നടപ്പാക്കുന്നത് കേന്ദ്രത്തിന്റെ ചുവടുപറ്റിയുള്ള മന്ത്രിസഭാ പുനഃസംഘടനയാണ്. കേന്ദ്രത്തിന്റെ എടുത്തുപറയേണ്ട ഒരു പരിഷ്ക്കാരം 18 മാസക്കാലത്തിനിടെ 18 മന്ത്രിസഭാ അഴിച്ചുപണികളും നടത്തിയെന്നതാണ്. ഇത് ലോകചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തിരിക്കുന്നുവെന്നുപറഞ്ഞാൽ ഭരണപക്ഷത്തിരിക്കുന്നവരും അതിനെ എതിർക്കുമെന്ന് എനിക്കു തോന്നുന്നില്ല. പ്രധാനമന്ത്രിയുടെ മന്ത്രിസഭാ പുനഃസംഘടനപോലെ കേരള മുഖ്യമന്ത്രിയും മന്ത്രിസഭ പുനഃസംഘടിപ്പിക്കുന്നതിനു നടത്തുന്ന ഹീനമായ പ്രവർത്തനങ്ങൾ ഈ രാജ്യത്ത് പൊതുപ്രവർത്തകരെ ലജ്ജിപ്പിച്ചിരിക്കുകയാണ് എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർക്കണം. സർ, മച്ചിപ്പശുവിനെ തൊഴുത്തുമാറ്റിക്കെട്ടിയാൽ അത് പ്രസവിക്കുമെങ്കിൽ ഇവിടെ മന്ത്രിമാരെ വകുപ്പുകൾ മാറ്റിയിരുത്തിയാൽ ഗുണംപിടിക്കും. വകുപ്പു കൈകാര്യം ചെയ്തത് നശിപ്പിച്ചുവെന്ന് മുഖ്യമന്ത്രിതന്നെ വിധിയെഴുതിയ ഒരു മന്ത്രിക്ക് മറ്റൊരു വകുപ്പ് മാറ്റിക്കൊടുത്താൽ അതുകൊണ്ട് ഗുണം പിടിക്കുമെന്ന് ആരെങ്കിലും വിചാരിക്കുകയാണെങ്കിൽ അവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് ജീവിക്കുന്നത് എന്നല്ലാതെ മറ്റൊന്നും പറയാൻ നിർവ്വാഹമില്ല. പഞ്ചാബ് മുഖ്യമന്ത്രി ശ്രീ. സുർജിത്സിംഗ് ബർണാല തന്റെ സ്ഥാനം സുരക്ഷിതമാക്കുന്നതിനുവേണ്ടി പഞ്ചമഹാപുരോഹിതൻമാരുടെ നിർദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശമനുസരിച്ച് ഗുരുദ്വാരയിൽച്ചെന്ന് ഭക്തജനങ്ങളുടെ ചെരുപ്പുതുടച്ചെ കിൽ നമ്മുടെ കേരളത്തിലെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സ്ഥാനം ഉറപ്പിക്കുന്നതിനുവേണ്ടി, അനഭിമതരായി കേന്ദ്രം പ്രഖ്യാപിച്ച ആളുകൾക്ക് സംരക്ഷണം നൽകിയ മന്ത്രിമാരായ ശ്രീ. യു. എ. ബീരാ നേറയും ശ്രീ. ഇ. അഹമ്മദിനേറയും ഇവിടത്തെ വിദ്യാഭ്യാസം കച്ചവടമാ ക്കിയെന്നു ബഹുജനങ്ങൾ വിശ്വസിക്കുന്ന വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബിനേറയും അതുപോലെ സത്യപ്രതിജ്ഞാലംഘനം നടത്തിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം, യൂത്തുകോൺഗ്രസുകാർ അടക്കം കോൺഗ്രസ് മുഴുവനും ഒരേ സ്വരത്തിൽ പ്രഖ്യാപിച്ച വിദ്യു ച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടേയും ചെരുപ്പുനക്കേണ്ട ഗതികേടിൽ ചെന്നെത്തിയിരിക്കുന്നു. ഇവിടെ രോഗി കളെ സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടാണ് മെഡിക്കൽ വകുപ്പു ഉണ്ടാക്കി യിരിക്കുന്നത്. ആ വകുപ്പിന് ഉറക്കൊള്ളിക്കുന്ന തുക ഓരോവർഷം കഴിയുന്തോറും കുറഞ്ഞുകുറഞ്ഞ് ഈ വർഷം തീരെ ശുഷ്ക്കിച്ച ഒരു തുക യാണ് അതിന് ഉറക്കൊള്ളിച്ചിട്ടുള്ളത്. ഇങ്ങനെ പോയാൽ ഈ രാജ്യത്തെ ആശുപത്രികളുടെയും രോഗികളുടേയും സ്ഥിതി എവിടെച്ചെന്നെത്തുമെ ന്നുള്ളത് ബഹുമാനപ്പെട്ട ചെയർ ഉറപ്പെടെ അന്വേഷിക്കേണ്ട കാര്യമാണ്. അതുകൊണ്ട് ആശുപത്രികൾ, സബ്സെൻറുകൾ, ഡിസ്പൻസറി കൾ, പ്രൈമറി ഹെൽത്ത് സെൻറുകൾ എന്നിവിടങ്ങളിലെ ശോചനീയാ വസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നന്വേഷിക്കണമെന്ന് പറ യാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗിരിവർഗ്ഗക്കുട്ടികളുടെ ആരോഗ്യാ ധിഷ്ഠിത പദ്ധതി നടപ്പിലാക്കാൻ 1985-86-ൽ 2 ലക്ഷംരൂപ ഉറക്കൊ ള്ളിച്ചിരുന്നെങ്കിൽ 1986-87-ൽ അത് 1 ലക്ഷം രൂപയായി കുറച്ചതിൽ നിന്ന് ഹരിജന-ഗിരിജനങ്ങൾക്കുവേണ്ടി മുതലക്കണ്ണീർ പൊഴിക്കുന്ന നമ്മുടെ മുഖ്യമന്ത്രിയുടെ ആത്മാർത്ഥതയെക്കുറിച്ച് നമുക്ക് മന സ്സിലാക്കാൻ സാധിക്കുന്നതാണ്. ഹരിജനക്ഷേമമുറപ്പെടെയുള്ള വകുപ്പ് മുഖ്യമന്ത്രിയുടെ കൈകളിൽക്കിടന്ന് വീർപ്പുമുട്ടുന്ന ദയനീയ കാഴ്ച നമുക്ക് ഇവിടെ കാണാൻ സാധിക്കും. പത്രപംക്തികളിൽ പരസ്യംകൊ ടുക്കുന്നതിനുവേണ്ടി വ്യാജപ്രസ്താവനകൾ നടത്തുന്ന ഈ സർക്കാരിനു വേണ്ടി കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. എൻ. ശ്രീനിവാസൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. അനുകൂലമല്ലാത്ത സാഹചര്യത്തിൽപ്പോലും ഹരിജനക്ഷേമത്തിനും സാമൂഹ്യക്ഷേമത്തിനും വേണ്ടി വളരെയേറെ
[12 Noon] കാര്യങ്ങൾ നാലുകൊല്ലക്കാലത്തിനിടയിൽ ഈ ഗവൺമെൻറി നുചെയ്യാൻ കഴിഞ്ഞു. പൊതുജനോപകാരപ്രദമായ കാര്യങ്ങളിൽപ്പോലും പ്രതീക്ഷിച്ച വിധത്തിലുള്ള സഹകരണം പ്രതി പക്ഷത്തുനിന്നും ലഭിച്ചിട്ടില്ല. ഈ ഗവൺമെൻറിന്റെ ഭരണം ജന ങ്ങൾക്ക് അനുകൂലമായിട്ടുള്ള ഭരണമായിരുന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല. ... .(തടസ്സം)..... കുറേ കാര്യങ്ങൾ ഇനിയും ഈ ഗവൺമെൻറിന് ചെയ്തു തീർക്കാനുണ്ട്. അക്കാര്യത്തിൽ എനിക്ക് രണ്ട് പ്രത്യേക നിർദ്ദേശങ്ങളുണ്ട്. ഒന്ന് ഏകോപനസമിതിയിലുള്ള ഘടക കക്ഷികൾ തമ്മിലുള്ള അടി നിറു ത്തണം. ഓരോ കക്ഷികൾക്കെത്തും ഉള്ള ഉറപ്പോര് നിറുത്തണം. എസ്. ആർ. പി. യിലും ഉറപ്പോരുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. ഈ സാഹചര്യത്തിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യ കത എല്ലാവരും മനസ്സിലാക്കണം. കൂടാതെ ഒരു കാര്യംകൂടി നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. നാം ചെയ്യുന്ന കാര്യങ്ങളുടെ ഫലം ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ബോദ്ധ്യമാകത്തക്കവണ്ണം ചെയ്യണം. സാമൂഹ്യക്ഷേമം ഉൾപ്പെടെയുള്ള ഹരിജനക്ഷേമത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് നേടിയിട്ടുള്ളത് വൻനേട്ടങ്ങളാണ്. ഹരിജനക്ഷേമത്തിനുവേണ്ടി ഒട്ടനവധി പണം ചെലവാക്കുകയും അവരുടെ ജീവിതസൗകര്യങ്ങൾ വളരെ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.....(തടസ്സം)..... തെരഞ്ഞെടുപ്പ് പടിയ്ക്കൽ വന്നു മുട്ടുകയാണ്. അതിനെ ലക്ഷ്യം വച്ചുകൊണ്ട്, അടുത്ത തെരഞ്ഞെടുപ്പിൽ ഈ ഐക്യജനാധിപത്യ മുന്നണിയ്ക്ക് വമ്പിച്ച വിജയം നേടാൻ ഒത്തൊരുമിച്ച് നമ്മൾ പ്രവർത്തിക്കണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒന്നുകൂടി അനുകൂലിക്കുകയും ഞാൻ പറഞ്ഞ സഹകരണത്തിന് ഐക്യജനാധിപത്യമുന്നണി ഘടകകക്ഷികൾ പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. 1982-ൽ മാർക്സിസ്റ്റ് സോഷ്യലാധിപത്യത്തിനെതിരായി പടപൊരുതി അധികാരത്തിൽവന്ന ഐക്യജനാധിപത്യമുന്നണി സർക്കാർ അഞ്ചാം വർഷത്തിലേക്ക് കടന്നുവന്നിരിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങളും, സാധാരണക്കാരുടെ പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നു എന്നുള്ളതാണ് ഇത് കാണിക്കുന്നത്. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിഞ്ഞുകൂടുന്ന ദുർബല ജനവിഭാഗങ്ങളുടെയും ഹരിജനങ്ങളുടെയും ക്ഷേമത്തിനുവേണ്ടി സർക്കാർ നിരന്തരമായി പരിശ്രമിക്കുന്നു എന്നുള്ളതാണ് വസ്തുത. പൊതുജനാരോഗ്യരംഗത്ത് കൂടുതലധികം മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. ഡോക്ടറില്ല, മരുന്നില്ല, ആശുപത്രികളിൽ സ്ഥലമില്ല എന്നുള്ള പരാതികൾ കുറഞ്ഞുവരുന്നുണ്ട്. കുടുംബാസൂത്രണമേഖലയിൽ കേരളം മുന്നിട്ടു നിൽക്കുന്നു. കുടുബാസൂത്രണപ്രക്രിയക്ക് ലക്ഷക്കണക്കിനു രൂപ ഈ ഗവൺമെന്റ് ചെലവഴിക്കുന്നുണ്ട്. കുടുംബാസൂത്രണം പ്രാവർത്തികമാക്കുന്ന എം. എൽ. എ. മാർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ഞാൻ ഈ അവസരത്തിൽ പ്രത്യേകം ആവശ്യപ്പെടുകയാണ്. എന്റെ ഈ പ്രസ്താവന പലർക്കും ബാധകമാണ്.

ആയിരക്കണക്കിന് വിനോദസഞ്ചാരികളെ ആകർഷിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചില ആവശ്യങ്ങൾ അവതരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. കണ്ണൂർ ജില്ലയിൽ ഒരു മെഡിക്കൽ കോളേജില്ല. അതുകൊണ്ട് അവിടെ ഒരു മെഡിക്കൽ കോളേജ് അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ തോമ്പിൽ രാമകൃഷ്ണൻ പറഞ്ഞ ഒരു കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഹരിജനങ്ങളെ കോളനിതിരിച്ച് താമസിപ്പിക്കുന്ന ഏർപ്പാട് മാറണം. കോളനി എന്നുള്ള വാക്ക് അപകർഷതാബോധം ഉണ്ടാക്കുന്ന ഒന്നാണ്. സാക്ഷാൽ പ്രതിപക്ഷം ഇവിടെ അധികാരത്തിലിരുന്ന അവസരത്തിൽ, സഖാവ് ടി. കെ. രാമകൃഷ്ണൻ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെയും കണ്ണൂർ ജില്ലാ കമ്മിറ്റിയുടേയും അറിവോടും ഒത്താശയോടുംകൂടിയാണ് ഹരിജനായ സോമനെ സ്വന്തം പോലീസ് സ്റ്റേഷനിലെ പോലീസുകാർ വെടിവെച്ചുകൊന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് അന്നത്തെ മാർക്സിസ്റ്റു നേതൃത്വവും ഭരണകൂടവും അത് ആത്മഹത്യയാക്കി മാറ്റി. ഈ ഐക്യജനാധിപത്യമുന്നണിയുടെ ഗവൺമെൻറിൽ ഹരിജനക്ഷേമവകുപ്പു കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി അത് നല്ല രീതിയിൽ കൈകാര്യം ചെയ്തു എന്നെനിക്കറിയാം. പ്രതികളെ പിടികൂടി സി. ബി. ഐ. ക്കാരെക്കൊണ്ട് അറസ്റ്റ് ചെയ്യിപ്പിച്ച് കോടതി കയറ്റി ശിക്ഷിപ്പിച്ച കാര്യം നിങ്ങൾക്ക് അറിയാമല്ലോ. ഹരിജനങ്ങളോട് ആർക്കാണ് സ്നേഹം എന്ന് അതിൽനിന്നുതന്നെ മനസ്സിലാകും. ഓരോ പഞ്ചായത്തുകളിലും ഉള്ള ഹരിജനങ്ങൾ ഇടതുപക്ഷ പ്രസ്ഥാനത്തിൽനിന്നു മാറി ഐക്യജനാധിപത്യമുന്നണിയിലേക്ക് വരുകയാണ്. രണ്ടായിരത്തിഅഞ്ഞൂറു രൂപവരെ ശംബളമുള്ള തൊഴിലാളിവർഗ്ഗം ഇന്ന് ഇടതുപക്ഷപ്രസ്ഥാനത്തിലേക്ക് വന്നുകൊണ്ടും അടിസ്ഥാനവർഗ്ഗം പോയ്ക്കൊണ്ടും ഇരിക്കുകയാണ്. ഐക്യജനാധിപത്യ ഗവൺമെൻറും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയും ഹരിജനങ്ങളുടെ കാര്യത്തിൽ കാണിക്കുന്ന താൽപ്പര്യങ്ങളെയാണ് ഇത് കാണിക്കുന്നത്. ഹരിജനക്ഷേമവകുപ്പ് ഹരിജനമല്ലാത്ത ഒരു മന്ത്രിയാണ് കൈകാര്യം ചെയ്യുന്നതെങ്കിലും അതിൽ എല്ലാവർക്കും സംതൃപ്തിയാണുള്ളത്. ഹരിജനങ്ങൾ എന്നുപറയുന്നവർ ഹിന്ദുക്കളാണ്. ഇവിടെ സൂപ്പർ സർക്കാർപോലെ പ്രവർത്തിക്കുന്ന ദേവസ്വം ബോർഡുണ്ട്. ആ ദേവസ്വം ബോർഡിൽ ഹരിജനങ്ങൾക്ക് പ്രാതിനിധ്യം കൊടുക്കാൻ ഈ ഗവൺമെൻറ് മുന്നോട്ടുവരുന്നില്ല. അവർ ഹിന്ദുക്കളല്ലേ? അമ്പലത്തിൽ പോകുന്നവരല്ലേ? ഈശ്വര വിശ്വാസമുള്ളവരല്ലേ? ദേവസ്വംബോർഡ് ഹരിജനങ്ങൾക്ക് കയറിക്കൂടാത്ത ഒരു സ്ഥാപനമായിട്ട് മാറ്റിയിരിക്കുകയാണ്. ഇതിനോട് ശക്തമായ രീതിയിലുള്ള എതിർപ്പ് പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കുണ്ട്. സർ, തഴപ്പായ് നെയ്ത്തിനും കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനും ഗ്രാൻറ് കൊടുത്ത ഗവൺമെൻറ് ഹരിജനങ്ങൾക്ക് ബസ്സും കൊടുത്തു. ബസ്സ് കൊടുക്കുക എന്നു പറഞ്ഞാൽ നിസാരമായ കാര്യമല്ല. പക്ഷെ ബസ്സോടിക്കാൻ കഴിയുന്നില്ല. ബസ്സോടിക്കുന്നതിനാവശ്യമായതൊക്കെ ചെയ്തുകൊടുക്കാൻ ഡിപ്പാർട്ടുമെൻറ് ചിലപ്പോഴും തയ്യാറാകാതെ വരുന്നതുകൊണ്ട് പല ബസ്സുകളും ഓടിക്കാതെ കിടക്കുന്നുണ്ട്. ഈ ഗവൺമെൻറ് ഹരിജനങ്ങളേയും ആദിവാസികളേയും സംരംക്ഷിച്ചാൽ അവർ ഇടതുപക്ഷപ്രസ്ഥാനത്തിൽനിന്നും വിട്ടുപോകുമോ എന്നുള്ള ഭയം ഇടതുപക്ഷ പ്രസ്ഥാനത്തിനുണ്ട്. ഏതായാലും ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനും അതിന്റെ മുഖ്യമന്ത്രിക്കും കേരളത്തിലെ പട്ടികജാതിക്കാരോടും പട്ടികവർഗ്ഗക്കാരോടും വളരെയധികം താൽപ്പര്യമുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി അനുകൂലിക്കുന്നു.

ശ്രീ. വി. ദിനകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗക്ഷേമാന്വേഷണ സമിതിയിലെ ഒരംഗമെന്ന നിലയിൽ, ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും സന്ദർശിക്കുവാൻ അവസരം കിട്ടിയപ്പോഴും കേരളത്തിലെ എം. എൽ. എ. എന്നു പറയുന്നതിൽ എനിക്ക് അതിയായ അഭിമാനമുണ്ടായിരുന്നു. കാരണം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങളിൽ ഒരു സർവ്വകാല റിക്കാർഡാണ് കേരള സംസ്ഥാനത്തിന് ഈ കാലഘട്ടത്തിൽ നേടാൻ കഴിഞ്ഞത്. അത് നിഷേധിക്കാനാവാത്ത കാര്യമാണ്. സർ, മഹാത്മാഗാന്ധിക്കുശേഷം ഹരിജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഇത്രയേറെ താൽപ്പര്യത്തോടുകൂടി പ്രവർത്തിച്ചിട്ടുള്ള മറെറാരു വ്യക്തി നമ്മളുടെ മുഖ്യമന്ത്രിയെപ്പോലെ ഉണ്ടോയെന്ന് സംശയിക്കുന്ന വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഞാൻ. ശ്രീമാൻ കരുണാകരൻ ഏറ്റവും നല്ല ഹരിജനോദ്ധാരകനാണ്. കഴിഞ്ഞ ബഡ്ജറ്റിൽ 2104 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 2509 ലക്ഷം രൂപ ചെലവഴിച്ചു. അതായത് 119%. അല്ല എന്ന് അപ്പുറത്തിരിക്കുന്നവർക്ക് പറയാൻ സാധിക്കുമോ? കോടിക്കണക്കിന് രൂപ ലാപ്സാക്കിയിട്ടുള്ളവരാണവർ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു പൈസപോലും ഹരിജനങ്ങൾക്കു വേണ്ടി അനുവദിച്ചത് ലാപ്സാക്കിയിട്ടില്ല. ഹരിജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വളരെയധികം ശ്രമിച്ചിട്ടുണ്ട്. ഹരിജനങ്ങളുടെ സാക്ഷരതയുടെ കാര്യം നോക്കിയാൽ ഇവിടെ 60% ആയിരിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ അത് കേവലം എട്ടും പത്തും ശതമാനം മാത്രമാണ്. ഇവിടെ ഹരിജനങ്ങൾ ഇന്ന് എല്ലാ സ്ഥാനങ്ങളിലും ഉയർന്നുവരുന്നുണ്ട്. അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും പല നല്ല കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്.

സർ, ഹരിജനവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെ കൈപിടിച്ചുയർത്തുന്ന കാര്യത്തിൽ ഒരു സർവ്വകാലറിക്കാർഡാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കരുണാകരൻ നേടിയിരിക്കുന്നത്. ഞാൻ ചില ഉദ്യോഗസ്ഥൻമാരുടെ പേരുകൾ പറയുകയാണ്. ഹരിജനക്ഷേമഡയറക്ടർ, ശ്രീ. വിജയകുമാർ ഒരു ഹരിജനല്ലേ? ഫിഷറീസ് ഡയറക്ടർ, ശ്രീ. സി. റ്റി. സുകുമാരൻ ഒരു ഹരിജനല്ലേ? ഗിരിജനക്ഷേമഡയറക്ടർ, ശ്രീ. ചന്ദ്രൻ ഒരു ഗിരിജനല്ലേ? അതുപോലെ ഹെൽത്ത് ഡയറക്ടർ, ശ്രീ. ദാസ് ഒരു ഹരിജനല്ലേ? ഹൈക്കോടതിയിലെ ആദ്യത്തെ ഹരിജൻ ജഡ്ജി ശ്രീ. ബാലകൃഷ്ണനെ നിയമിച്ചത് ശ്രീ. കരുണാകരൻ ഈ സംസ്ഥാനം ഭരിക്കുന്ന കാലഘട്ടത്തിലല്ലേ? ദേവസ്വം ബോർഡ് അംഗം മാലിപ്പുറത്തു ഭാസ്ക്കരൻ ഒരു ഹരിജനല്ലേ? പി. എസ്. സി. മെമ്പർ ശ്രീ. കുമാരദാസ് ഒരു ഹരിജനല്ലേ? അതുപോലെതന്നെ പഞ്ചായത്ത് ഡയറക്ടർ ശ്രീ. മാധവൻ, ഇടുക്കി ജില്ലാ കളക്ടർ തുടങ്ങി എത്രയെത്ര ഉന്നതസ്ഥാനങ്ങളിൽ ഹരിജനങ്ങളെ നിയമിച്ചു? അങ്ങനെ അവർണ്ണാധിപത്യം കൊടികുത്തി വാണിരുന്ന ഈ സെക്രട്ടേറിയറ്റിലേക്കും ഹരിജനങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെ തിരഞ്ഞുപിടിച്ച് ഉന്നതമായ സ്ഥാനങ്ങൾ നൽകി, ഹരിജനങ്ങളുടെ ഉദ്ധാരകനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റ് മറ്റെന്നത്തേക്കാളും ഹരിജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി പരിശ്രമിച്ച ഒരു ഗവൺമെന്റാണെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും അടിയന്തിരമായി ജനറേറ്ററുകൾ സ്ഥാപിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും ജനറേറ്ററുകൾ ഇല്ലാത്തതുകൊണ്ട് ഓപ്പറേഷൻസ് ഒന്നും നടത്താൻ സാധിക്കുന്നില്ല. ബാലകൃഷ്ണപിള്ള വന്ന് കട്ട് തുടങ്ങിയിരിക്കുകയാണ്. സംസ്ഥാനത്തെ നേഴ്സുമാരുടെ ജോലിസമയം 8 മണിക്കൂറാക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിനുവേണ്ടി മുളംകുന്നത്തുകാവിൽ പണിയുന്ന പുതിയ കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റുംപോലും തയ്യാറാക്കിയിട്ടില്ല. ജില്ലാ ആശുപത്രിയുടെ വികസനം സ്തംഭിച്ചിരിക്കുകയാണ്. ഇരിങ്ങാലക്കുട താലൂക്കാശുപത്രിയിലെ കുട്ടികളുടെ വാർഡിന്റെ പണി വർഷങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

മുമ്പ് ആരംഭിച്ചതാണ്. ഇതിന്റെ പണിയും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഇരിങ്ങാലക്കുട ആയുർവ്വേദാശുപത്രിയിൽ പുതുതായി, 10 കിടക്കകളും പഞ്ചകർമ്മ ചികിൽസയും ആരംഭിക്കണം. സർക്കാർ ആശുപത്രികളിലെ കൈക്കൂലിനിരക്ക് പ്രദർശിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്തെ ഭ്രാന്താശുപത്രികളുടെ സ്ഥിതി പരമദയനീയമാണ്. തൃശ്ശൂർ ഭ്രാന്താശുപത്രിയിൽ 260 രോഗികൾക്കു പകരം ഇപ്പോൾ അവിടെ 600 രോഗികളാണുള്ളത്. വെള്ളമില്ല, വെളിച്ചമില്ല, കന്നുകാലിത്തൊഴുത്തുപോലെയാണ്. തൃശ്ശൂർ ഭ്രാന്താശുപത്രിക്കും തൃശ്ശൂർ മൃഗശാലയ്ക്കും, കോൺഗ്രസ്സിനും ഒരേ പ്രായമാണ്. 100 വർഷം കഴിഞ്ഞിരിക്കുന്നു. മൂന്നിടത്തും സ്ഥിതി ഏതാണ്ട് ഒരുപോലെയാണ്. ചിരിച്ചും കരഞ്ഞും കൂക്കിവിളിച്ചും മാന്തിക്കീറിയും കടിച്ചുപറിച്ചും അടിച്ചും കൊന്നും നഗ്നരായി കഴിയുകയാണ്. നമ്മുടെ മുഖ്യമന്ത്രി തൃശ്ശൂർ ഭ്രാന്താശുപത്രിയിൽ ഒന്ന് പോകണം. ചിരിയിലൂടെ ചികിൽസ നടപ്പാക്കണം. മന്ത്രിസഭയിൽ 10 ശതമാനമെങ്കിലും പ്രാതിനിധ്യം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നൽകണം. ഗിരിജനങ്ങളുടെ നഷ്ടപ്പെട്ട ഭൂമി വീണ്ടെടുത്ത്, അവർക്ക് നൽകണം പാവം രാഘവൻ മാസ്റ്ററെക്കൂടി മന്ത്രിയാക്കണം.

സർ, മുഖ്യമന്ത്രിയുടെ ഓഫീസിൽപോലും ഹരിജനങ്ങൾക്ക് അയിത്തമാണ്. മുഖ്യമന്ത്രിയുടെ മുഖപ്രായയുള്ള ശ്രീധരൻപിള്ളയെ കണ്ട് അവർ മടങ്ങുകയാണ്. സഹകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കണം. എല്ലാ ആശുപത്രികളിലും പോസ്റ്റുമാർട്ടത്തിനുള്ള സൗകര്യമെങ്കിലും ഉണ്ടാക്കണം. ഭവന നിർമ്മാണ പദ്ധതിയനുസരിച്ചുള്ള ഹരിജനങ്ങളുടെ വീടുകളുടെ പണി പൂർത്തിയാകാതെ മഴയത്ത് വീണുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഈ കഴിഞ്ഞ നാലുവർഷക്കാലം, നമ്മുടെ ആരോഗ്യ വകുപ്പിലും ഹരിജനവകുപ്പിലും ടൂറിസം വകുപ്പിലും കൈവരിച്ച നേട്ടങ്ങളുടെ നീണ്ട പട്ടികയിലേക്ക് കടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് മുമ്പ് പ്രസംഗിച്ച എന്റെ സഹപ്രവർത്തകർ, വളരെ വിശദമായിത്തന്നെ അക്കാര്യങ്ങളെല്ലാം ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. ഈ രാജ്യത്തെ ജനങ്ങൾക്ക് ഒരുകാര്യം ബോദ്ധ്യമുണ്ട്. ഏതൊരു മുന്നണിയിലും സ്വാഭാവികമായിട്ടുണ്ടാവുന്ന ചില ചില്ലറ അഭിപ്രായവ്യത്യാസങ്ങളൊക്കെ ഐക്യജനാധിപത്യമുന്നണിക്കും ഉണ്ടെന്നേ ഞാൻ സമ്മതിക്കുന്നു. എങ്കിൽത്തന്നെയും ഈ രാജ്യത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമായി ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് യാതൊരു തടസ്സവും ഉണ്ടാക്കാതെ കഴിഞ്ഞ നാലുവർഷക്കാലം എടുത്തുപറയാവുന്ന നിരവധി നിരവധി നേട്ടങ്ങൾ ഈ രാജ്യത്തെ സാധാരണക്കാരായ ജനങ്ങൾക്ക് ചെയ്തുകൊണ്ട് ഈ ഗവൺമെന്റ് പ്രവർത്തിച്ചുവെന്നുള്ളത് ഈ രാജ്യത്തെ ജനങ്ങൾക്ക് ബോദ്ധ്യമുള്ള കാര്യമാണ്. അതുകൊണ്ടുതന്നെയാണ് എന്തെല്ലാം പ്രകോപനങ്ങൾ ഉണ്ടാക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ നേതാക്കൻമാർ ശ്രമിച്ചിട്ടും അതൊന്നും കഴിഞ്ഞ നാലുവർഷക്കാലമായി ഈ രാജ്യത്ത് ഫലവത്താകാതെ പോയത്. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ജനപിന്തുണയുള്ള ഈ ഗവൺമെന്റ് നിലനിന്നുകാണണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ മാർക്സിസ്റ്റുപാർട്ടി

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്]

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റ് അധികാരത്തിൽവന്നാൽ ഈ രാജ്യത്ത് ജനാധിപത്യത്തിന്റെ സ്ഥിതിയെന്തായിരിക്കും? ഇന്ന് ആ പാർട്ടിയിലെ സ്ഥിതി എനിക്കറിയാം. ആ പാർട്ടിയിൽ ജനാധിപത്യമുണ്ടോ? ജനാധിപത്യത്തിനുവേണ്ടി പലപ്പോഴും സംസാരിക്കുന്ന പല നേതാക്കൻമാരേയും നമുക്ക് ഇവിടെ കാണാൻ സാധിക്കും. പക്ഷേ മാർക്സിസ്റ്റു പാർട്ടിയുടെ ഇന്നത്തെ സ്ഥിതിയെന്താണ്? ഈ പാർട്ടിയുടെ ആരംഭത്തിൽത്തന്നെ നടന്ന കാര്യത്തിലേക്ക് നമുക്ക് നോക്കാം. 1964-ൽ കൽക്കട്ടയിൽ നടന്ന നാഷണൽ കൗൺസിലിൽ, ആകെ 112 പേർ ഉണ്ടായിരുന്ന ആ കൗൺസിൽ യോഗത്തിൽ നിന്ന് ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 32 പേരടങ്ങുന്ന ഒരു ചെറിയ ഗ്രൂപ്പ് ഇറങ്ങിപ്പോയി. ആ പാർട്ടിയെ പിളർന്നുകൊണ്ട്. അങ്ങനെ ഉണ്ടാക്കിയ പാർട്ടിയാണ് ഈ മാർക്സിസ്റ്റു പാർട്ടി. അന്ന് ഇ. എം. എസ്. പറയുന്നത് ഭൂരിപക്ഷമാണോ, ന്യൂനപക്ഷമാണോ എന്നുള്ളതല്ല, കാതലായ പ്രശ്നം ശരിയോ തെറ്റോ എന്നുള്ളതാണ്. ഇന്ന് പക്ഷേ ഇ. എം. എസ്. എന്താണ് പറയുന്നത്? ഇപ്പോൾ നമ്പൂതിരിപ്പാട് സ്ഥിരമായി യാതൊന്നും പറയാറില്ല. അവസരത്തിനൊത്ത് എന്തും പറയാൻ മടിയില്ലാത്ത വ്യക്തിയാണ് അദ്ദേഹമെന്ന് എനിക്കറിയാം. സഖാവ് എം. വി. രാഘവന്റെ പേരിലുള്ള നടപടിയെക്കുറിച്ച് ശ്രീ. ഇ.എം.എസ്. എഴുതിയ ലേഖനത്തിൽ അദ്ദേഹം പറയുന്നു, ഭൂരിപക്ഷം പാർട്ടി അംഗങ്ങളുടെ അഭിപ്രായമനുസരിച്ചാണ് സഖാവ് എം. വി. രാഘവന്റെ പേരിലുള്ള നടപടിയെടുത്തത്എന്ന് മാത്രവുമല്ല അദ്ദേഹം പറയുന്നത് ശരിയും തെറ്റു നോക്കിയല്ല. ഭൂരിപക്ഷം നോക്കിക്കൊണ്ടുവേണം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതെന്നാണ്. അദ്ദേഹംതന്നെ 1964-ൽ കണ്ട ന്യായത്തിനു നേരെ വിപരീതമായിട്ടുള്ള ന്യായത്തിലാണ് ഇന്ന് ഉറച്ചുനിൽക്കുന്നത്. ഇന്ന് മാർക്സിസ്റ്റ് പാർട്ടിക്കകത്ത് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ടോ? ഈയിടെകൊച്ചിയിൽ വച്ചു നടന്ന അവരുടെ സമ്മേളനത്തിൽ പാർട്ടിയുടെ നയപരിപാടി എന്തായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ശ്രീ. രാഘവനും അദ്ദേഹത്തെ അനുകൂലിക്കുകയും ഇപ്പോഴും ഒച്ചവയ്ക്കുകയും ചെയ്യുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. പ്രകാപാണി, ശ്രീ. വാസുദേവമേനോൻ, ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ, ശ്രീ. മൂസാൻകുട്ടി, ശ്രീ. ഇ. പത്മനാഭൻ എന്നിവരുമൊക്കെ അവർക്ക് ആ കാര്യത്തിലുള്ള അഭിപ്രായ പ്രകടനം അവിടെവച്ച് നടത്തിയെന്നുള്ളതാണ് ഈ പ്രശ്നങ്ങളുടെ ആരംഭമെന്നുള്ളത് നമുക്കൊക്കെ അറിയാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ച് തങ്കച്ചൻ പ്രസംഗിക്കുന്ന ഈ പ്രസംഗം ഓർഡറിലാണോ?

മി. ചെയർമാൻ: അതിൽ പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല.

ശ്രീ. പി. പി. തങ്കച്ചൻ: എന്റെ പ്രസംഗം തടസ്സപ്പെടുത്തരുത്. അഭിപ്രായംപറയാൻ പാടില്ല എന്നുള്ള ഊരുവിലക്കാണ് സർ, ആ പാർട്ടി നേതൃത്വം കൽപ്പിച്ചിട്ടുള്ളത്. എന്തിനേറെ പറയുന്നു? ഇപ്പോൾ വന്നുവന്ന് അവസാനം ശ്രീ. രാഘവനോട് മിണ്ടരുത്, ശ്രീ. രാഘവന് ചായ കൊടുക്കരുത്, ശ്രീ. രാഘവനെ വീട്ടിൽ കയറ്റരുത് എന്നുപറഞ്ഞ് ലോക്കൽ കമ്മിറ്റി സർക്കുലർ അയച്ചിരിക്കുകയാണ്. ആരെങ്കിലും ശ്രീ. രാഘവനെ വീട്ടിൽ കയറ്റുകയോ ഊണു കൊടുക്കുകയോ ചായ കൊടുക്കുകയോ ചെയ്താൽ അവരെ പാർട്ടിയിൽനിന്നും പുറത്താക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് ഒരു സർക്കുലർ എഴുതി ലോക്കൽകമ്മിറ്റി ആ പ്രദേശത്തെ പാർട്ടി പ്രവർത്തകർക്ക് അയച്ചുകൊടുത്തിരിക്കുകയാണ്.. എവിടെപ്പോയി ഇവിടത്തെ ജനാധിപത്യം? മിണ്ടാൻ പാടില്ലെന്നാണ് പറയുന്നത്. അവിടെയിരിക്കുന്ന പല സുഹൃത്തുക്കളും മാനസികമായി ശ്രീ. രാഘവന്റെ കൂടെയാണെന്ന് എല്ലാവർക്കുമറിയാം. എങ്കിലും ആരൊക്കെയാണ് ശ്രീ. രാഘവനോട് സംസാരിക്കുന്നത്, ആരൊക്കെയാണ് ശ്രീ. രാഘവനുമായി ബന്ധപ്പെടുന്നത് എന്നുള്ളത് അറിയാൻവേണ്ടി ആളുകളെ പോസ്റ്റു ചെയ്തിരിക്കുന്ന ഗതികേടിലാണ് ഇന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എത്തിയിരിക്കുന്നത്. എന്നാൽ ഒരു പ്രത്യേകത എന്താണെന്നുവച്ചാൽ പാർട്ടിയിൽനിന്നും പുറത്താക്കിയ ശ്രീ. രാഘവനെ പാർലമെന്ററി പാർട്ടിയിൽനിന്നും പുറത്താക്കിയിട്ടില്ല. ഇരിൽപ്പറം നാണക്കേടും ഗതികേടും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്ക് വരാനുണ്ടോ? പാർട്ടി വിരുദ്ധപ്രവർത്തനങ്ങൾ നടത്തിയതിനു പാർട്ടിയിൽനിന്നും പുറത്തേക്കെപ്പെട്ട ആ രാഘവൻ പാർലമെന്ററി പാർട്ടിയിൽ പഴയ സീറ്റിൽ ഇരിക്കുന്നു എന്നുള്ളതുതന്നെ ഇവരുടെ ഗത്കേടല്ലേ സൂചിപ്പിക്കുന്നത്?. വെറുതെ ഇരുത്തിയിട്ടുള്ളതല്ല. ശ്രീ. രാഘവനെ പാർലമെന്ററി സീറ്റിൽനിന്നും മാറ്റിക്കഴിഞ്ഞാൽ ഇവരുടെ ചീഞ്ഞളിഞ്ഞ രഹസ്യങ്ങളെല്ലാം ശ്രീ. രാഘവൻ ഈ നിയമസഭയിൽ അവതരിപ്പിക്കുമെന്ന് അറിയാവുന്നതുകൊണ്ടാണ്, ആ ഉളുപ്പിനെ പേടിച്ചിട്ടാണ് ശ്രീ. രാഘവനെ അവിടെനിന്നും മാറ്റാതിരിക്കുന്നത്. അത്ര ഗതികേടിലേക്ക് ഇന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ചെന്നെത്തിയിരിക്കുകയാണ്. ഇന്ന് ശ്രീ. രാഘവനുണ്ടായ അനുഭവം അപ്പുറത്തിരിക്കുന്ന പല ചങ്ങാതിമാർക്കും നാളെ ഉണ്ടാകുമെന്നകാര്യത്തിൽ യാതൊരു സംശയവും വേണ്ട. പാസ്തവത്തിൽ കുതികാൽവെട്ടും ചതിവുമല്ലേ നിങ്ങൾ കാണിച്ചത്. ശ്രീ. രാഘവനെ ഇതിനു പ്രേരിപ്പിച്ച് ഒപ്പിട്ടുകൊടുത്തതിനുശേഷം നടപടികൾ വന്നുകഴിഞ്ഞപ്പോൾ ശ്രീ. രാഘവനെ ഒറപ്പെടുത്തിക്കൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. ചക്രപാണിയും, ശ്രീ. മൂസ്സാൻകുട്ടിയും ശ്രീ. വാസുദേവമേനോനും കുഞ്ഞിക്കണ്ണനും ശ്രീപത്മനാഭനുമൊക്കെ മാറി നിൽക്കുന്നത് സാമാന്യമര്യാദക്ക് ചേർന്നതാണോ എന്ന് നിങ്ങൾ ആലോചിക്കണം. ഒരു കാര്യം എനിക്ക് പറയുവാനുള്ളത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലുണ്ടായിട്ടുള്ള ഈ പിളർപ്പിൽ ഞങ്ങളേക്കാൾ കൂടുതൽ സന്തോഷിക്കുന്നത് നിങ്ങളുടെ സഹപ്രവർത്തകരായ സി. പി. ഐ. യുടെ നേതാക്കന്മാരാണ് എന്നുള്ളതാണ്. ഈ പാർട്ടി പിളർന്ന് നശിച്ചുകാണണമെന്നും ആത്മാർത്ഥമായി ആഗ്രഹിക്കുന്ന സഖാവ് വി. കെ. രാജനൊക്കെ അവിടെയിരിക്കുന്നുണ്ട്. കാരണം 1964-ൽ നിങ്ങൾ അവരോട് ചെയ്ത അനീതിയുണ്ടല്ലോ അതിന് ഇപ്പോൾ മാത്രമാണ് അവർക്കൊരു ആശ്വാസം കിട്ടിയത്.

ശ്രീ. വി. കെ. രാജൻ: സർ ഒരു ചോദ്യം.....

ശ്രീ. പി. പി. തങ്കച്ചൻ: ഞാൻ വഴങ്ങുന്നില്ല. എന്റെ രാജാ, ഞങ്ങളേക്കാൾ കൂടുതലറിയാമല്ലോ സി. പി. ഐ. ക്കാരെ.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. രാജൻ പറഞ്ഞത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ പിളർക്കാനോ മുതലെടുക്കാനോ ശ്രീ. തങ്കച്ചനോ കോൺഗ്രസ് (ഐ)യിലെ ആളുകൾക്കോ സാധിക്കുകയില്ല, അത് പിളർക്കാനും മുതലെടുക്കാനും അവർക്കുമാത്രമേ സാധിക്കുകയുള്ളൂ എന്നാണ്. അത് മനസ്സിലായോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ: സി. പി. ഐ. ക്കാർ 1964 മുതൽ നടത്തിയ ശ്രമം ഒരു പരിധിവരെ ഇപ്പോഴാണ് വിജയിച്ചത് എന്നുള്ളതിന്റെ സന്തോഷമാണ് അവർക്കൊക്കെയുള്ളത്. ഈ കാര്യങ്ങളൊക്കെ ആർക്കാണ് അറിയാൻ പാടില്ലാത്തത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. തങ്കച്ചൻ ഇത്ര ബുദ്ധിമുട്ടി ഇത് പറയുന്നത് എന്തിനാണ്? എൻ. ഡി. പി. യിലേയും എസ്. ആർ. പി യിലേയും മന്ത്രിമാർ ഇപ്പോഴും ഇവിടെയില്ല. ഇനി കോൺഗ്രസിന്റെ ഒരു മന്ത്രിസ്ഥാനം വരികയാണെങ്കിൽ കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണോ?

ശ്രീ. പി. പി. തങ്കച്ചൻ: അങ്ങനെ മന്ത്രിക്കസേരക്കുവേണ്ടി വാദിക്കുന്ന ആളുകളൊന്നുമല്ല. മാർക്സിസ്റ്റു പാർട്ടി വളരെ ഉറച്ച ഒരു ശക്തിയായിട്ട് വളർന്നു എന്നൊക്കെ പറഞ്ഞു. എന്നാൽ ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണെന്ന് ഇതുവരെ സഖാവ് നമ്പൂതിരിപ്പാടിനോ സഖാവ് നായനാർക്കോ പരസ്യമായി പ്രസ്താവന ചെയ്യാൻ സാധിച്ചിട്ടില്ല. കാരണമെന്താണ്? തെരഞ്ഞെടുപ്പുവന്നുകഴിഞ്ഞാൽ എന്തായിരിക്കും മാർക്സിസ്റ്റുപാർട്ടിയുടെ സ്ഥിതി എന്നുള്ളതിനെ സംബന്ധിച്ച് നിങ്ങൾക്കുതന്നെ ബോദ്ധ്യമുള്ളതുകൊണ്ടാണ് നിങ്ങൾ അതിന് തയ്യാറാകാത്തത്. ഐക്യജനാധിപത്യമുന്നണിയുടെ നേതാവായ ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഇനിയും ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണെന്ന് ചങ്കൂറ്റത്തോടുകൂടി ഞങ്ങൾ പറയുകയാണ്. സഖാവ് നായനാരുടെ നേതൃത്വത്തിൽ ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണെന്ന് നിങ്ങളെക്കൊണ്ട് പറയാൻ സാധിക്കുമോ? ഗൗരിയമ്മയാണോ നായനാരാണോ അതൊ ഇതിലൊന്നുംപെടാത്ത ബാലാനന്ദനാണോ ഇനി വരുന്നത് എന്നുള്ളതിനെ സംബന്ധിച്ച് നിങ്ങൾക്കിപ്പോഴും തീരുമാനിക്കാൻ സാധിച്ചിട്ടില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യാതൊരു ബുധിമുട്ടും കൂടാതെയുള്ള നിലപാട് എടുത്തുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കും. ഇന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി രാഷ്ട്രീയമായ എയ്ഡ്സ് എന്ന മരേക രോഗം ബാധിച്ച് മരണവുമായി മല്ലിട്ട് ഇൻസീവ്കെയർ യൂണിറ്റിൽ അന്ത്യംകാത്ത് കഴിയുകയാണ്. റഷ്യയിൽനിന്നോ ചൈനയിൽ നിന്നോ അല്ലെങ്കിൽ ചൈനയുടെ പുതിയ കൂട്ടുകാരായ അമേരിക്കയിൽ നിന്നോപോലും എത്ര വിദഗ്ധരായ ഡോക്ടർമാർപോലും വന്ന് ചികിൽസിപ്പിച്ചാലും, ഈ രോഗത്തിന്റെ മാരകമായ പിടിയിൽനിന്നും ഈ പാർട്ടി രക്ഷപ്പെടുകയില്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ റൂൾ 139 അനുസരിച്ച് നമ്മുടെ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചു. ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം റൂൾ 142 അനുസരിച്ച് ഒരു ജനറൽ ഡിസ്ക്ഷനും സംഘടിപ്പിച്ചു. ആ ബഡ്ജറ്റിലെ നയപരമായ കാര്യങ്ങളെസംബന്ധിച്ചും രാഷ്ട്രീയമായ കാര്യങ്ങളെ സംബന്ധിച്ചും മൂന്നു ദിവസം ചർച്ചചെയ്യാൻ അവകാശമുണ്ട്. അതിനുശേഷം നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവർ അനുസരിച്ച് ആ ബഡ്ജറ്റ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് വരികയും ചെയ്തു. ഈ സഭയിൽ ഇപ്പോഴും ചർച്ചചെയ്യുന്നത് ഹരിജനക്ഷേമം, ഉംപ്പെടെയുള്ള സാമൂഹ്യക്ഷേമം, ആരോഗ്യവകുപ്പ്, ടൂറിസംവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവയാണ്. ആ വകപ്പുകളിൽ ഒതുങ്ങിനിന്നു സംസാരിക്കുന്നതിനുപകരം കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ ബഡ്ജറ് ഈ സഭയിൽ അവതരിപ്പിച്ച രീതിയിൽ സംസാരിക്കുന്നത് ഓർഡറിൽ അല്ല. അതുകൊണ്ട് ഇവിടെ ധനാഭ്യർത്ഥനകം അവതരിപ്പിച്ചിട്ടുള്ള വകുപ്പുകളിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണമെന്നുള്ള രീതിയിൽ അങ്ങ് റൂളിംഗ് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം.എം. ഹസ്സൻ: സർ, പോയിന്റ് ഓഫ് ഓർഡറിന് അങ്ങ് റൂളിംഗ് നൽകുന്നതിനുമുമ്പ് ഒരു കാര്യം പറയാനുണ്ട്. ഇന്ന് ആരോഗ്യ വകുപ്പിനെക്കുറിച്ചുകൂടിയുള്ള ചർച്ചയാണ് നടക്കുന്നത്. വ്യക്തികൾക്ക് രോഗം ബാധിക്കുന്നതുപോലെ പ്രസ്ഥാനങ്ങൾക്കുണ്ടാകുന്ന രോഗബാധയെക്കുറിച്ച് സംസാരിക്കുന്നത് ജനാൽ ഡിസ്ക്ഷന്റെ സ്കോപ്പിൽ വരുന്നതുകൊണ്ട് മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിയെക്കുറിച്ച് എയ്ഡ്സ് രോഗമടക്കമുള്ള കാര്യത്തെക്കുറിച്ച് സംസാരിച്ചത് പ്രസക്തമാണ്. അത് ഈ ഡിമാൻറിനകത്ത് വരുന്നതാണ്.

മി. ചെയർമാൻ, ബഹുമാനപ്പെട്ട അംഗങ്ങം വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കാൻ ശ്രദ്ധിക്കണം.

ശ്രീ. പി. പി. തങ്കച്ചൻ: മൊത്തത്തിൽ 'ന' എന്ന അക്ഷരത്തിൽ ആരംഭിക്കുന്ന പേരുകം പലതും വളരെയേറെ, അരോചകമായിത്തീർന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്.. നമ്മുടെ അസംബ്ലിയിലാണെങ്കിൽ നമ്പ്യാടൻ, കോടതിയിൽ പോയാൽ നവാബ് രാജേന്ദ്രൻ, ഇപ്പോം പൊതുവേദിയിലാണെങ്കിൽ നായനാരും നമ്പൂതിരിപ്പാടും. 'ന' ചേർന്ന പേര് ഇന്ന് രാജ്യത്തെ ജനങ്ങൾക്ക് വളരെ അരോചകമായിത്തീർന്നിരിക്കുകയാണ്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ജാതകവശാൽ ഇന്ന് ഏഴരശ്നിയാണ്. അതിൽത്തന്നെ കണ്ടകശ്നി ആരംഭിച്ചുകഴിഞ്ഞു. 'കണ്ടകൻ വന്നാൽ കൊണ്ടേ പോകൂ' എന്നാണ്. ശ്രീ. എം. വി. രാഘവൻ നിങ്ങളിലുള്ള നല്ലൊരു പങ്ക് ആളുകളേയും കൊണ്ടേ പോകൂ. അതിന് യാതൊരു സംശയവുമില്ല. കഴിഞ്ഞദിവസം ഇ. എം. എസ്. നമ്പൂതിരിപ്പാട് ദേശാഭിമാനിപത്രത്തിൽ ഒരു വലിയ ലേഖനമെഴുതിയിട്ടുണ്ട്. ശ്രീ. എം. എം. ഹസ്സൻ കഴിഞ്ഞദിവസം നിയമസഭയിൽ നിങ്ങളുടെ പാർട്ടിക്കകത്തുള്ള അഭ്യന്തരകാര്യങ്ങളെക്കുറിച്ച് ഈ അസംബ്ലിയിൽ ചർച്ച ചെയ്തിട്ട്, പിന്നീട് പ്രസംഗിച്ച നിങ്ങളുടെ നേതാവ് ശ്രീ. നായനാർക്ക് അതേപ്പറ്റി ഒരക്ഷരം മറുപടി പറയാൻ പറ്റിയോ? 30 പേർ അവിടെ ഇരിപ്പില്ലേ? പാർട്ടിയുടെ അഭ്യന്തരകാര്യത്തെക്കുറിച്ച് പറഞ്ഞിട്ട് ഒരു മറുപടി പറയാൻ കഴിവില്ലാത്ത 30 അംഗങ്ങം അവിടെ ഇരിക്കുന്നുണ്ട്. സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് വന്നിരിക്കുന്നു ഇന്ന് അതിനു മറുപടി പറയാൻവേണ്ടി ആ ഗതികേടിലേക്ക് നിങ്ങളുടെ പാർട്ടി ചെന്നെത്തിയില്ലേ? ശ്രീ. ഇസ്മയിലൊക്കെ ഈ കാര്യത്തിൽ സന്തോഷിക്കുന്ന ആളാണെന്ന് ഞങ്ങൾക്കറിയാം. ഈ രാജ്യത്തെ ജനങ്ങൾക്കറിയാം ഇതൊക്കെ. ഇത് പകൽ വെളിച്ചംപോലെയുള്ള സത്യങ്ങളാണ്. ഈ രാജ്യത്തെ ജനങ്ങൾക്ക് ഈ ഗവൺമെന്റിൽ ഒരു വിശ്വാസമുണ്ട്. ജനാധിപത്യം നിലനിന്നുകാണണമെങ്കിൽ അതിൽ ഏറ്റവും കൂടുതൽ വിശ്വസിക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ രാജ്യത്ത് നിലനിൽക്കണമെന്നാണ് ഈ രാജ്യത്തെ ജനങ്ങൾ ആഗ്രഹിക്കുന്നത്. നേരെമറിച്ച് ജനാധിപത്യത്തിൽ വിശ്വാസ

LIBRARY ARCHIVES Kerala Legislative Assembly

മില്ലാത്ത, ഏതുകാലത്തും ജനാധിപത്യത്തെ ഒറ്റിക്കൊടുത്തുമാത്രംപാര മ്പര്യമുള്ള മാർക്സിസ്റ്റു പാർട്ടി നേതൃത്വംകൊടുക്കുന്ന ഒരു മുന്നണി ഈ രാജ്യത്ത് വരണമെന്ന് ഇവിടത്തെ ജനങ്ങളം ആഗ്രഹിക്കുന്നില്ല. അതുകൊണ്ടുതന്നെയാണ് ഈ സമരാഹ്വാനങ്ങളൊക്കെ ഈ രാജ്യത്ത് നടത്തിയിട്ടും അതൊന്നും ഫലപ്രദമാകാതെ ജനങ്ങളം നിരാകരിച്ച് പുച്ഛിച്ച് തള്ളിയിരിക്കുന്നത്. ഞാൻ ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. എ. ജോർജ്: സർ, ഞാൻ അഭിമാനത്തോടുകൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. പ്രത്യേകിച്ച് ഹരിജനക്ഷേമ വകുപ്പിനു വേണ്ടിയുള്ള ധനാഭ്യർത്ഥനയെ, ഈ സർക്കാരിന്റെ കഴിഞ്ഞ നാലുകൊല്ലത്തെ പ്രവർത്തനം പരിശോധിച്ചുനോക്കുകയാണെങ്കിൽ ഒരു പ്രത്യേക ശൈലി ഈ ഗവൺമെന്റിനുണ്ടെന്ന് കാണാൻ കഴിയും. കഴിഞ്ഞ് നാലു കൊല്ലമായി ഹരിജനക്ഷേമത്തിനു മുൻതൂക്കം കൊടുത്തു പ്രവർത്തിച്ചിരുന്ന ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ചുരുക്കത്തിൽ കേരളത്തിൽ ഈ നാലു കൊല്ലക്കാലവും ഹരിജന ഗിരിജനക്ഷേമവിപ്ലവം തന്നെ നടക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ ഇതൊന്നും കണ്ടിട്ടും കാണാത്ത മട്ടു നടിക്കുന്നതിലാണ് എനിക്ക് അവരോട് പരിഭവമുള്ളത്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഒന്നുരണ്ടു ഗിരിജൻ കോളനികളിൽ നടന്ന സംഭവം ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിലൊട്ടാകെ ഉണ്ടായിട്ടുള്ള വികസന പ്രവർത്തനങ്ങളെക്കുറിച്ച് പറയാൻ ഞാനാഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഗിരിജൻ കോളനികളിൽ ഇന്നലെവരെ തലചായ്ക്കാൻ ഇടമില്ലാതിരുന്ന മുഴുവൻ ആളുകൾക്കും വീടുണ്ടായി. ഇന്നലെവരെ അഴുക്കുചാലിൽനിന്നും വെള്ളം കുടിച്ച് മാരകമായ രോഗങ്ങൾ പിടിപെട്ടിരുന്ന ഗിരിജനങ്ങൾക്ക് ഇന്ന് ശുദ്ധജലം എത്തിച്ചുകഴിഞ്ഞു. അതുപോലെ ഇന്നലെവരെ അന്യന്റെ പക്കൽനിന്നും ആയുധങ്ങൾ വാടകയ്ക്കെടുത്ത് പണിയെടുത്തിരുന്ന ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ഇന്ന് ഗവൺമെന്റ് പണിയായുധങ്ങൾ നിർല്ലോഭം സൗജന്യമായി കൊടുക്കുന്നു. ഈ രാജ്യത്തെ ഗിരിജനങ്ങളെ ബോധവാന്മാരാക്കുന്നതിനും ഹരിശ്രീ പഠിപ്പിക്കുന്നതിനും എല്ലാ ഗിരിജൻ കോളനികളിലും ബാലവാടി ഉണ്ടായത് ബഹുമാനപ്പെട്ട കോടിയേരിയും കേശവനും കുറുപ്പേട്ടനും കണ്ടില്ല. ഇതൊക്കെ നിങ്ങളുടെ മുമ്പിൽ നടന്ന വസ്തുതയാണെന്ന് അംഗീകരിച്ചേ പറ്റൂ. കുറുപ്പേട്ടൻ ഹരിജൻ കോളനികൾ സന്ദർശിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അല്ലാതെ തിരുവനന്തപുരവും മാവേലിക്കരയുമായി നടന്നാൽ ഇത് കാണുകയില്ല. എല്ലാ കേന്ദ്രങ്ങളിലും കൃഷി പഠിപ്പിക്കുന്നതിന് ആഗ്രോ സർവീസ് സെന്റർ ഏർപ്പെടുത്തിയിട്ടുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, തൊഴിലാളി വർഗ്ഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള വിപ്ലവവും വീര്യവുമുള്ള ഒരു രാഷ്ട്രീയപാർട്ടിയാണെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പ്രസംഗിച്ചു. ശ്രീ. കോടിയേരിയോട് ചോദിക്കുകയാണ് ഏതു കൊല്ലത്തെ കാര്യമാണ് ഈ പറയുന്നത്. മാർക്സിസ്റ്റ് പാർട്ടിക്ക് വിപ്ലവവീര്യവുമുണ്ടായിരുന്നുവെന്നു ഞങ്ങളം സമ്മതിക്കുന്നു. ശ്രീ. റ്റി. വി. തോമസ്സും ശ്രീ. പി. ടി. പുന്നൂസ്സും ശ്രീ. എം. എൻ. ഗോവിന്ദൻ നായരും ഇതിന് നേതൃത്വം കൊടുത്തപ്പോഴം വിപ്ലവം ഉണ്ടായിരുന്നു. പക്ഷേ ഹരിജനങ്ങൾക്ക് ഭിദ്യാഭ്യാസമുണ്ടായപ്പോഴേ, വീടുണ്ടായപ്പോഴേ തൊഴിലുണ്ടായപ്പോഴേ ആ വിപ്ലവവും വീര്യവും സ്വീകരിക്കാൻ അവർ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറില്ല. നിങ്ങൾക്ക് എങ്ങനെ വിപ്ലവത്തിന് നേതൃത്വം കൊടുക്കാൻ സാധിക്കുമെന്ന് ഒന്ന് പരിശോധിച്ചുനോക്കൂ.. ശ്രീ. ആറുമുഖനും ശ്രീ. കോടിയേരിക്കും കൂടി വന്നാൽ പത്തമനാഭനും അല്ലാതെ ഈ രാജ്യത്തെ ചെറുപ്പക്കാർക്ക്, തൊഴിലില്ലാത്തവർക്ക് നേതൃത്വം കൊടുക്കാനുള്ള. നേതൃത്വം ഇന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടോ? പരിശോധിക്കണം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുള്ള ഇവിടത്തെ എം. എൽ. എ. മാരുടെ ശരാശരി വയസ്സ് എടുത്തു നോക്കൂ. കേരളത്തിലല്ല, ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടിയുടേയും കാര്യം നോക്കിയാൽ ഈ രാജ്യത്തെ പ്രശ്നങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ചങ്കൂറ്റമുള്ള നേതൃത്വം ഇന്ന് അവർക്ക് ഇല്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിപ്ലവം നടത്തേണ്ടതെ് യുവാക്കളാണെന്നാണോ ശ്രീ. ജോർജ് ധരിച്ചുവച്ചിട്ടുള്ളത്? തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലാണ് വിപ്ലവം നടത്തേണ്ടത്. ആ തൊഴിലാളിവർഗ്ഗത്തിൽ യുവാക്കളും വിദ്യാർത്ഥികളും ഈ രാജ്യത്തെ മുഴുവൻ ആളുകളും ഉണ്ടാകും. ബൂർഷ്വാ വർഗ്ഗതാൽപര്യങ്ങളെ കാത്തുസൂക്ഷിക്കുന്ന നിങ്ങളെയടക്കം കടപുഴുക്കിയെറിഞ്ഞുകൊണ്ട് ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗം വിപ്ലവം നടത്തുമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. ജോർജ്: സർ, കേരളത്തിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വിപ്ലവാത്മകമായ നേതൃത്വം കൊടുക്കുന്നതിന് തനേറടവും ചുറുചുറുക്കുമുള്ള ആളുകളും ഉണ്ടായിരുന്നപ്പോഴാണ് തൊഴിലാളിവർഗ്ഗം അവരുടെകൂടെ നിന്നിട്ടുള്ളത് എന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ഒന്നോ രണ്ടോ തലമുറ കഴിയുമ്പോൾ ഈ രാജ്യത്തെ പ്രശ്നങ്ങളും തൊഴിലാളികളുടെ പ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ ഇവിടത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ബലഹീനമാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകും.

ശ്രീ. ഒ. രേതൻ: സർ, കേരളത്തിലെ എല്ലാ വ്യവസായമേഖലകളിലും തൊഴിലാളികളുടെ ഹിതപരിശോധന നടത്തി ഭൂരിപക്ഷമുള്ള യൂണിയനുകളെ ട്രെയിഡ് യൂണിയനുകളായിട്ട് അംഗീകരിക്കാനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ നിങ്ങൾ തയ്യാറുണ്ടോ? ആർക്കാണ് ഭൂരിപക്ഷമെന്ന് നോക്കാമല്ലോ?

ശ്രീ. എ. ജോർജ്: സർ, അത് നല്ല പരിപാടിയാണ്. തൊഴിലാളികളുടെ കാര്യം മാത്രമല്ല പറഞ്ഞത്. ഹരിജനങ്ങളുടെയും കൂടി കാര്യമാണ് പറഞ്ഞത്. ഹരിജനങ്ങളുടെ കോളനികളിൽ ഒരു ഹിത പരിശോധന നടത്താൻ നിങ്ങൾക്ക് ചുണയുണ്ടോ? . ഹരിജനങ്ങളുടെ കോളനികളിൽ ഒരു ഹിതപരിശോധന നടത്താമെങ്കിൽ നിങ്ങൾക്ക് മനസ്സിലാകും ശ്രീ. കോടിയേരി, 1982-ലെ കാലാവസ്ഥയല്ല ഇന്നുള്ളതെന്ന്. ഇന്നത്തെ ഹിതപരിശോധന നിങ്ങൾക്ക് പ്രതികൂലമായി വിധിയെഴുതുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഹരിജനങ്ങളുടെ വസ്തു കൈയ്യേറിയതിനെപ്പറ്റി ഇവിടെ പരക്കെ പരാതിയുള്ളതാണ്. ശ്രീ. കോടിയേരിക്കറിയാമോ എന്റെ നിയോജകമണ്ഡലത്തിൽ ഹരിജനങ്ങളുടെ വസ്തു കൈയേറിയത് ഭൂരിപക്ഷവും അവിടത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രവർത്തകരാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പരിശോധിക്കാൻ തയ്യാറുണ്ടോ? ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പാർട്ടിയോടാണ് ഞാൻ പറയുന്നത്. നിങ്ങളുടെ പാർട്ടിയിലെ ഏതെങ്കിലും ജില്ലാ സെക്രട്ടറിയേയോ ഏതെങ്കിലും എം. എൽ. എ.യെയോ പത്തനാപുരം താലൂക്കിൽ വിട്ട് പരിശോധിക്കുകയാണെങ്കിൽ ഭൂരിപക്ഷം ഹരിജനങ്ങളുടെയും ഭൂമി കൈയ്യേറിയത് മാർക്സിസ്റ്റ് പാർട്ടിക്കാരുടെ പ്രവർത്തകരാണെന്ന് ഞാൻ തെളിയിച്ചുതരാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ട ആരെങ്കിലും ഭൂമി കൈയ്യേറിയിട്ടുണ്ടെങ്കിൽ അത് ഒരു ആരോപണമാണ്. അത് എഴുതിത്തന്നിട്ട് ഉത്തരവാദിത്വബോധത്തോടുകൂടി ഉന്നയിക്കണം. ആരെങ്കിലും കൈയ്യേറിയിട്ടുണ്ടെങ്കിൽ അത് തെളിയിക്കാൻ ശ്രീ. ജോർജ് തയ്യാറുണ്ടോ? ശ്രീ. ജോർജിനെ വെല്ലുവിളിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ: സർ, അങ്ങനെ തെളിയിക്കുകയാണെങ്കിൽ ഭൂമി കയ്യേറിയവർക്ക് എതിരെ നടപടി സ്വീകരിക്കും. തെളിയിച്ചില്ലെങ്കിൽ ശ്രീ. ജോർജ് രാജിവയ്ക്കണം.

ശ്രീ. എ. ജോർജ്: ഞാൻ എഴുതിത്തരാൻ തയ്യാറാണ്. ഹരിജനങ്ങളുടെ ഭൂമി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ കൈയേറിയിട്ടുണ്ടെന്നു തെളിയിച്ചാൽ നിങ്ങൾ ഇപ്പോൾ എന്തു നടപടിയെടുക്കുമെന്ന് ഉറപ്പുതരണം.

ശ്രീ. ഒ. ഭരതൻ: സർ, ഭൂമി കൈയേറിയിട്ടുണ്ടെങ്കിൽ നിങ്ങൾ രാജിവയ്ക്കുമോ?

ശ്രീ. എ. ജോർജ്: സർ, നിങ്ങൾ ഭൂമി കൈയേറിയിട്ടുണ്ടെങ്കിൽ ഞാൻ എന്തിന് രാജിവയ്ക്കണം?

ശ്രീമതി കെ. ആർ. ഗൗരി: സർ, ഹരിജനങ്ങളുടെ ഭൂമി കൈയേറിയാൽ ആ കൈയേറിയ ഭൂമി തിരിച്ചെടുക്കുന്നതിന് ഒരു നിയമമുണ്ട്. ആ നിയമം പാസ്സാക്കിവച്ചിരിക്കുകയാണ്. അത് നിങ്ങൾക്ക് നടപ്പിലാക്കിക്കൂടേ?

ശ്രീ. എ. ജോർജ്: ശ്രീമതി ഗൗരിയമ്മ ഉൾപ്പെട്ട മന്ത്രിസഭയും ഈ നിയമം നടപ്പിലാക്കിയിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഞങ്ങൾ ഭൂമി കൈയേറാൻ നടന്നവരാണല്ലോ; പോകട്ടെ. അത് ഒഴിപ്പിച്ചെടുക്കാൻ നിങ്ങൾ ശ്രമിക്കണം; കേരള കോൺഗ്രസ്സിൽ എത്ര ആളുകളുണ്ടെന്ന് അപ്പോൾ കാണാമല്ലോ.

ശ്രീ. എ. ജോർജ്: സർ, നിങ്ങൾ നിയമങ്ങൾ ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ ഹരിജനങ്ങൾക്ക് ഭൂമി കിട്ടിക്കാണും. ഞാൻ അത് മറച്ചുവയ്ക്കുന്നില്ല. പക്ഷെ അതേ ഭൂമി തന്നെ നിങ്ങളുടെ ആളുകൾ അവരിൽ നിന്ന് കൈവശപ്പെടുത്തിയാൽ അത് അന്വേഷിക്കാൻ ശ്രീ. കോടിയേരി തയ്യാറുണ്ടോ?

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, അന്യാധീനപ്പെട്ട ഭൂമി തിരികെ നൽകുന്ന നിയമം 1977-ൽ പാസ്സാക്കിയതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭ വന്നെങ്കിലും ഇപ്പോഴാണ് അതിനെക്കുറിച്ച്. വീണ്ടും ക്യാബിനറ്റിൽ ആലോചിക്കുന്നത്. ആ കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീമതി. കെ. ആർ. ഗൗരി: 1977 മുതൽ 1980 വരെയുള്ള കാലത്ത് മുഖ്യമന്ത്രിയും ശ്രീ. ആൻറണിയും മറ്റു പലരുമുണ്ടായിരുന്നു.

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ ജൻമിമാരുടെ കയ്യിൽനിന്നും ഗവൺമെൻറ് ഏറെടുത്ത് ഹരിജനങ്ങൾക്ക് കൊടുക്കാൻ വേണ്ടി മാറ്റിവച്ചിരുന്ന മിച്ചഭൂമി രണ്ടാഴ്ച മുൻപ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും സി. പി. ഐ. യുടെയും നേതൃത്വത്തിൽ 400-ഓളം ആൾക്കാർ കയ്യേറുകയും കുടിൽ വയ്ക്കുകയും ചെയ്തു. അപ്പോൾ ഗവൺമെൻറ് ഇടപെട്ട്, കളക്ടറും ആർ. ഡി. ഒ. യും എസ്. പി. യുമൊക്കെ ചെന്ന് അവരെ ഇറക്കിവിട്ട സംഭവം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജോർജ്: സർ, ഇതൊക്കെ ഈ രാജ്യത്ത് നടക്കുന്ന സംഗതികളാണ്. ഹരിജനപ്രേമം പറയുകയും ചെയ്യും ഹരിജനങ്ങൾക്ക് കിട്ടുന്ന സർവ്വ ആനുകൂല്യങ്ങളും ചൂഷണം ചെയ്യുകയും ചെയ്യും. ഈ കാഴ്ചപ്പാടിനു ഒരു മാറ്റം വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

കഴിഞ്ഞ 4 കൊല്ലക്കാലം വിനോദസഞ്ചാരത്തിന് വേണ്ടത്ര ഊന്നൽ കൊടുത്തിട്ടില്ലെന്നു ഞാൻ പരാതിപ്പെടുകയാണ്. കേരളം ഒട്ടാകെ പരിശോധിച്ചുനോക്കുകയാണെങ്കിൽ പല സ്ഥലങ്ങളും വിനോദസഞ്ചാരത്തിന് പറ്റിയ കേന്ദ്രങ്ങളാണ്. പക്ഷെ എല്ലാ വിനോദകേന്ദ്രങ്ങളും ഒന്നിച്ചാരംഭിക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് ഒരു സ്റ്റഡി നടത്തി ഏറ്റവും കുറച്ചു തുകമുടക്കി കൂടുതൽ ആളുകളെ ആകർഷിക്കാവുന്ന കേന്ദ്രങ്ങളെക്കുറിച്ച് പഠിച്ച് അവ വിനോദസഞ്ചാര കേന്ദ്രമാക്കി വളർത്തണമെന്നാണ് എന്റെ അഭിപ്രായം. എന്റെ നിയോജകമണ്ഡലത്തിലെ കല്ലട ഡാമും പേരുകേട്ട പാലരുവി വെള്ളച്ചാട്ടവും കണക്റ്റുചെയ്തുകൊണ്ട് ഒരു ടൂറിസ്റ്റു കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീമതി പി. ദേവുട്ടി: സർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ ആരോഗ്യരംഗമെടുത്തു പരിശോധിച്ചാൽ കുടുംബാസൂത്രണരംഗത്ത് വമ്പിച്ച പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ആരോഗ്യസംരക്ഷണരംഗത്ത് നമുക്ക് പുരോഗതിയുണ്ടായിട്ടില്ലെന്ന് കാണാൻ കഴിയും. മലബാറിലുള്ള ആളുകൾക്ക് കർണ്ണാടകത്തിലെ മണിപ്പാൽ ആശുപത്രിയെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ഇങ്ങോട്ടു വന്നാൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് മെച്ചപ്പെട്ട ചികിൽസ കിട്ടാത്തതിനാൽ ആശ്രയിക്കേണ്ടിവരുന്നത് മദ്രാസിനെയാണ്. അങ്ങനെ നമ്മുടെ സംസ്ഥാനം കർണ്ണാടകത്തെയും മദ്രാസിനെയും ആശ്രയിക്കുകയാണ്. ഇതിനിടയിൽ മാതൃഭൂമി പത്രത്തിൽ ഇതിനെപ്പറ്റി നിരന്തരമായ ലേഖനങ്ങൾ വന്നു. നമ്മുടെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയില്ലായ്മയെ സംബന്ധിച്ചും പോരായ്മകളെ സംബന്ധിച്ചും ആ

LIBRARY ARCHIVES Kerala Legislative Assembly

ലേഖനങ്ങളിൽ വ്യക്തമായി എഴുതിയിരുന്നു. അത് ഓരോന്നായി ഞാൻ എടുത്തു പറയുന്നില്ല. എന്നാൽ ഇയ്യടുത്തകാലത്തായി മലയാള മനോരമ പത്രത്തിൽ ഒരു വാർത്ത വരുകയുണ്ടായി. തിയതി എന്നാണെന്ന് ഞാൻ ഓർക്കുന്നില്ല. എറണാകുളം ജനറൽ ആശുപത്രിയിൽ നടന്നിട്ടുള്ള ഒരുണമായ സംഭവം ആണത്. മേരി എന്നു പറയുന്ന അഞ്ചു കുട്ടികളുടെ അമ്മ രക്ത ബാങ്കിൽ നിന്നും രക്തം സ്വീകരിച്ചതിനെത്തുടർന്ന് അവരുടെ രണ്ടു കണ്ണിന്റെയും കാഴ്ച പോയി. നമ്മുടെ ആരോഗ്യവകുപ്പിന്റെ കാര്യക്ഷമതയില്ലായ്മയിലേക്കുള്ള ഏറ്റവും വലിയൊരു വിരൽ ചൂണ്ടലാണിത്. അതുപോലെതന്നെ ഷംസുദ്ദീൻ എന്ന ഒരു ചെറുപ്പക്കാരന്റെ മരണത്തിനിടയായി. പക്ഷെ അന്വേഷണ റിപ്പോർട്ട് എന്താണ് പറഞ്ഞത്? ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടാണത്. അന്വേഷണ റിപ്പോർട്ടിൽ പറയുന്നത് ലാബ്ബട്ടറിയും പരിസരവും വളരെയധികം ശുചിത്വമില്ലാത്തതായിരുന്നു, അണുബാധ കൊണ്ടാണ് കണ്ണിന്റെ കാഴ്ച പോയതെന്നാണ്. ശുചിത്വമില്ലാത്ത ലാബ്ബട്ടറിയും ചീത്തയായ ഫ്റിഡ്ജും ആവശ്യത്തിനു പരിശീലനം നേടാത്ത ടെക്നീഷ്യനും—ഇതിലപ്പുറം പിന്നെ എന്താണ് വേണ്ടത്? ഒരു ജനറൽ ആശുപത്രിയിൽ വച്ച് രണ്ടു കണ്ണും പോയ ആ വീട്ടമ്മയ്ക്ക് സർക്കാർ എന്തു സഹായം ചെയ്തുകൊടുത്തു? അഞ്ചു കുട്ടികളുടെ മാതാവാണ്. അതുപോലെതന്നെ ഒരു കുടുംബനാഥനായ ഷംസുദ്ദീന്റെ ജീവൻ അപഹരിച്ചതിന് എന്തു സഹായം ചെയ്തുകൊടുത്തു? നമ്മുടെ രാജ്യത്തെ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ ഇയ്യടുത്തകാലത്തൊന്നും കഴിയുകയില്ലെന്നാണ് എനിക്കു തോന്നുന്നത്. കാരണം ഓരോ കൊല്ലവും ബഡ്ജറ്റിൽ കാശ് കുറഞ്ഞുകുറഞ്ഞുവരികയാണ്. ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി നീക്കിവയ്ക്കുന്ന കാശ് ഓരോ കൊല്ലവും എടുത്തു പരിശോധിച്ചാൽ കുറഞ്ഞുകുറഞ്ഞു വരുന്നതായി നമുക്കു കാണാം. മെച്ചപ്പെട്ട ചികിൽസ കിട്ടാൻ ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് എന്തു സൗകര്യമാണുള്ളത്? ഇപ്പോൾ 101 കോടി രൂപയോളം മിച്ചമുണ്ടല്ലോ? നമ്മുടെ നാട്ടിലാണെങ്കിൽ റോഡപകടങ്ങൾ കൂടിവരികയാണ്. തലച്ചോറിന് കേടുപറ്റിയാൽ സ്കാനിംഗ് നടത്തുകയെന്ന ശാസ്ത്രീയ സമ്പ്രദായം നമ്മുടെ രാജ്യത്ത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ അത്തരത്തിൽ സ്കാനിംഗ് നടത്തുന്നതിനുള്ള ഉപകരണം എന്നാണുണ്ടായത്? മൂന്നു വർഷം മുമ്പ് എനിക്ക് സ്കാനിംഗിന്റെ ആവശ്യം വന്നപ്പോൾ എന്നെ മദ്രാസിലാണ് കൊണ്ടു പോയത്. മദ്രാസിൽ അല്ലെങ്കിൽ മണിപ്പാൽ ഹോസ്പിറ്റലിൽ പോകണം. ഇയ്യടുത്തകാലത്തായി ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെൻറിൽ അത് വന്നിട്ടുണ്ട്. പക്ഷേ അവിടെയുള്ള തിരക്ക് ചെറുതൊന്നുമല്ല. നമ്മൾ വിചാരിക്കുന്നപോലെ പാവപ്പെട്ടവർക്കു ചെന്നു ചികിൽസ നടത്താനാവില്ല. കേരളത്തിന്റെ അഭിമാനസ്തംഭമാണ് ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെൻറർ എന്നാണെന്റെ അഭിപ്രായം. പക്ഷെ അവിടെ സ്കാനിംഗ് മെഷീൻ ഉണ്ടായാൽ അത് പാവപ്പെട്ടവർക്ക് എങ്ങനെ കിട്ടും? നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസരംഗംപോലെ ആരോഗ്യസംരക്ഷണരംഗവും ഒരു കച്ചവട രംഗമായി മാറിക്കൊണ്ടിരിക്കുകയാണ്.

ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഗവൺമെൻറ് ആശുപത്രിയിലെ ഡോക്ടർമാർ പ്രൈവറ്റ് ആശുപത്രിയിൽ ഉണ്ടെന്ന കാര്യവും പ്രൈവറ്റ് ചികിൽസ നടത്തുന്നുവെന്ന കാര്യവും നമ്മുടെ ഭരണസംവിധാനത്തിന് ഒഴിവാക്കാനാകുമോ? നല്ലനല്ല ഡോക്ടർമാർ എത്രസമയം, ആശു

LIBRARY ARCHIVES Kerala Legislative Assembly

പത്രിയിൽ ചെലവഴിക്കുന്നു? പ്രൈവറ്റ് പ്രാക്ടീസും പ്രൈവറ്റ് ആശുപത്രിയുമാണ്. വീട്ടിൽ സീരിയസ് കേസ് നോക്കുന്നുവെന്നുള്ളതല്ല പ്രശ്നം. പ്രൈവറ്റ് ആശുപത്രിയും പ്രൈവറ്റ് പ്രാക്ടീസും നമ്മുടെ രാജ്യത്ത് സാർവ്വത്രികമായിവരികയാണ്.

അതുപോലെതന്നെ നമ്മുടെ ലാബ്ബട്ടറികളും എടുത്തു പരിശോധിച്ചാൽ എന്തു ശൂന്യമാണ്! എത്രമാത്രം ശുചിത്വം അവിടെ പാലിക്കുന്നുണ്ട്? രാജ്യത്ത് പ്രൈവറ്റ് ലാബ്ബട്ടറികളും കൂണുകളും പോലെ പൊങ്ങിവരികയാണ്. എല്ലാ സ്ഥലത്തും ലാബ്ബട്ടറികളാണ്; പ്രൈവറ്റ് ലാബ്ബട്ടറികളാണ്. അവിടെനിന്നു കിട്ടുന്നത് മെച്ചപ്പെട്ട പരിശോധനയാണോ? ടെസ്റ്റ് ചെയ്യുന്നതിൽ തെറ്റുപറ്റിയാൽ രോഗി മരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ സംവിധാനത്തിലാകെ അഴിച്ചുപണിയുണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മെച്ചപ്പെട്ട ചികിൽസാ സൗകര്യം കേരളത്തിനു കിട്ടണം. 39 വർഷമായിട്ടും മെച്ചപ്പെട്ട ചികിൽസ കിട്ടാൻ നമുക്ക് സാധിക്കുന്നില്ല.

മറ്റൊരു കാര്യം പറയുവാനുള്ളത് നമ്മുടെ കണ്ണാശുപത്രിയെപ്പറ്റിയാണ്. നമ്മുടെ കണ്ണാശുപത്രിയിലെ പല ഡോക്ടർമാരും കഴിവുള്ളവരാണ്. പക്ഷേ അവർക്ക് ചികിൽസിക്കുന്നതിനാവശ്യമായിട്ടുള്ള ഉപകരണങ്ങളൊന്നുമില്ല. മെഡിക്കൽ കോളേജിൽ യൂണിറ്റ് ചീഫ്മാരുണ്ട്. അവർക്കാവശ്യമായ ഇൻസ്ട്രുമെന്റ്സ് കൊടുക്കില്ല, അവർക്കാവശ്യമുള്ള നെഴ്സുമാരെ കൊടുക്കില്ല. പിന്നെ അവർ എങ്ങനെ ചികിൽസിക്കും? നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റാശുപത്രികളും മെഡിക്കൽ കോളേജിനും പുറമേ മെഡിക്കൽ കോളേജിനോട് സമാനമായിട്ടുള്ള പ്രൈവറ്റ് ആശുപത്രികളും വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ അവിടെ പ്രാക്ടീസ് ചെയ്യുന്നു. ഇത് നമുക്ക് എങ്ങനെ അവസാനിപ്പിക്കാൻ കഴിയും? അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് മെച്ചപ്പെട്ട ചികിൽസാസമ്പ്രദായം ലഭിക്കണമെന്നുള്ളതാണ്. കാശ് മിച്ചമുണ്ടെന്നു പറഞ്ഞ് ആളുകളെ പാറിച്ചിട്ട് കാര്യമില്ല. ജനങ്ങളുടെ ആരോഗ്യമാണ് പ്രധാനം. അതുകൊണ്ട് നമ്മുടെ ആരോഗ്യ സംരക്ഷണ രംഗത്ത് വളരെ വ്യാപകമായ തോതിൽ നല്ല ഉപകരണങ്ങളും നല്ല ഡോക്ടർമാരെയും നിലനിറുത്തുന്നതിനും പ്രൈവറ്റ് പ്രാക്ടീസ് ഒഴിവാക്കുന്നതിനും നമുക്ക് സാധിക്കണം.

മറ്റൊന്ന് പറയുവാനുള്ളത് ഡിസ്പെൻസറികളെപ്പറ്റിയാണ്. എത്രയാണ് 600-ഓളം ഡിസ്പെൻസറികളും നമ്മുടെ രാജ്യത്തുണ്ട്. എന്തുമരുന്നാണവിടെയുള്ളത്? ഡോക്ടർമാരുടെ കുറ്റംകൊണ്ടല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പറയുമായിരിക്കും ആശുപത്രികൾക്കാവശ്യമായിട്ടുള്ള മരുന്നുകളും വാങ്ങാൻ ഡി. എം. ഒ. മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന്. അതുപോലെതന്നെ ആ മരുന്നുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള അധികാരം കൊടുത്തിട്ടുണ്ടെന്നും പറയും. എം. എൽ. എ മാർ നിയമസഭയിൽ പ്രസംഗിച്ചാൽ എന്തെങ്കിലുമൊരു പ്രതിഫലമുണ്ടാകണം. എന്തെങ്കിലും രാജ്യത്തു നടപ്പിലാക്കണം. രാജ്യത്തിന്റെ വികാരം മാനിക്കുന്നവരായ ജനപ്രതിനിധികളെന്ന നിലയിൽ നിയമസഭയിൽ പ്രസംഗിച്ചാൽ എന്താണ് കാര്യം? എന്തെങ്കിലും കാര്യമുണ്ടോ? വെള്ളത്തിലെ വരപോലെ പോകുകയാണ്. ഇതൊരു ചടങ്ങാണോ? അല്ല. ഡിസ്പെൻസറികളിൽ മരുന്നു സൂക്ഷിക്കാനുള്ള ഫ്രിഡ്ജ് ഇല്ല. 600-ഓളം

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന കേരളത്തിലെ ഡിസ്പെൻസറികളിൽ മരുന്നു സൂക്ഷിക്കാൻ ഫ്റിഡ്ജ് ഇല്ലെന്നുപറഞ്ഞാൽ എന്തു മിച്ചമാണുള്ളത്? എന്തിനാണ് മിച്ചം പറയുന്നത്? 600-ഓളം ആശുപത്രികളിൽ 5,000-വും 6,000-വും രൂപ വിലവരുന്ന ഫ്റിഡ്ജ് വാങ്ങിക്കാൻ സാധിക്കുന്നില്ല. നമ്മുടെ ഡിസ്പെൻസറികളിൽ ഒരു മരുന്നുമില്ല. ജലദോഷത്തിനു മരുന്നുണ്ടെങ്കിൽ കുഞ്ഞുങ്ങൾക്കുള്ള ശ്വാസംമുട്ടലിന് മരുന്നില്ല. തലവേദനയ്ക്കു മരുന്നുണ്ടെങ്കിൽ പനിക്ക് മരുന്നില്ല. ഏതെങ്കിലും ഒരാശുപത്രിയിൽ ഏതെങ്കിലുമൊരു മരുന്ന് പൂർണ്ണമായി വാങ്ങാൻ സാധിക്കുമോ? കുട്ടികൾക്ക് എടുക്കേണ്ട പ്രതിരോധകുത്തിവയ്പിനു ജില്ലാ ആശുപത്രിയിൽ പോകണം. അല്ലെങ്കിൽ താലൂക്കാശുപത്രിയിൽ പോകണം. എനിക്ക് പറയുവാനുള്ളത് മുഴുവൻ ഡിസ്പെൻസറികളിലും നമുക്ക് ഫ്റിഡ്ജ് ഉണ്ടാക്കാൻ കഴിയണം. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പും ഗർഭിണികൾക്കാവശ്യമായിട്ടുള്ള കുത്തിവയ്പുകളും നടത്താൻ നമ്മുടെ രാജ്യത്തുള്ള ഡിസ്പെൻസറികൾക്ക് സാദ്ധ്യമാകണം. എങ്കിൽ മാത്രമേ ഗ്രാമീണ ജനതയുടെ ആരോഗ്യം സംരക്ഷിക്കാനുള്ള സാഹചര്യം ഉണ്ടാകുകയുള്ളു. അതുപോലെതന്നെ നമ്മുടെ ഇ. എസ്. ഐ. ആശുപത്രികളിൽ എക്സ്റേ ഫ്യാൻറില്ല. അവിടെ യാതൊരു പ്രവർത്തനവുമില്ല, തൊഴിലാളികൾക്ക് ലീവ് കിട്ടണമെങ്കിൽ ഡോക്ടർമാർക്ക് കാശ് കൊടുക്കണം. ഇ. എസ്. ഐ. ആശുപത്രികളെ നന്നാക്കിയെടുക്കണമെന്ന് പ്രതിജ്ഞയെടുത്തുകൊണ്ട് ഇത്തരത്തിലുള്ള ഇ. എസ്. ഐ. ആശുപത്രികളെ സംബന്ധിച്ച വിവരം ശേഖരിക്കുവാൻ നമ്മുടെ സർക്കാരിന് കഴിയണം. മറൊന്ന്, നേഴ്സുമാരുടെ കാര്യമാണ്. നേഴ്സുമാരുടെ കാര്യം വളരെ ദയനീയമാണ്. ആറ് ബെഡ്ഡിന് ഒരു നേഴ്സ് എന്ന അനുപാതമാണെന്നാണ് എനിക്കു തോന്നുന്നത്. ഇന്ന് നമ്മുടെ മെഡിക്കൽ കോളേജ് ആശുപത്രിയിലോ ജനറൽ ആശുപത്രിയിലോ പോയാൽ മുപ്പത്, നാൽപ്പത് ബെഡ്ഡിനാണ് ഒരു നേഴ്സ് എന്നു കാണാൻ കഴിയും. അവർക്ക് ഉണ്ണാനോ, കാപ്പി കുടിക്കാനോ ഉറങ്ങാനോ സാധിക്കുന്നില്ല. രണ്ട് രോഗികളുടെ ദീനരോദനം ഒന്നിച്ചു കേൾക്കുകയാണെങ്കിൽ അവിടെ അവർക്ക് ഓടിയെത്താൻ കഴിയുന്നില്ല. അതാണ് സ്ഥിതി. ഈ സ്ഥിതിക്ക് എങ്ങനെ പരിഹാരമുണ്ടാകും? ആശുപത്രി സംവിധാനങ്ങളാകെ പുനഃപരിശോധിച്ചുകൊണ്ട് ആശുപത്രി സംവിധാനത്തിൽ മാറ്റമുണ്ടാകേണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ നമ്മുടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇന്നും ഒരു കമ്മിറ്റിയില്ലെന്നാണ് പറയുന്നത്. ആശുപത്രി കമ്മിറ്റികൾ വേണം. ആശുപത്രി കമ്മിറ്റികൾക്ക് ഗവൺമെന്റിൽ അതാത് സമയത്ത് ജനപങ്കാളിത്തത്തോടുകൂടി നിർദ്ദേശം വയ്ക്കാൻ കഴിയണം. ഇത്രയും കാര്യങ്ങളാണ് ആശുപത്രികളെപ്പറ്റി എനിക്ക് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മറൊന്ന് സാമൂഹ്യ ക്ഷേമത്തെ സംബന്ധിച്ചാണ്. സാമൂഹ്യ ക്ഷേമരംഗത്ത് ഐ. സി. ഡി. എസ്. പ്രോഗ്രാം തീർച്ചയായും നല്ല കാര്യമാണ്. പക്ഷേ ഇന്ന് അത് നടക്കുന്നത് കോലായിലും കുളക്കടവിലും തകർന്നുവീഴാൻ പോകുന്ന കെട്ടിടങ്ങളിലുമാണെന്ന് നമ്മൾക്കു കാണാൻ കഴിയും. 25 രൂപയാണ് കെട്ടിട വാടക നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഈ രാജ്യത്ത് മഹിളാസമാജങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കിയ ആയിരക്കണക്കിന് കെട്ടിടങ്ങൾ അംഗൻവാടിക്കു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തതിന് വാടകയില്ല. എന്റെ അടുത്ത് ഒരു അംഗൻവാടിയുണ്ട്. ആ അംഗൻവാടി ഇട്ടിരിക്കുന്നതിന്റെ പിൻപിലെ ഭാഗവും മുൻപിലെ ഭാഗവും കുളമാണ്. രക്ഷിതാക്കൾ കുട്ടികളെ അയയ്ക്കാൻ ഭയപ്പെടുന്നു. അതിനൊരു പരിഹാരം കാണണം. അതുപോലെ കുട്ടികൾക്കിരിക്കാനുള്ള സൗകര്യങ്ങൾ കൊടുക്കണം. ബാലവാടി വർക്കറുടെയും ഹെൽപ്പറുടെയും ശമ്പളം വർദ്ധിപ്പിക്കണം. ഇത്രമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർക്കുകയാണ്.

ശ്രീ. കെ. പി. രാമൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറുകളെ ഞാൻ അനുകൂലിക്കുകയാണ്. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് ഞാനുൾപ്പെടുന്ന ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിനുള്ള ഡിമാൻറുകളെ അനുകൂലിച്ച് സംസാരിക്കാൻ സന്ദർഭം കിട്ടിയതിൽ സന്തോഷമുണ്ട്. മുൻപ് ഒരു ഗവൺമെൻറും രൂപം നൽകാത്തവിധം വിപുലവും ദീർഘ ദൃഷ്ടിയോടുകൂടിയതുമായ പരിപാടികളാണ് ഈ ഗവൺമെൻറ് ദുർബല വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. നൂറ്റാണ്ടുകളായി അവഗണനയുടെ കഥ മാത്രം പറയാനുണ്ടായിരുന്ന ഈ വിഭാഗത്തിന് സമൂഹത്തിൽ ആശ്വാസവും ആത്മവീര്യവും സംതൃപ്തിയുമുണ്ടാക്കിക്കൊടുക്കുന്നതിന് ഐക്യ ജനാധിപത്യമുന്നണി ഗവൺമെൻറിന് സാധിച്ചിട്ടുണ്ടെന്ന് നമുക്കറിയാവുന്നതാണ്. ഹരിജൻ-ഗിരിജന ക്ഷേമത്തിനുവേണ്ടിയുള്ള വകുപ്പുകളുടെ അന്തസ്സും നിലവാരവും ഉയർത്തുന്നതിനും ഈ ഗവൺമെൻറിന് സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഹരിജൻ-ഗിരിജന ക്ഷേമപദ്ധതികളുടെ നിർവ്വഹണത്തിൽ അധികാര വികേന്ദ്രീകരണം നടത്തുകയുണ്ടായി. അതിന്റെ ഫലമായി നമ്മുടെ നാട്ടിൻപുറങ്ങളിലുള്ള ദുർബല വിഭാഗങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കിക്കൊണ്ട് അവരുടെ ഉന്നതിക്കുവേണ്ടി ഗവൺമെൻറിന് ഒട്ടേറെ പദ്ധതികൾ ഉണ്ടാക്കാൻ സാധിച്ചുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഹരിജൻ-ഗിരിജന സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങളെ സംബന്ധിച്ച് പല മെമ്പർമാരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാണെങ്കിൽ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെൻറ് തയ്യാറായി. മാത്രമല്ല ഹരിജൻ-ഗിരിജൻ വെൽഫെയർ ഹോസ്റ്റലുകളിലായാലും ട്രൈബൽ വെൽഫെയർ ഹോസ്റ്റലുകളിലായാലും കോസ്മോപോളിറ്റൻ ഹോസ്റ്റലുകളിലായാലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഒട്ടേറെ സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്നതിന് ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി ഇവിടെ എസ്. എസ്. എൽ. സി. റിസൽട്ടു വന്നപ്പോൾ പത്രങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്, പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഒട്ടേറെ ഫസ്റ്റ് ക്ലാസ്സ് ലഭിച്ചുവെന്നാണ്. അങ്ങനെയുള്ള സഹായങ്ങൾ ഈ ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. സർ, 1984, നാം ഹരിജൻ-ഗിരിജന വർഷമായി ആഘോഷിക്കുകയുണ്ടായി. അതിന്റെ ഫലമായി ഒട്ടേറെ കർമ്മപരിപാടികൾ ഐക്യജനാധിപത്യ ഗവൺമെൻറ് ഈ സംസ്ഥാനത്ത് നടപ്പാക്കുകയുണ്ടായി. അങ്ങനെ അവശ വിഭാഗങ്ങൾക്ക് സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയരുന്നതിന് ഒരു അവസരം കിട്ടിയെന്നുള്ളത് ഒരു വാസ്തവമാണ്. ഈ ഹരിജൻ-ഗിരിജന വർഷത്തിൽ ഒട്ടേറെ കർമ്മപരിപാടികൾ നടപ്പാക്കിയതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

സമൂഹത്തിലെ മറ്റു വിഭാഗക്കാരോടൊപ്പം സ്റ്റാറ്റസ് ഉയർത്തുന്നതിന് ഈ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തുള്ള ഹരിജന-ഗിരിജന സമുദായത്തിൽപ്പെട്ട ധാരാളം പേർക്ക് വ്യാപാരികളും വ്യവസായികളുമായി മാറുവാൻ സാധിച്ചു, അതുപോലെ തന്നെ 26 ബസ്സുകൾ നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്തതിന്റെ ഫലമായി ഹരിജന-ഗിരിജനങ്ങൾ ബസ്സിന്റെ ഉടമകളായി മാറി. ഇന്ന് വ്യാവസായിക രംഗത്തായാലും വിദ്യാഭ്യാസ രംഗത്തായാലും ഒട്ടേറെ ചലനമുണ്ടാക്കുവാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു സത്യമാണ്. പിന്നെ നമ്മുടെ സംസ്ഥാനത്ത് ധാരാളം ഹോസ്റ്റലുകളുണ്ട്, ഈ ഹോസ്റ്റലുകൾക്കെല്ലാം തന്നെ ധാരാളം പരാതികളുണ്ട്. ആ പരാതികൾ പരിശോധിച്ച് ഓരോന്നിനും പരിഹാരം കാണുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറായിരിക്കുകയാണ്. അതുകൂടാതെ ഹരിജനങ്ങളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഗവൺമെന്റ് പല പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി ഈ വിഭാഗക്കാർ സാംസ്കാരിക രംഗത്ത് പിന്നിലല്ലെന്ന തോന്നൽ അവർക്കുണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കലാമേളകൾ സംഘടിപ്പിച്ചുകൊണ്ട് അവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി മുന്നോട്ട് വന്ന ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ രംഗത്ത് പതിനൊന്നോളം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അതുപോലെ സാമ്പത്തികമായി ഉയരുന്നതിനു വേണ്ടി ആറോളം പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഗിരി വർഗ്ഗക്കാരുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനുവേണ്ടി ഇരുപതോളം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഗിരിജനങ്ങൾ സാമ്പത്തികമായി ഉയരുന്നതിനുവേണ്ടി ആറോളം പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. ഇന്ന് നടപ്പാക്കുന്ന പദ്ധതികളുടെ ഗുണം ഇവർതന്നെ അനുഭവിക്കുന്നുണ്ടോയെന്ന് അന്വേഷിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയതിന്റെ ഫലമായി ഇവരെ ചൂഷണം ചെയ്യുന്നതിന് ആരും തയ്യാറാകുന്നില്ല. അതുകൊണ്ട് ആ ആനുകൂല്യങ്ങൾ ഇവർക്ക് തന്നെ ശരിക്ക് അനുഭവിക്കാൻ സാധിക്കുന്നുണ്ട്. അങ്ങനെ സാമ്പത്തികമായും സാമൂഹ്യമായും ഉയർന്നുവന്നതിനാൽ, ഒരു കാലത്ത് നാട്ടുപ്രമാണിമാരുടെയും മേലാളൻമാരുടേയും അടിമകളായി കഴിഞ്ഞിരുന്ന ഇവർക്ക് ഇന്ന് മനുഷ്യരാണെന്ന ബോധം ഉണ്ടായിക്കഴിഞ്ഞിരിക്കയാണ്. സർ, ഹരിജന-ഗിരിജന വർഷത്തിൽ ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയപ്പോൾ ഒരു ഗുണം കൂടി ചെയ്യുന്നതിന് ഇവിടത്തെ ഗവൺമെന്റ് തയ്യാറായി. താല്കാലിക ജീവനക്കാരായിരുന്ന ഹരിജന-ഗിരിജനങ്ങളെ ഏറെക്കുറെ സ്ഥിരപ്പെടുത്തി. അങ്ങനെ നമ്മുടെ സംസ്ഥാനത്ത് ഓരോ ഡിപ്പാർട്ടുമെന്റിലും താൽക്കാലികമായി ജോലിചെയ്തിരുന്ന ധാരാളം ഹരിജന-ഗിരിജന സമുദായത്തിൽപ്പെട്ട ചെറുപ്പക്കാർക്ക് സ്ഥിരമായി ജോലി സമ്പാദിക്കാൻ സാധിച്ചിട്ടുണ്ട്. സർ, ഹരിജന-ഗിരിജന വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള സൗകര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ടെങ്കിൽത്തന്നെയും നമ്മുടെ വെൽഫെയർ ഡിപ്പാർട്ടുമെൽറുകളിലും, കോസ് മോപോളിറ്റൻ ഹോസ്റ്റലുകളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ധാരാളം പരാതികളുണ്ട്, അവർക്ക് വെള്ളത്തിന്റേയും വെളിച്ചത്തിന്റേയും പ്രശ്നമുണ്ട്. അതുപോലെ ഫർണിച്ചറിന്റെ പ്രശ്നമുണ്ട്, ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരുകാര്യം ഹെൽത്തിനെ സംബന്ധിച്ചാണ് സൂചിപ്പിക്കുവാനുള്ളത്. നമ്മുടെ സംസ്ഥാനത്തുള്ള ആശുപത്രികളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ആകെ നീക്കിവച്ചിട്ടുള്ളത് 6 ലക്ഷം രൂപ മാത്രമാണ്. ആ തുക കൊണ്ട് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള ആശുപത്രികളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിക്കുകയില്ലെന്ന കാര്യം മനസ്സിലാക്കിക്കൊണ്ട് അത് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണം. നമ്മുടെ ആശുപത്രികളിൽ ഉപയോഗിക്കുന്ന മരുന്നുകളെ സംബന്ധിച്ച് ഡോക്ടർമാരടക്കമുള്ള ജീവനക്കാർക്ക് വളരെയധികം സംശയങ്ങളുണ്ട്. നമ്മുടെ നിയമസഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പറെ ഇന്നലെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റു ചെയ്യുകയുണ്ടായി. അദ്ദേഹത്തിന് ഗ്ലൂക്കോസ് നൽകുന്നതിന് ജീവനക്കാർ തയ്യാറായപ്പോൾ അധികൃതർ പറഞ്ഞത് ആശുപത്രിയിലുള്ള ഗ്ലൂക്കോസുകയറിയാൽ വിറയലുണ്ടാകുമെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ പുറത്തുനിന്നും അത് വാങ്ങേണ്ട ഗതികേടാണുണ്ടായത്. ഒരു മെമ്പറെ സംബന്ധിച്ചിടത്തോളമോ അല്ലെങ്കിൽ മറ്റു മെമ്പറൻമാരെ സംബന്ധിച്ചിടത്തോളമോ ഇക്കാര്യത്തിൽ പ്രശ്നമുണ്ടാകുകയില്ല. പക്ഷെ സാധാരണ ജനങ്ങളെ സംബന്ധിച്ചടത്തോളം ഇത് പ്രശ്നമുള്ള കാര്യമാണ്. അതുപോലെ നമ്മുടെ സംസ്ഥാനത്ത് പിന്നോക്ക പ്രദേശങ്ങളുൾപ്പെടുന്ന വയനാട്, കോഴിക്കോട്, കാസർക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളുൾപ്പെടുത്തി 48 കോടി രൂപ മുതൽമുടക്കിക്കൊണ്ട് ഇൻഡ്യൻ പോപ്പുലേഷൻ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കിയതിന്റെ ഫലമായി ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട പല സ്ഥാപനങ്ങൾക്കും പുതുതായി കെട്ടിടമുണ്ടാക്കിക്കൊടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇപ്പോൾ വികസന പരിപാടികൾ ഇൻഡ്യൻ പോപ്പുലേഷൻ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പ്രോജക്ടിന് ധാരാളം പണം ആവശ്യമുണ്ടെങ്കിൽ തന്നെയും അത് ദുർവ്യയം ചെയ്യുന്നുണ്ടോയെന്ന് സംശയിച്ചുപോകയാണ്. ഞാൻ ഇത് സൂചിപ്പിക്കുന്നത് ആവശ്യമില്ലാതെ വാഹനങ്ങൾ വാങ്ങുന്ന സ്വഭാവമുള്ളതുകൊണ്ടാണ്. സർ, ഡി. എച്ച്. എസ്സും ജില്ലാ പ്രോജക്ട് ഓഫീസർമാരും പല ആനുകൂല്യങ്ങളും പറ്റുന്നുണ്ടെങ്കിലും ഈ പ്രോജക്ടുമായി ബന്ധപ്പെടുന്ന കീഴ് ജീവനക്കാർക്ക് പല ആനുകൂല്യങ്ങളും നൽകുന്നതിന് അവർ തയ്യാറാകുന്നില്ല. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെകടർമാർ, ക്ലാർക്ക്, ഫാർമസിസ്റ്റ് എന്നിവർക്ക് 1983-84, 1984-85 എന്നീ വർഷങ്ങളിലെ ടി. എ. പോലും നൽകിയിട്ടില്ല. ആവശ്യമില്ലാതെ വാഹനങ്ങൾ വാങ്ങുന്നു. മേൽസൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിൽ സഞ്ചരിക്കാൻ സാധിക്കാത്ത സ്റ്റാൻഡേർഡ് കാറുകൾ വാങ്ങുന്നതിന് അവർ തയ്യാറാകുന്നു. ഇറക്കമുള്ള സ്ഥലങ്ങളിൽ ഇത്തരം വാഹനങ്ങൾ ഓടിക്കാൻ സാധിക്കുന്നില്ല. അത്തരം കാര്യങ്ങളിൽ മുഖ്യമന്ത്രി ശ്രദ്ധിക്കണം.

1 P.M.

മരുന്നുവിതരണ കാര്യത്തിൽ ധാരാളം അപാകതകളുണ്ട്. 1961-ൽ നടപ്പിലാക്കിയ നയം തന്നെയാണ് ഇപ്പോഴും തുടർന്നുവരുന്നത്. അന്നാണ് ജില്ലാ സ്റ്റോറുകൾ ഉണ്ടായത്. അതിനുശേഷം നമ്മുടെ സംസ്ഥാനത്ത് ഓരോ ജില്ലകളിലും ധാരാളം ആശുപത്രികളുണ്ടായിട്ടുണ്ട്. അവിടെയെല്ലാം മുൻപുള്ള രീതിയിൽ മരുന്നുവിതരണം ചെയ്യാൻ വളരെ അധികം പ്രയാസങ്ങളുണ്ട്. അതുകൊണ്ട് ഓരോ താലൂക്കിലും താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

പൈ കമ്മിറ്റി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതാണ്; അത് ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ളതുമാണ്. അത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ചു കൊണ്ട് അവയ്ക്കു പരിഹാരം ഉണ്ടാക്കുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കണം എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ഹരിജനങ്ങളോടും ഗിരിജനങ്ങളോടും കടുത്ത ദ്രോഹം ചെയ്യുന്ന മറ്റൊരു സർക്കാരും കേരളത്തിൽ മുൻപൊരിക്കലുമുണ്ടായിട്ടില്ല എന്ന് വസ്തുതകൾ പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും ഉദ്ധാരണത്തിനുവേണ്ടി ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുകയും സർവ്വീസിൽ അവർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുകയാണ് വേണ്ടത്. ഞാൻ ഇവിടെ ചില വസ്തുതകൾ ചൂണ്ടിക്കാണിക്കുകയാണ്. 1981-ലെ സെൻസസ് അനുസരിച്ച് ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും ജനസംഖ്യ 13 ശതമാനമായി വർദ്ധിച്ചു. പത്തു ശതമാനം സംവരണ തത്വം പാലിച്ചുകൊണ്ടാണ് നിയമനം നടത്തേണ്ടത്. പക്ഷേ അതുപോലും കർശനമായി പാലിക്കാതെയാണ് ഇപ്പോൾ നിയമനം നടത്തുന്നത്. അതുമാത്രമല്ല സമ്പന്നവിഭാഗത്തിൽപ്പെട്ട ചില സമുദായക്കാർക്ക് അതായത് മലബാർ പ്രദേശത്തുള്ള തിയ്യർക്ക് സംവരണം ഉറപ്പുചെയ്തുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ട് നിയമനം നടത്തുന്നു. ആ ഉത്തരവുമൂലം ഫലത്തിൽ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും അർഹമായ നിയമനം നഷ്ടപ്പെടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ ഒരു രാഷ്ട്രീയ പ്രസംഗം നടത്തരുത്. ഈ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് മറുപടി പറയണം.

ബാക്ക്ലോഗ് ഫില്ലപ്പ് ചെയ്യാൻവേണ്ടി 1970-ൽ ശ്രീ അച്യുതമേനോൻ നടപ്പിലാക്കിയ ഒരു പരിപാടിയാണ് സ്പെഷ്യൽ റിക്രൂട്ട്മെൻറ്. ഇന്ന് ആ പരിപാടി എവിടെ നിൽക്കുന്നു? പി. എസ്. സി. അഡ്വൈസ് ചെയ്തിട്ടുള്ള ആളുകളെപ്പോലും നിയമിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർമാരായി നിയമിക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കി അഡ്വൈസ് മെമ്മോ അയച്ചിട്ട് 8 മാസത്തിലധികമായി. അഡ്വൈസ് മെമ്മോയിൽ എഴുതിയിരിക്കുന്നത് മൂന്നുമാസത്തിനുള്ളിൽ നിയമനം നടത്തുമെന്നാണ്. 8 മാസം കഴിഞ്ഞിട്ടും നിയമനം നടത്തിയില്ല. ഫലത്തിൽ സ്പെഷ്യൽ റിക്രൂട്ടുമെൻറ് മരവിപ്പിച്ചിരിക്കുകയാണ്. കെ. എസ്. ഇ. ബി. യിൽ പോസ്റ്റ് ഇല്ല എന്ന് കാരണം പറയുന്നു. ലൈൻമാൻമാരെ നിയമിക്കുന്നതിന് അവിടെ പോസ്റ്റ് ഇല്ല. സ്പെഷ്യൽ റിക്രൂട്ട്മെൻറ് പരിപാടിയനുസരിച്ച് സൂപ്പർന്യൂമററി പോസ്റ്റ് ക്രിയേറ്റ് ചെയ്ത് ബാക്ക്ലോഗ് ഫില്ലപ്പ് ചെയ്യണമെന്നുള്ളതാണ് വ്യവസ്ഥ. ആ വ്യവസ്ഥ സർക്കാർ ലംഘിക്കുകയാണ്; അത് നടപ്പിലാക്കുന്നില്ല. അത് ഹരിജനദ്രോഹമാണോ അതോ ഹരിജനങ്ങളോട് ചെയ്യുന്ന ഗുണമാണോ?

ഇവിടെ റിവ്യൂ കമ്മിറ്റിയുണ്ട്. മുഖ്യമന്ത്രിയാണ് അതിൻെറ ചെയർമാൻ. ഡിപ്പാർട്ടുമെൻറുകൾ പി. എസ്. സി. ക്ക് ഒഴിവുള്ള തസ്തികകളെപ്പറ്റി എഴുതിക്കഴിഞ്ഞാൽ, വർഷങ്ങളോളം അങ്ങോട്ടുമിങ്ങോട്ടും കത്തിടപാടുകൾ നടത്തി നിയമനം നടത്താത്ത എത്രയോ പോസ്റ്റുകൾ ഇന്ന് ഫയലുകളിൽ കുടുങ്ങിക്കിടപ്പുണ്ട്! കഴിഞ്ഞ റിവ്യൂ കമ്മിറ്റിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകൾ പരിശോധിച്ചില്ലേ? ഈ നാലു വർഷത്തിനുള്ളിൽ അഞ്ചോ, ആറോ കമ്മിറ്റികളാണ് കൂടിയിട്ടുള്ളത്. എന്താണ് ആ കമ്മിറ്റി വിളിച്ചുകൂട്ടാത്തത്? ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും അർഹതപ്പെട്ട പ്രാതിനിധ്യം കൊടുക്കാൻ ഈ സർക്കാർ യാതൊരു താല്പര്യവും കാണിക്കുന്നില്ല; ആത്മാർത്ഥതയും കാണിക്കുന്നില്ല. ഈ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ഉപദേശക സമിതികൾ ഉണ്ടാക്കി. അത് എന്തിനാണ് ഉണ്ടാക്കിയത്? ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടെയും ക്ഷേമത്തെക്കുറിച്ചും വികസനത്തെക്കുറിച്ചും ചർച്ചചെയ്യാനും ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ എന്നും പരിശോധിക്കാനും സർക്കാരിനെ ഉപദേശിക്കാനും ഉണ്ടാക്കിയ കമ്മിറ്റി നാലുവർഷത്തിനുള്ളിൽ വെറും രണ്ടുപ്രാവശ്യമാണ് കൂടിയത്. എന്തിനാണ് അത് തുടരുന്നത്? പിരിച്ചുവിട്ടുകൂടെ? ഇപ്പോൾ ഡി. എ. സി.യുടെ കാലാവധി കഴിഞ്ഞുവെന്നാണ് പറയുന്നത്. ജനാധിപത്യ മര്യാദകളനുസരിച്ച് ഈ കമ്മിറ്റികളിലെ അംഗങ്ങളെ അറിയിച്ചുകൊണ്ട് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ? സംസ്ഥാന ഉപദേശക സമിതിയുടെ കാലാവധി കഴിഞ്ഞുവെങ്കിൽ അത് റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണം. അല്ലെങ്കിൽ ബന്ധപ്പെട്ട കമ്മിറ്റികൾ രൂപീകരിക്കണം. അത് രൂപീകരിക്കാൻ പോകുന്നില്ല എന്നുള്ളതാണ് സത്യം. ഇവിടെ ഭരണം ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചു. മുഖ്യമന്ത്രി നേതൃത്വം കൊടുക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും നാലുവർഷത്തിനുള്ളിൽ യാതൊരു സ്പെഷ്യൽ റിക്രൂട്ടുമെന്റും നടക്കുന്നില്ല. സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ അനുസരിച്ച് 1971-ലെ സെൻസസ് അനുസരിച്ച് ഓരോ ഡിപ്പാർട്ടുമെന്റിലും മാറ്റിവയ്ക്കുന്ന തുകയുടെ പത്തുശതമാനം ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും വേണ്ടി ചെലവഴിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. പക്ഷേ അത് ചെയ്യുന്നില്ല. 1981-ലെ സെൻസസ് അനുസരിച്ച് 13 ശതമാനമായി വർദ്ധിപ്പിച്ചുകൊടുക്കേണ്ടിയിരുന്നതിനുപകരം ആ ഇനത്തിൽത്തന്നെ കോടിക്കണക്കിന് രൂപ ലാപ്സാക്കിയിരിക്കുന്നു. ആർ. എൽ. ഇ. ജി. പി. സ്കീം അനുസരിച്ച് വീടുണ്ടാക്കിക്കൊടുക്കുന്നു. ആറായിരത്തിഅഞ്ഞൂറ് രൂപ കൊണ്ട് വീടുണ്ടാകുമോ? കിളിമാനൂർ ബ്ലോക്കിൽ 7 ലക്ഷത്തോളം രൂപ ചെലവാക്കി, 105 വീടുകളുണ്ടാക്കാൻ പദ്ധതിയിട്ടു. 1985-86-ലെ പദ്ധതിയനുസരിച്ച് 30 വീടുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ആ ഇനത്തിൽ 5 ലക്ഷം രൂപയാണ് ആ ബ്ലോക്കിൽ മാത്രം ലാപ്സായത്, 150 ബ്ലോക്കുകളിൽ 7 കോടിയോളം രൂപ കഴിഞ്ഞവർഷം ലാപ്സായി. ആ ഇനത്തിൽ 30 കോടിയോളം രൂപ ഹരിജനങ്ങൾക്ക് നീക്കിവച്ചത് കഴിഞ്ഞ നാലു വർഷങ്ങളിലായി ആർ. എൽ. ഇ. ജി. പി. സ്കീമനുസരിച്ച് നഷ്ടമായി. സ്പെഷ്യൽ കമ്പോണന്റ് പ്രോഗ്രാമനുസരിച്ച് പരിപാടികൾ നടപ്പിലാക്കുന്നില്ല. എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. സ്കീമനുസരിച്ച് പരിപാടികൾ നടപ്പിലാക്കുന്നില്ല. അങ്ങനെ കോടിക്കണക്കിന് രൂപ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും നഷ്ടപ്പെടുത്തിക്കൊണ്ട്, അവർക്ക് എന്തെല്ലാമോ ചെയ്തുകൊടുക്കുന്നു എന്ന് പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. അത് വോട്ടു വാങ്ങാൻ വേണ്ടിയുള്ള പ്രചരണമല്ലേ? തെരഞ്ഞെടുപ്പ് വരുന്നു. മുഖ്യമന്ത്രി പത്രങ്ങളിൽകൂടി ഈ ഗവൺമെൻറിന്റെ മിച്ചത്തെപ്പറ്റി പ്രസ്താവനകളിറക്കുന്നു. പ്രസ്താവനകൾ വായിച്ചു. അതിലൊന്നിൽ പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്ക് 45 ശതമാനം മാർക്ക് വാങ്ങിച്ചാൽ ഇൻസെന്റീവ് ഇപ്പോൾ കിട്ടുന്നത് 75 രൂപയാണ്. ആ സ്ഥാനത്ത് 200 രൂപ കൊടുക്കുന്നുവെന്ന് ഈ ഗവൺമെൻറ് കള്ളപ്രചരണം നടത്തുന്നു.

2/8—18

LIBRARY ARCHIVES Kerala Legislative Assembly

കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നുവെന്ന് ഇന്നത്തെ പത്രത്തിൽ വാർത്ത കൊടുത്തിരിക്കുന്നു. ഇത് എവിടെ, ആർക്കാണ് കൊടുക്കുന്നത് ? ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് പറഞ്ഞു. സത്യം മറച്ചു വെച്ചുകൊണ്ടുള്ള പ്രസ്താവനയാണത്. ഈ സംസ്ഥാനത്ത് 24-5-82 മുതൽ 5/86 വരെ 407 ബലാൽസംഗകേസുകൾ ഉണ്ടായി. അതിൽ എത്ര ഹരിജൻ സ്ത്രീകൾ ഉണ്ട് എന്ന് ചോദിച്ചപ്പോൾ ഉത്തരം കിട്ടിയത് വിവരം ശേഖരിച്ചുവരുന്നുവെന്നാണ്. ഹരിജനങ്ങളുടെ നേരെ അക്രമങ്ങളും കൊലപാതകങ്ങളും ബലാൽസംഗങ്ങളുമുണ്ടായാൽ അത് അന്വേഷിക്കാൻ പോലും ഇവിടെ ഒരു മന്ത്രിയില്ല. അതിന് ഒരു സംവിധാനവുമില്ല. ഈ മുഖ്യമന്ത്രി എന്തിനാണ് ഈ വകുപ്പെല്ലാംകൂടി എടുത്തു കൈയിൽ വച്ചിരിക്കുന്നത്. ഹരിജനക്ഷേമ വകുപ്പ് മാത്രം കൈകാര്യം ചെയ്യാൻ ഒരാളെ ഏൽപ്പിക്കണം. ഗിരിജനങ്ങളുടെ ഭൂമി കയ്യേറ്റത്തെപ്പറ്റി പറയാതിരിക്കാൻ വയ്യ. 1977-ൽ ഉണ്ടാക്കിയ നിയമമാണുള്ളത്. അന്നത്തെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് മുൻകാല പ്രാബല്യത്തോടുകൂടി പ്രസ്തുത നിയമം നടപ്പിലാക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ സർക്കാർ ആലോചിക്കുന്നത് ഈ വർഷം മുതൽ അന്യാധീനപ്പെട്ട ഭൂമി ഏറ്റെടുത്ത് കൊടുക്കാൻ വേണ്ടിയാണ്. അങ്ങനെ വരുമ്പോൾ ഒരു സെന്റ് ഭൂമി പോലും തിരികെ എടുത്ത് കൊടുക്കാൻ ഉണ്ടാവുകയില്ല. ഗിരിജനങ്ങളുടെ ഭൂമി മുഴുവൻ മറ്റുള്ളവർ അന്യാധീനപ്പെടുത്തിക്കഴിഞ്ഞു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിൻതാങ്ങുകയാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനങ്ങളോടു ചെയ്ത വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് വിവിധ വികസന പദ്ധതികൾ നടപ്പാക്കിവരുന്ന ഒരു കാലഘട്ടത്തിന്റെ അഞ്ചാം വർഷത്തിലേക്കാണ് നമ്മൾ വന്നു കൊണ്ടിരിക്കുന്നത്. ഈ 5 വർഷം പൂർത്തിയാകുന്നതിനിടക്ക് ബാക്കിയുള്ള ചില പദ്ധതികളും പരിപാടികളും നടപ്പാക്കുകയെന്നുള്ളതും പൂർത്തീകരിച്ച പദ്ധതികളുടെ മിനുക്കു പണികളും പോളീഷ് പണികളും നടത്തി വിജയിപ്പിക്കുകയെന്നുള്ളതും മാത്രമാണ് ഇനി ഈ ഗവൺമെന്റിന് ചെയ്തു തീർക്കാനുള്ളത്. ഈ ഗവൺമെന്റ് കഴിഞ്ഞ നാലു വർഷം നമ്മുടെ രാജ്യത്ത് ഹരിജനക്ഷേമ രംഗത്ത് ചെയ്തിട്ടുള്ള കാര്യങ്ങൾ ഒന്നൊന്നായി വിശദീകരിക്കുകയാണെങ്കിൽ അതിന് സമയം വേണ്ടിവരും. പ്രതിപക്ഷത്തുനിന്ന് ഹരിജന പ്രതിനിധിയായ ശ്രീ. കേശവനും ഭരണ പക്ഷത്തുനിന്ന് ശ്രീ. രാഘവൻ മാസ്റ്ററും, ശ്രീ. രാമനും പറഞ്ഞതു യഥാർത്ഥത്തിൽ കുറെ നല്ല കാര്യങ്ങൾ ചെയ്തു എന്നാണ്. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ പ്രസംഗിച്ചപ്പോൾ ഒന്നും ചെയ്തില്ലെന്ന് പറഞ്ഞത് ശുദ്ധമേ കളവാണ്. ഞാൻ അതിന്റെ ഏകദേശരൂപം ശ്രീമതി ഭാർഗ്ഗവി തങ്കപ്പന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഹരിജൻ കോളനികളിൽ ഈ സാമ്പത്തികവർഷം ചെലവാക്കാൻ പോകുന്നത് 2427.38 ലക്ഷം രൂപയാണ്. അതിൽ, ഹരിജൻ കോളനികളിൽ വയോജന വിദ്യാഭ്യാസം ഹരിജൻ-ഗിരിജൻ ഹോസ്റ്റലുകളിൽ കഴിയുന്ന കുട്ടികളുടെ ആവശ്യത്തിനുള്ള ഭക്ഷണച്ചെലവ്, കോസ്മോ പോളിറ്റൻ ഹോസ്റ്റലിലെ കുട്ടികൾക്ക് സാമ്പത്തികമായ സഹായം ഇതെല്ലാമുണ്ട്. വിദ്യാർത്ഥി ഒന്നിന് ഭക്ഷണച്ചെലവിന് 215 രൂപയാണ്. അതുപോലെതന്നെ അവർക്ക് മാസംതോറും 35 രൂപവീതം പോക്കറ്റ്

LIBRARY ARCHIVES Kerala Legislative Assembly

മണി കൊടുക്കുന്നുണ്ട്. പട്ടികജാതിക്കാർക്കുള്ള ബാലവാടി 255, നെഴ്സറി 56, അതും പട്ടികജാതിക്കുള്ളതാണ്. അതുപോലെ ഡേ സ്കോളേഴ്സ് സ്കൈപ്പെൻറ് 150 രൂപവീതം മാസംതോറും കൊടുക്കുന്നുണ്ട്. ഹോസ്റലുകളിൽ ചേർന്നു പഠിക്കുന്ന വിദ്യാർത്ഥികളുടെ മുഴുവൻ ചെലവും ഗവൺമെൻറ് വഹിക്കുന്നു. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ് 180 രൂപ മുതൽ 750 രൂപവരെ കൊടുക്കുന്നു. മെട്രിക്കുലേഷനും പോസ്റ്റ് ഗ്രാഡുവേഷനും ഡിഗ്രിക്കുമായി എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷക്കും ഇൻറർവ്യൂവിനും വേണ്ടി ട്രെയിനിംഗ് സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു സെൻററുകളിലായിട്ടാണ് ഈ കുട്ടികൾ ഇപ്പോൾ പഠിക്കുന്നത്. പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിൽ പരിശീലനം കൊടുക്കുന്ന (തയ്യൽ, ചൂരൽപ്പണി, ആശാരിപ്പണി, നെയ്ത്തുപണി തുടങ്ങിയവ) 65 പരിശീലന കേന്ദ്രങ്ങൾ കേരളത്തിൽ ഇന്ന് പ്രവർത്തിച്ചുവരികയാണ്. ഡോക്ടർമാർ, എഞ്ചിനീയർമാർ എന്നിവർക്ക് പ്രാക്ടീസ് നടത്താൻ ആറായിരം രൂപവരെ ഗ്രാൻറും വായ്പയും നൽകുന്നു. വക്കീലൻമാർക്ക് വായ്പ മുവ്വായിരം രൂപ. 150 രൂപ എൻറോൾമെൻറ് ഫേമ്പർ വാടക എന്നിവയ്ക്ക് ഗ്രാൻറ് നൽകുന്നു.

ശ്രീ. വി. കേശവൻ: സർ, ഒരു ചോദ്യം.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ബഹുമാനപ്പെട്ട കേശവനാണ് ഇനി അടുത്തതായി സംസാരിക്കാനുള്ളത്. അപ്പോൾ സംസാരിക്കാമല്ലോ.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സ്വന്തമായി ബിസിനസ് തുടങ്ങാൻ പലിശയില്ലാത്ത വായ്പ പതിനയ്യായിരം രൂപ കൊടുക്കുന്നു. മിശ്ര വിവാഹിതരായ പട്ടികവർഗ്ഗക്കാർക്ക് രണ്ടായിരം രൂപ കൊടുക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുമൂലം വിവാഹം കഴിക്കാൻ നിവൃത്തിയില്ലാത്ത വിധവകളുടെ പെൺമക്കൾക്ക് രണ്ടായിരം രൂപ. അതുപോലെതന്നെ വീട് വയ്ക്കാൻ ആറായിരം രൂപ കൊടുക്കുന്നു. അതു കൂടാതെ കക്കൂസ്, കുളിമുറി ഇവ പണിയാൻ ആയിരത്തിഅറുന്നൂറു രൂപ. കറൻറ് കണക്ഷൻ എടുക്കുന്നതിന് 400 രൂപ. പുകയില്ലാത്ത അടുപ്പു വയ്ക്കുന്നതിന് 250 രൂപ. വീട് ഓലമേയുന്നതിന് 100 രൂപ വീതം കൊടുക്കുന്നു. വീടിൻെറ മേൽക്കൂര പുതുക്കി ഓട് മേയാൻ രണ്ടായിരം രൂപവച്ച് കൊടുക്കുന്നു. രോഗം ബാധിച്ച് ചികിൽസിക്കാൻ സാമ്പത്തിക ഞെഷ്യമുള്ളവർക്ക് 500 രൂപ. ഹരിജനങ്ങളും തിങ്ങിപ്പാർക്കുന്ന എല്ലാ കോളനികളിലും ശുദ്ധജലം എത്തിക്കൽ, കക്കൂസ്–കുളിമുറി നിർമ്മിക്കൽ, വിദ്യുച്ഛക്തി എത്തിക്കൽ, കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങളിൽ നമ്മുടെ ഈ സംസ്ഥാനത്ത് കഴിഞ്ഞ 4 വർഷങ്ങൾക്കിടയിൽ സമഗ്രമായ വികസന പരിപാടി നടപ്പാക്കിയിട്ടുണ്ട്. അതിനെക്കുറിച്ച് ഒന്നും വിലയിരുത്താൻ ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ തയ്യാറാകാത്തത് കഷ്ടമായിപ്പോയി. സർ, ബലാൽസംഗത്തിൻെറ കാര്യം ഇവിടെ പറഞ്ഞത് വെറും അത്ഭുതങ്ങളാണ്. അതൊക്കെ വെറുതെ പറഞ്ഞ് പെരുപ്പിച്ച് കാണിക്കാനുള്ള ശ്രമമാണ്. ബലാൽസംഗം ഉണ്ടെങ്കിൽ തന്നെയും ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമാണ് അങ്ങിനെയുള്ളവരെ പരിരക്ഷിക്കാനുള്ള ചില നിയമ നിർമ്മാണങ്ങളും കൊണ്ടുവന്ന് സാമ്പത്തിക സഹായങ്ങളും നൽകുന്ന കാര്യം ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ഓർക്കട്ടെ എന്നുമാത്രമേ എനിക്ക് ഈ

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ പറയാനുള്ളൂ. ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി– എന്നാണല്ലോ പഴഞ്ചൊല്ല്. ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിയാമോ? ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനും ചക്കിക്കും സുവർണ്ണകാലം എന്നതാണ്. ഇന്ന് ഹരിജൻ കോളനികളിൽ ചെന്നു നോക്കൂ. ഹരിജനങ്ങളുടെ കഴിഞ്ഞകാലചരിത്രം മാറിയെഴുതിക്കൊണ്ട്, ഈ രാജ്യത്ത് പരിവർത്തനത്തിനുവേണ്ടി ദാഹിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനെ സഹായിക്കാൻ ഹരിജനങ്ങളും ഇന്ന് മുന്നോട്ടു വന്നിരിക്കുകയാണ്. ഹരിജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക മാറ്റം ഇന്ന് അസൂയാവഹമായ രീതിയിൽ ഈ രാജ്യത്ത് ഉണ്ടായിരിക്കുന്നു. അവർക്ക് ലക്ഷക്കണക്കിന് വീടുകളും തൊഴിലവസരങ്ങളും നൽകി സഹായിക്കുവാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിരിക്കുന്നു.

മറ്റൊരു കാര്യം പറയാനുള്ളത് ഹെൽത്ത് ഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണ്. ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ ഈ ഗവൺമെൻറ് വന്നതിനുശേഷം പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പല നല്ല കാര്യങ്ങളും ആ രംഗത്ത് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിലവിലുള്ള ഡിസ്പെൻസറികളും ഭൂരിഭാഗവും പബ്ലിക് ഹെൽത്ത് സെൻറുകളായി ഉയർത്തിയിട്ടുണ്ട്. നിലവിലുള്ള ആശുപത്രികളിൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ച് ചികിൽസാ സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പല ആശുപത്രികളും റെഫറൽ ആശുപത്രികളാക്കി. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി റെഫറൽ ആശുപത്രിയാക്കിയിട്ടുണ്ട്. തിരുവനന്തപുരവും കോഴിക്കോടും മെഡിക്കൽ കോളേജുകളും റെഫറൽ ആശുപത്രികളാണ്. അതുപോലെതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എൻറോളോജി എന്ന ഒരു ഡിപ്പാർട്ടുമെൻറ് സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ക്യാൻസർ വളരെ ഭയാനകമായ രോഗമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഗവേഷണത്തിനും ചികിൽസയ്ക്കും ഒരു ഡിപ്പാർട്ടുമെൻറ് തുറക്കാൻ പോവുകയാണ്. യൂറോളജി എന്ന ഒരു ഡിപ്പാർട്ടുമെൻറ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിച്ചിരിക്കുന്നു. കിഡ്നി സംബന്ധമായ രോഗത്തിന് ഇംഗ്ലണ്ടിലും അമേരിക്കയിലും പോയി ഓപ്പറേഷൻ നടത്തേണ്ടതെ ഇവിടെത്തന്നെ ഓപ്പറേഷൻ നടത്തുന്നതിന് ഡോ. റോയ് ചാലിയുടെ വിദഗ്ദ്ധമായ നേതൃത്വത്തിൽ ഒരു വകുപ്പ് ആരംഭിക്കാൻ കഴിയുന്നത് തന്നെ ഈ ഗവൺമെൻറ് എത്ര ശ്രദ്ധേയമായി ഹെൽത്ത് ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്തിരിക്കുന്നു എന്നതിൻറെ തെളിവാണ്. ഇതൊന്നും പ്രതിപക്ഷം കണ്ടില്ലെന്നു നടിക്കുന്നത് ശരിയാണോ? ഇതൊക്കെ ചരിത്രം തെളിയിക്കുന്നതാണ്. കഴിഞ്ഞ നാലു വർഷമായിട്ട് ആരോഗ്യ സംരക്ഷണ രംഗത്ത് പല മാറ്റങ്ങളുമുണ്ടായിട്ടുണ്ട്. പിന്നെ ടൂറിസത്തെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. സർ, ടൂറിസംതന്നെ ഒരു വ്യവസായമായി മാറേണ്ടത് അത്യന്താപേക്ഷിതമാണ്. എൻറെ സ്നേഹിതൻ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഇവിടെ പറഞ്ഞതുപോലെ ടൂറിസത്തിന് ഏറ്റവും പറ്റിയ കാലാവസ്ഥയുള്ള ഒരു സംസ്ഥാനമാണ് കേരളം. കാശ്മീരിനെക്കാൾ മനോഹരമായ ദൃശ്യങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. മനോഹരമായ പ്രദേശങ്ങളുമുണ്ട്. അതൊക്കെ കുറെക്കൂടി മനോഹരമാക്കാനും ടൂറിസ്റ്റുകളെ ആകർഷിക്കാനും പറ്റിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചുകൊണ്ടിരിക്കുകയാണ്. കാശ്മീരിൽ ടൂറിസം കൊണ്ടാണ് സംസ്ഥാന ഗവൺമെൻറ് പണം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നത്. കേരളത്തിനും അതുപോലെ സാധിക്കും എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇന്ന് പല ടൂറിസ്റ്റ് കേന്ദ്രങ്ങളുമുണ്ട്. ഇതുവരെയും വെളിച്ചത്തുവന്നിട്ടില്ലാത്ത ടൂറിസ്റ്റ് സ്ഥലങ്ങളുണ്ട്: ഷോളയാർ, അതിരപ്പള്ളി വെള്ളച്ചാട്ടം, പീച്ചി, ചാവക്കാടിന്റെ അതിർത്തിയിലെ ചേറുവാ അഴിമുഖം അതുപോലെതന്നെ കണ്ണശ്ശാംകടവ് തുടങ്ങിയ പ്രദേശങ്ങൾ ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ച് എടുത്താൽ തീർച്ചയായും ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. നാട്ടിക കടൽപ്പുറത്ത് ഒരു പാർക്കുണ്ടായാൽ മറ്റു പല സ്ഥലങ്ങളിൽ നിന്ന് ആളുകൾ ആ പാർക്കിൽ വരാൻ ശ്രമിക്കും. അതുകൊണ്ട് നാട്ടിക കടൽപ്പുറത്തുപോലും ഒരു ടൂറിസ്റ്റ് കേന്ദ്രമുണ്ടാകേണ്ടിയിരിക്കുന്നു. അത് അത്യാവശ്യമാണ്. തൃശ്ശൂരിലെ മൃഗശാല പീച്ചിയിലേക്കു മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. അത് അടിയന്തിരമായും മാറ്റി പീച്ചി വികസന മേഖലയാക്കി ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതുണ്ട്. അവിടെ ഒരു ടൂറിസ്റ്റ് കോംപ്ലക്സ് പണിയണം. മലമ്പുഴയിൽ ഇന്ന് ഒരു പാർക്ക് മാത്രമേയുള്ളൂ. അവിടെ സ്നേക്ക് പാർക്കുണ്ട്. അത് വികസിപ്പിച്ചെടുത്താൽ ധാരാളം ആളുകളെ ആകർഷിക്കാൻ കഴിയും. അവിടെയുള്ള അക്വേറിയം യാതൊന്നിനും കൊള്ളാത്ത ഒന്നാണ്. അത് വിപുലപ്പെടുത്തി ഒരു ഒന്നാംതരം അക്വേറിയമാക്കാൻ ശ്രമിക്കണം. അങ്ങനെ മലമ്പുഴ, പീച്ചിപോലുള്ള പ്രദേശങ്ങൾ, ഭാരതപ്പുഴയുടെ മാമാങ്ക പ്രദേശങ്ങൾ തുടങ്ങിയവ വിദേശങ്ങളിൽനിന്ന് കൂടുതൽ ആളുകളെ ആകർഷിക്കാൻ സാധിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം എന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, ഈ അവസരത്തിൽ ഞാൻ ഇന്നലെയും മിനിഞ്ഞാന്നും ഇവിടെ നടന്ന കാര്യങ്ങളിലേക്കുകൂടി സഭയുടെ ശ്രദ്ധ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്,

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... .....

അങ്ങ് ഇന്നത്തെ കാര്യം പറയൂ. അങ്ങ് ഈ വകുപ്പിനെക്കുറിച്ച് പറയൂ. അങ്ങ് ഇന്നത്തെ കാര്യം പറയൂ.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, കൊല്ലത്തു നടന്ന ചില സംഭവങ്ങൾ ....

മി. സ്പീക്കർ: ഓർഡർ .....ഓർഡർ..... ..

അതിലേക്ക് പോകണ്ട. ഇന്നത്തെ കാര്യം പറയൂ. അതൊക്കെ ഇഷ്ടംപോലെ ഇവിടെ ചർച്ച ചെയ്തതാണ്. അത് എന്തിനാണ് ഇനി ആവർത്തിക്കുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, 1947-ൽ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയശേഷം, 1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി കൽക്കട്ടാതീസിസിന്റെ അടിസ്ഥാനത്തിൽ രാജ്യത്തുടനീളം നടന്ന സംഭവങ്ങൾ.. .....തടസ്സം... ....

മി. സ്പീക്കർ: ഓർഡർ. ഓർഡർ ബഹുമാനപ്പെട്ട മെമ്പർ ഡിമാൻറിനെപ്പറ്റി പറയൂ.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഞാൻ കൊല്ലം കാര്യങ്ങൾ പറഞ്ഞതല്ല. അത്തരം കാര്യങ്ങളാണ് നടക്കുന്നതെന്നു സൂചിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതാണ്. ഇതുപോലുള്ള പല സംഭവങ്ങളും രാജ്യത്ത് നടക്കുകയാണ്. ഇതു പറയാൻവേണ്ടി ഞാൻ അതു സൂചിപ്പിച്ചതാണ്. 1948 കാലഘട്ടത്തിൽ ഉണ്ടായ ചില സമരങ്ങളെ അടിസ്ഥാനമാക്കി .....ബഹളം.. .....ഇവിടെ നടക്കുന്ന സംഭവങ്ങൾ കാണുമ്പോൾ വേദന തോന്നുന്നു. നാട്ടിൻപുറത്തുള്ള ആളുകൾ തെറ്റിദ്ധരിക്കുമെന്നുള്ളതുകൊണ്ട് പറഞ്ഞതാണ്.....

മി. സ്പീക്കർ: അങ്ങ് ആ വിഷയത്തിലേക്ക് കടക്കണ്ട. അങ്ങയ്ക്ക് പറയാനുള്ള മറ്റു വിഷയങ്ങൾ പറഞ്ഞു തീർന്നോ? അങ്ങയ്ക്ക് ഇനി ഒരു മിനിറ്റു കൂടിയേയുള്ളൂ.

ശ്രീ. രാഘവൻ പൊഴക്കടവിൽ: ഈ സംസ്ഥാനത്തു ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളണമെങ്കിൽ, ജനാധിപത്യം കാത്തുസൂക്ഷിക്കണമെങ്കിൽ ആത്മാർത്ഥമായ പരിശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെയെല്ലാം സുഹൃത്തായ ശ്രീ. എം. വി. രാഘവനെ മാർക്സിസ്റ്റ് പാർട്ടി പുറത്താക്കിയിരിക്കുകയാണ്.....(ബഹളം).....

മി. സ്പീക്കർ: അങ്ങ് രാഘവന്റെ കാര്യം പറയേണ്ട. മറ്റു കാര്യങ്ങൾ പറയൂ.

ശ്രീ. രാഘവൻ പൊഴക്കടവിൽ: പാപ്പിനിശ്ശേരി വിഷ ചികിൽസാ കേന്ദ്രം വിപുലപ്പെടുത്തി ശ്രീ. രാഘവനെ അതിന്റെ ചുമതലയേൽപ്പിക്കുന്നത് നല്ലതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും അവസാനം ഉണ്ടാകാൻ പോകുന്ന സ്ഥിതി ഇതുതന്നെയായിരിക്കും. ശ്രീ. രാഘവനെ കുരുതികൊടുത്തത് പ്രതിപക്ഷ നേതാവാണ്. ഇന്ന് അവരെല്ലാം മിണ്ടാതിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കെല്ലാം കാരണഭൂതനായ ഇ. കെ. നായനാരുൾപ്പെടെയുള്ള ആളുകൾ ഇതിനു സമാധാനം പറയേണ്ടിവരുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുകയാണ്.

ശ്രീ. വി. കേശവൻ: സർ, മുഖ്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇതിൽ ഹരിജനക്ഷേമത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള തുക വളരെ അപര്യാപ്തമാണ്. ഇക്കാര്യത്തെസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ വിമർശനങ്ങളും വിശദീകരണങ്ങളുമൊക്കെ വന്നിട്ടുള്ളതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയും മറ്റു പിന്നോക്കവിഭാഗക്കാരുടേയും ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി 228 എന്ന അക്കൗണ്ട് ഹെഡ്ഡിൽ മുൻ വർഷത്തെ അപേക്ഷിച്ച് നാമമാത്രമായ തുകമാത്രമാണ് ഇക്കൊല്ലം നീക്കിവെച്ചിട്ടുള്ളത്. 1985-86-ൽ 9.86 കോടി രൂപയാണ് നീക്കിവെച്ചിരുന്നതെങ്കിൽ 1986-87-ലേക്ക് വെറും നാമമാത്രമായ വർദ്ധനവോടുകൂടി 10.27 കോടി രൂപയാണ് വച്ചിട്ടുള്ളത്. നോൺ-പ്ലാനിൽ 85-86-ലേക്ക് 18.17 കോടിരൂപയാണ് ഉണ്ടായിരുന്നതെങ്കിൽ 86-87-ലേക്ക് 19.65 കോടിരൂപയാണ് കാണിച്ചിരിക്കുന്നത്. 7-ാംപദ്ധതിയുടെ 2-ാംവർഷത്തെ ചെലവിലേക്ക് ഒന്നാം വർഷത്തെ തുകയെക്കാൾ കുറച്ചാണ് വച്ചിരിക്കുന്നത്. സ്റ്റൈപ്പൻറും സ്കോളർഷിപ്പും കൊടുക്കാനായിട്ട് 1985-86-ൽ 31 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരുന്നതെങ്കിൽ 1986-87-ൽ കേവലം 30 ലക്ഷം രൂപമാത്രമാണ് ഉള്ളത്... സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കും പുതിയ വ്യവസായങ്ങൾ, വർക്ക്ഷോപ്പുകൾ മുതലായവ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങുന്നവർക്കും മാർജിൻമണി കൊടുക്കുന്നതിനുവേണ്ടിയുള്ള ധന സഹായം കഴിഞ്ഞവർഷം 20 ലക്ഷമായിരുന്നുവെങ്കിൽ ഈ വർഷം 10 ലക്ഷമാക്കി കുറച്ചിരിക്കുന്നു. ഭരണകക്ഷിക്കാർ, ഹരിജനക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് പ്രകീർത്തിച്ചവർ ശരിക്കാൻവേണ്ടി പായുകയാണ്. വ്യവസായസഹകരണസംഘങ്ങളുംപ്പെടെയുള്ള ഹരിജനസഹകരണസംഘങ്ങൾക്ക് സഹായം നൽകുന്നതിന് കഴിഞ്ഞ വാർഷികപദ്ധതിയിൽ 6 ലക്ഷംരൂപ വകയിരുത്തിയിരുന്നിടത്ത് ഈ വർഷം 3ലക്ഷം രൂപമാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അങ്ങനെ പല ഇനങ്ങളിലും വെട്ടിക്കുറവ് വരുത്തിയതിന്റെ ഫലമായി 7-ാം പദ്ധതിയുടെ ഒന്നാം വർഷത്തിൽ 462.86 ലക്ഷം രൂപ വകയിരുത്തിയിരുന്നിടത്ത് ഈ വർഷം 450ലക്ഷം രൂപയായി കുറച്ചിരിക്കുകയാണ്. കഴിഞ്ഞ 4 വർഷമായി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വാരിക്കോരി ചെലവഴിക്കുന്നു എന്നു പറയുന്നതിന്റെ ചിത്രമാണിത്. റേഡിയോ, പത്രം, പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ലഘുലേഖകളും എന്നീ മാദ്ധ്യമങ്ങളിലൂടെ കള്ളപ്രചരണം നടത്തുകയാണ്. യഥാർത്ഥത്തിൽ അവർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങളും കൊടുക്കാതെ വെറും നക്കാപ്പിച്ച കൊടുത്ത് അവരെ പറ്റിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ എന്തെങ്കിലും താൽക്കാലികാനുകൂല്യങ്ങളിൽ ഒതുക്കിനിർത്താതെ ഹരിജനങ്ങളെ ഉദ്ധരിക്കണമെന്ന് ഭരണകക്ഷി അംഗങ്ങളോട്, വിശേഷിച്ച് മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഹരിജന-ഗിരിജനങ്ങളും കേരളത്തിന്റെ ജനസംഖ്യയിൽ 35 ലക്ഷമുണ്ട്. ഒരു കുടുംബത്തിൽ 5 പേരെ വച്ച് കണക്കാക്കിയാൽ 7 ലക്ഷം കുടുംബങ്ങളുണ്ട്. അതിൽ 4 ലക്ഷം ഹരിജനകുടുംബങ്ങളും ഭവനരഹിതരാണ്. സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ 7 പഞ്ചവത്സരപദ്ധതികളും നടപ്പിലാക്കിയതിനുശേഷവും ഇതാണ് സ്ഥിതി. ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയതിനുശേഷവും മൂന്നിലൊന്നു ഭാഗം ആളുകാർക്കുമാത്രമേ ഭവനം ഉണ്ടാക്കികൊടുക്കാൻ കഴിഞ്ഞിട്ടുള്ളു. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 4 ലക്ഷം ആളുകളും ഭവനരഹിതരായി റോഡുവക്കിലും തോടുവക്കിലും ആറുവക്കിലും വനപ്രദേശങ്ങളിലും കഴിഞ്ഞുകൂടുകയാണ്. എന്നിട്ടും അവർക്കെല്ലാപേർക്കും വീടും റോഡും വെളിച്ചവുമൊക്കെ കൊടുത്ത് അവർ ഇപ്പോഴും മാറുള്ളവരേക്കാളും മേലെയായിയെന്നാണ് പ്രചരണം നടത്തുന്നത്. അത് അവരെ വഞ്ചിക്കലാണ്. അവരിൽ പലരും ഇപ്പോഴും ഭൂരഹിതരായി കഴിയുകയാണ്. ആലപ്പുഴ ജില്ലയിൽ ആറുപുറമ്പോക്കിലും റോഡുപുറമ്പോക്കിലും കഴിഞ്ഞിരുന്ന ഹരിജനങ്ങളെ കൂട്ടത്തോടെ ഇറക്കിവിട്ടിരിക്കുകയാണ്. വനപ്രദേശങ്ങളിൽ നിന്നും ഹരിജനങ്ങളെ കൂട്ടത്തോടെ ഇറക്കിവിട്ടുകൊണ്ടിരിക്കുകയാണ്. 1957-ലെ കമ്മ്യൂണിസ്റ്റ് ഭരണകാലത്തും 1967-ലെ ഇടതുപക്ഷമുന്നണി ഭരണകാലത്തും നടപ്പാക്കിയ ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഫലമായി പല ഹരിജനങ്ങൾക്കും സ്വന്തമായി കുടികിടപ്പും ഭൂമിയും കിട്ടുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ നിയമം വെട്ടിത്തിരുത്തിയതിന്റെ ഫലമായി 3 ലക്ഷം ഏക്കർ മിച്ചഭൂമി ഏറെറടുത്തു വിതരണം ചെയ്തിട്ടില്ല. വനപ്രദേശമാകെ കേരളാ കോൺഗ്രസിലെ പ്രമാണിമാർ തട്ടിയെടുത്തുകൊണ്ടിരിക്കുന്നു. കർഷകത്തൊഴിലാളികൾക്ക് പതിച്ചുകൊടുക്കാമെന്നു പറഞ്ഞ വനപ്രദേശം പതിച്ചുകൊടുക്കണം. അതിൽ നിയമമനുസരിച്ച് 50 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഭൂമി കിട്ടാനുണ്ട്. അത് അവർക്ക് കൊടുത്തിട്ടില്ല. അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, പരമാവധി മുപ്പതിനായിരം വീടുകൾ. ഈ മുപ്പതിനായിരം വീടുകൾ കണക്കുകൂട്ടിയാൽ നാലു ലക്ഷത്തിൽ പിന്നെ ബാക്കി എത്ര യുണ്ട് സർ? ഭവനമില്ലാതെ തലചായ്ക്കാൻ ഇടമില്ലാതെ ഹരിജനങ്ങളും ഗിരിജനങ്ങളും ഇന്ന് കാട്ടിലും മലമ്പ്രദേശങ്ങളിലും കഴിഞ്ഞുകൂടിക്കൊണ്ടിരിക്കുകയാണ്. അവർക്ക് ഭവനം ഉണ്ടാക്കിക്കൊടുക്കുവാൻ ഒരു സമയബന്ധിത പരിപാടി ഇന്ന് ആവിഷ്ക്കരിക്കുമോ? ഇതിനെപ്പറ്റി ഒരു സർവ്വേ നിങ്ങൾ നടത്തുമോ? എത്ര ഹരിജനങ്ങൾക്ക് ഭൂമിയുണ്ട്, എത്ര പേർക്ക് ഭവനമില്ല? എത്രപേർക്ക് തൊഴിലില്ല? ഈ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിൽ മുപ്പത് മുപ്പത്തിമൂന്ന് ലക്ഷം വരുന്നതിൽ 95 ശതമാനവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. 7-ാംപദ്ധതി പൂർത്തിയായി 21-ാംനൂറ്റാണ്ട് ആകുമ്പോൾ അവരെല്ലാം ദാരിദ്ര്യരേഖയ്ക്ക് മുകളിൽ വരുമെന്നു പ്രസംഗിക്കുന്ന മുഖ്യമന്ത്രി, എന്തും പറയാൻ തൊലിക്കട്ടിയുള്ള മുഖ്യമന്ത്രി, നിങ്ങൾക്ക് ഈ കണക്കുകളും വസ്തുതകളും വച്ചുകൊണ്ട് ഈ കാര്യം അസംബ്ലിയിൽ ബോദ്ധ്യപ്പെടുത്താൻ കഴിയുമോ? ഇങ്ങനെയാണെങ്കിൽ മൂന്നിലൊരു ഭാഗം ആളുകൾക്കുമാത്രം വീടുകൾ കൊടുക്കാൻ ഏഴ് അയ്യാണ്ടുപദ്ധതി വേണ്ടിവന്നെങ്കിൽ മൂന്നിൽ രണ്ടുഭാഗം ആളുകൾക്ക് വീടുകൊടുക്കുവാൻ ഇനിയും പതിനാലു പഞ്ചവൽസരപദ്ധതികളുടെ കാലഘട്ടം കാത്തിരിക്കേണ്ട ഗതികേടിലേക്ക് ഈ രാജ്യത്തിലെ ഹരിജനങ്ങളേയും ഗിരിജനങ്ങളേയും തള്ളിവിടുകയാണോ?.

സർ, ശ്രീമാൻ ദിനകരൻ ഇവിടെ പറയുകയുണ്ടായി മറ്റു സംസ്ഥാനങ്ങളിൽ പോയപ്പോഴാണ് കേരളത്തിന്റെ മെച്ചത്തെപ്പറ്റി മനസ്സിലായതെന്ന്. അപ്പോൾ അറിയാമല്ലോ ഇതാണ് ഇവിടത്തെ സ്ഥിതിയെങ്കിൽ മറ്റു സംസ്ഥാനങ്ങളിലെ, ഇൻഡ്യാ രാജ്യത്തെ കോൺഗ്രസിന്റെ ഇന്നത്തെ ഹരിജനോദ്ധാരണത്തിന്റെ സ്ഥിതിയെന്താണ് എന്ന്. അതിന്റെ മറുവശം നോക്കുമ്പോൾ ശ്രീമാൻ ദിനകരൻ പറഞ്ഞ സ്ഥിതി എന്താണെന്ന് നോക്കണം. നമുക്ക് മനസ്സിലാകും ഇവിടത്തേത് എത്ര ശോചനീയമാണെന്ന്. അതുപോലെതന്നെ സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം മൂന്നു നാല് ദശവൽസരമാകാൻ പോവുകയാണ്. ഏഴാംപദ്ധതിയുടെ രണ്ടാംവർഷം ആണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഹരിജൻ-ഗിരിജൻ സ്പെഷ്യൽ കംപോണന്റ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ, ഇരുപതിനപരിപാടി, ഹരിജന-ഗിരിജനവർഷം, എൻ. ആർ. ഇ. പി., ആർ.എൽ.ഇ.ജി.പി., ആദ്യ മുതൽ ആനവരെ ഇതൊക്കെ കാലാകാലങ്ങളായി ഇവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ചില നക്കാപ്പിച്ചകൾ കൊടുത്തുകൊണ്ടിരിക്കുന്നു. പക്ഷേ 95 ശതമാനവും ദാരിദ്ര്യരേഖയ്ക്കുതാഴെയാണ്. 25 ശതമാനംവരുന്ന ഗിരിജനങ്ങൾക്കും 10 ശതമാനം വരുന്ന ഹരിജനങ്ങൾക്കും അങ്ങനെ ജനസംഖ്യയിലെ മുപ്പത് മുപ്പത്തിയഞ്ച് ലക്ഷത്തോളം വരുന്ന ജനവിഭാഗത്തിൽ ഭൂരിഭാഗത്തിനും ഒരു വീടുണ്ടാക്കികൊടുക്കുവാൻ നിങ്ങൾ സന്നദ്ധമാകുന്നുണ്ടോ? ഇല്ല സർ. നക്കാപ്പിച്ചകൾ വച്ചുനീട്ടിക്കൊണ്ട് പ്രചരണത്തിലൂടെ കൊതികുത്തിവാണുകൊണ്ടിരിക്കുകയാണ്. അതുപോലെ ജനസംഖ്യാനുപാതികമായി, ഭരണഘടനാവ്യവസ്ഥയനുസരിച്ച് 10 ശതമാനം ഉദ്യോഗസംവരണത്തിന് പട്ടികജാതിക്കാർക്ക് അവകാശമുണ്ട്. രണ്ട് രണ്ടരശതമാനത്തിന് പട്ടികവർഗ്ഗക്കാർക്ക് അവകാശമുണ്ട്, ഇന്ന് രണ്ടുംകൂടിചേർത്ത് കേവലം 10 ശതമാനമാണ് കൊടുക്കുന്നത്. ബാബുവിജയനാഥ് കമ്മീഷൻ റിപ്പോർട്ടിൽ അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടില്ലേ മുഖ്യമന്ത്രി? അങ്ങയുടെ കൈയിലിരിപ്പില്ലേ ആ റിപ്പോർട്ട്?

LIBRARY ARCHIVES Kerala Legislative Assembly

അത് നടപ്പിലാക്കാൻ നിങ്ങൾ തയ്യാറാകുമോ എന്നാണ് ചോദിക്കുന്നത്. ഇൻഡ്യയിലെ ഭരണഘടനാവ്യവസ്ഥചെയ്യുന്നത് അനുസരിച്ച് ഹരിജനങ്ങൾക്ക് കൊടുക്കേണ്ട ആനുകൂല്യം കൊടുക്കാതെ മറ്റാരുടെയോ സമ്മർദ്ദത്തിന് വിധേയമായിക്കൊണ്ട് ഇന്ന് അവരുടെ ന്യായമായ അവകാശം നിഷേധിച്ചിരിക്കുകയാണ്. ഈ സംസ്ഥാനത്ത് തൊഴിലില്ലാത്തവരായി കഴിഞ്ഞുകൂടുന്ന, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ കണക്കുകൾ സർക്കാർ പ്രസിദ്ധീകരിക്കുന്നു. ഗവൺമെന്റ് പ്രസിദ്ധീകരിച്ച കണക്കുകളിൽ 88 പോസ്റ്റ് ഗ്രാഡുവേറ്റുകളും 1500 ബിരുദധാരികളും 5000-ത്തോളം പി.ഡി.സി പാസ്സായിട്ടുള്ള ആളുകളും ഏതാണ്ട് അരലക്ഷത്തോളം എസ്.എസ്.എൽ.സി. പാസ്സായതുമായ പട്ടികജാതിക്കാർ ഉണ്ട്. പട്ടികവർഗ്ഗക്കാരുടെ കണക്ക് ശ്രീ. രാഘവൻമാസ്റ്റർ ഇവിടെ പറഞ്ഞു. അങ്ങനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തുകൊണ്ട് കാത്തിരിക്കുകയാണ്. അവർക്ക് തൊഴിൽ കൊടുക്കുന്നില്ല. തൊഴിൽ കൊടുക്കാനുള്ള യാതൊരു സാദ്ധ്യതയും ഇവിടെ ഉണ്ടാകുന്നില്ല. അവർക്ക് തൊഴിൽകൊടുത്ത് അവരെ രക്ഷിക്കാനും വളർത്താനുമുള്ള സാദ്ധ്യത ഇന്ന് കേരള സംസ്ഥാനത്തിനുണ്ട്. ഹരിജനങ്ങൾക്ക് അർഹതപ്പെട്ട 10 ശതമാനം നിയമവിരുദ്ധമായി മറ്റു ചിലർക്കുകൊടുത്തു. പബ്ലിക് സർവ്വീസ് കമ്മീഷനിലൂടെ സംവരണതത്വം ശരിയായി പാലിച്ചുകൊണ്ട് ഹരിജനങ്ങൾക്ക് നിയമനം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ മുഖ്യമന്ത്രി? ഈ ഗവൺമെന്റിന്റെ നയം എന്താണെന്നാണ് അറിയേണ്ടത്. അല്ലാതെ അവർക്ക് വീടുകൊടുത്തു, ആടു കൊടുത്തു, അതുപോലെ 11 വിദ്യാർത്ഥികളെ കംപ്യൂട്ടർ പഠിപ്പിച്ചു എന്നൊക്കെ പറഞ്ഞുകൊണ്ട് പ്രചരണം നടത്തിയാൽ മാത്രം പോര. അവർക്ക് തൊഴിൽ കൊടുക്കുവാനുള്ള നടപടിയെടുക്കുമോ? ഇത്രയും ആളുകൾ ഇവിടെ തൊഴിലിനുവേണ്ടി കാത്തിരിക്കുമ്പോൾ ഇവിടെ കെ.എസ്.ആർ.ടി.സി.യിലും ഇലക്ട്രിസിറ്റി ബോർഡിലും സംവരണം നടപ്പാക്കിയിട്ടുണ്ടെങ്കിലും പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ തൊഴിൽ കൊടുക്കുന്നില്ല.

എഴുപത്തിയെട്ടോളം പൊതുമേഖലാസ്ഥാപനങ്ങളും കോർപ്പറേഷനുകളും ബോർഡുകളും, അതുപോലെ മറ്റ് ചിലതും ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന മാനേജ്മെന്റ് സ്കൂളുകൾ, കോളേജുകൾ അവിടെയൊക്കെ തൊഴിൽ സാദ്ധ്യതയുണ്ട്. ഇതിൽ ഏതാനും ചുരുക്കം ചില സ്ഥലത്തുമാത്രമേ പി.എസ്.സി. യിലൂടെ നിയമനം നടത്തുന്നുള്ളൂ. ഇവിടെയൊക്കെ സംവരണതത്വത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.ക്ക് നിയമനം നടത്തുവാൻ വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ? അതുപോലെ, ഗവൺമെന്റിന്റെ സഹായം കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിയമനം നടത്തുവാനുള്ള അധികാരം പി.എസ്.സി.ക്ക് വിട്ടുകൊടുത്ത് സംവരണതത്വം പാലിക്കാൻ നടപടി എടുത്തുകൊണ്ട് ഹരിജനങ്ങളെ സഹായിക്കുമോ? ഹരിജനങ്ങളുടെ പേരിൽ ആണയിടുന്ന മുഖ്യമന്ത്രി പറയുന്നു താൻ വകുപ്പ് ഏറ്റെടുത്തതിനുശേഷം ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്ന്. അതുപോലെതന്നെ കോൺഗ്രസ് (ഐ)യുടെ പേരിൽ, ശ്രീ. രാജീവ് ഗാന്ധിയുടെ പേരിൽ ഇൻഡ്യയുടെ പേരിൽ അങ്ങനെ ഒരുപാട് പേരുടെ പേരിൽ ഇവയെല്ലാം ചെയ്തുവെന്ന് പറയുന്നു. ഇവിടെ തൊഴിൽരഹിതരായി കാത്തിരിക്കുന്നവർക്ക് തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനുള്ള ഏർപ്പാടുകളും ഉണ്ടാക്കുമെന്നാണ് പറയുന്നത്. ഹരിജനങ്ങളുടെ 18 വിദ്യാർത്ഥികളെ ഡൽഹിയിൽ സ്റ്റഡിടൂറിനുകൊണ്ടുപോയി. പ്രധാനമന്ത്രിയേയും അതുപോലെ രാഷ്ട്രപതിയേയും കാണിച്ചിട്ട് പാഞ്ഞു ഹരിജനങ്ങളെയെല്ലാം ഉദ്ധരിച്ചു എന്ന്. മൂന്ന് വക്കീലന്മാർക്ക് ധനസഹായംകൊടുത്തിട്ട് പറഞ്ഞു ഇവിടെയുള്ള ഹരിജനങ്ങളുടെ വക്കീലന്മാരെല്ലാവരും ഉയർന്നിരിക്കുന്നുവെന്ന്. അങ്ങനെ പ്രചരണം നടത്തുന്നതിൽ യാതൊരു അർത്ഥവുമില്ല. അത്തരം കാര്യങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ഇവിടെ ഹരിജനങ്ങൾക്ക് ഭൂമി, തെഴിൽ മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഗിരിജൻ കുട്ടികളെ പഠിപ്പിക്കാൻ സ്കൂൾ ഒക്കെയുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതിന്റെ യഥാർത്ഥ സ്ഥിതി എന്താണ്? അവരുടെ ഹോസ്റ്റലുകൾ കന്നുകാലിത്തൊഴുത്തിനേക്കാൾ മഹാകഷ്ടമായി ഇടിഞ്ഞുപൊളിഞ്ഞ് കിടക്കുകയാണ്. അവിടെ തിരിഞ്ഞുനോക്കിയിട്ടില്ല. ഹരിജനങ്ങളും ഗിരിജനങ്ങളുമായ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സിമൻറ് ഡെസ്ക്കും സിമൻറ് ബെഞ്ചുമാണ് കൊടുത്തിരിക്കുന്നത്. അവർക്ക് നല്ല സാധനങ്ങൾപോലും കൊടുക്കുന്നില്ല. അതാണ് അവരോടുള്ള പെരുമാറ്റം. ഗിരിജനങ്ങളുടെ സ്ഥിതിയെപ്പറ്റി പരിശോധിച്ചാൽ മലബാർ പ്രദേശങ്ങളിൽ തെഴിലും ഭൂമിയും പാർപ്പിടസൗകര്യവുംകൊടുക്കാതെ അവരെ കഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ കാസർകോട്, കിഴക്കൻ മലമ്പ്രദേശങ്ങളിലൊക്കെ ഗിരിജനങ്ങളുടെ സ്ഥിതി പരിശോധിച്ചാൽ അങ്ങേയറ്റം കഷ്ടമാണ്. അവരെയെല്ലാം ഫോറസ്റ്റുദ്യോഗസ്ഥൻമാർ ആക്രമിക്കുന്നു. അവിടെയുള്ള സ്ത്രീകളെ ബലാൽസംഗം ചെയ്യുന്നു, പോലീസ് ലോക്കപ്പിലിട്ട് ഹരിജൻ ചെറുപ്പക്കാരെ അടിച്ച് ചതയ്ക്കുന്നു. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വിതുര പോലീസ് സ്റ്റേഷനിൽ കാണി സെറ്റിൽമെൻറിൽപ്പെട്ട രണ്ട് ഗിരിജൻ യുവാക്കളെ പോലീസ് അടിച്ച് പരിക്ക് ഏൽപ്പിച്ചു. ഇത് 30-3 86–ലെ മാതൃഭൂമിയിൽ വന്ന റിപ്പോർട്ടാണ്. ഇതുപോലുള്ള അക്രമങ്ങൾ നടക്കുകയാണ്. 407 ബലാത്സംഗം നടന്നതിൽ മഹാഭൂരിപക്ഷവും ഹരിജൻ സ്ത്രീകളെ ബലാത്സംഗം ചെയ്ത കണക്കുകളാണ്. അത്തരത്തിൽ ഹരിജനങ്ങളെ ഉപദ്രവിച്ചുകൊണ്ട് അവർക്ക് നഷ്ടപരിഹാരം കൊടുത്തുകൊണ്ട് അവരെപ്പറ്റി പ്രചരണമാണ്. ഈ നിലമാറ്റിയെടുക്കണം. ഇത് മാറാനായിട്ട് അടിസ്ഥാനപരമായ നടപടി കേന്ദ്രഗവൺമെൻറ് സ്വീകരിച്ചിട്ടില്ല; ശ്രീമാൻ രാജീവ്ഗാന്ധി സ്വീകരിച്ചിട്ടില്ല; ശ്രീ. കരുണാകരനും സ്വീകരിക്കുന്നില്ല. പണ്ടത്തെപ്പോലെ ജൻമിമാർ സ്വന്തം വസ്തുവിൽ നാളികേരമിടിക്കാൻ ചെല്ലുമ്പോൾ അവിടത്തെ കുടികിടപ്പുകാരന് രണ്ട് പേടോ കുരുടോ ആയ തേങ്ങ ഇട്ടുകൊടുത്തിട്ട് ഇന്നാടോ കൊണ്ടുപോ എന്നു പറയുന്നു. ഏതോ വലിയ കാര്യം സാധിച്ച മട്ടിലാണ് അങ്ങനെ ചെയ്യുന്നത്. അതിന് ഇനി ഹരിജനങ്ങളെ കിട്ടുകയില്ല. നിങ്ങളുടെ വഞ്ചന ഇനി വിലപ്പോവുകയില്ല. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളിൽ സാമൂഹ്യക്ഷേമവകുപ്പിനെ സംബന്ധിച്ച് രണ്ടു മൂന്ന് ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച നിർദ്ദേശങ്ങളെ ഞാൻ സ്വാഗതംചെയ്യുകയാണ്. ബഹുമാന്യനായ കാസർകോട് എം. എൽ. എ. ആവശ്യപ്പെട്ടത് കാസർകോട് ഒരു വനിതാ ഹോസ്റ്റൽ വേണം, അന്ധരായ

LIBRARY ARCHIVES Kerala Legislative Assembly

പെൺകുട്ടികൾക്കുള്ള താമസസൗകര്യം വേണമെന്നാണ്. ഈ രണ്ട് കാര്യങ്ങൾക്കും വളരെ വേഗത്തിൽ നടപടി എടുക്കുന്നതാണ്. സ്ത്രീകൾക്കായുള്ള ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് കാര്യമായ സഹായം കേന്ദ്രഗവൺമെന്റ് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. നമ്മൾ ചെലവഴിക്കുന്നതിന്റെ 75 ശതമാനം ഗ്രാന്റായി കേന്ദ്രത്തിൽനിന്നും ലഭിക്കുന്നതാണ്. അതുകൊണ്ട് കാസർകോട് ഹോസ്റ്റലിനെ സംബന്ധിച്ച് വളരെവേഗം ഒരു തീരുമാനമെടുക്കുമെന്ന് മെമ്പർക്ക് ഞാൻ ഉറപ്പു നൽകുന്നു. ബഹുമാന്യയായ അംഗം ശ്രീമതി പി. ദേവൂട്ടി, ഐ. സി. ഡി. എസ്., അംഗനവാടി കേന്ദ്രങ്ങളിലേക്ക് കെട്ടിടം ഇല്ലാത്ത ശോചനീയാവസ്ഥ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തീർച്ചയായും ആറുലക്ഷം കുഞ്ഞുങ്ങൾക്കും പതിനായിരത്തോളം അമ്മമാർക്കും ഭക്ഷണവും ആരോഗ്യസംരക്ഷണവും ലഭിക്കുന്ന ഈ കേരളത്തിൽ അതിനാവശ്യമായ കെട്ടിടം വേണമെന്നുള്ളത് നിർബന്ധമുള്ള ഒരു കാര്യമാണ്. ഇന്നുള്ള കെട്ടുകൊച്ചു കെട്ടിടങ്ങൾ വളരെ അസൗകര്യമുള്ളവയാണ്. കേന്ദ്രമന്ത്രി കഴിഞ്ഞമാസം 17-ാംതീയതി വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസിൽ ഈ കാര്യം ഞാൻ വളരെ ശക്തിയായി ഉന്നയിച്ചിട്ടുണ്ട്. റൂറൽ ഡവലപ്പ്മെന്റിനേയും മറ്റും സഹായത്തോടുകൂടി ഈ സമീപഭാവിയിൽ തന്നെ ഗ്രാമപ്രദേശങ്ങളിലുള്ള അംഗൻവാടികളിൽ കെട്ടിടം നിർമ്മിക്കുന്നുള്ള ശ്രമം സംസ്ഥാന-കേന്ദ്രഗവൺമെന്റുകളുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ ഉറപ്പു നൽകുന്നു. ബഹുമാനപ്പെട്ട കെ. പങ്കജാക്ഷനും, ശ്രീ. ഇ. ജെ. ലൂക്കോസും ഏറ്റുമാനൂർ എം. എൽ. എ.യും ഉന്നയിച്ച പെൻഷൻ തുക വർദ്ധിപ്പിക്കണമെന്നുള്ള അഭിപ്രായം ഗവൺമെന്റ് കാര്യമായി പരിശോധിക്കുകയും ആവുന്നത് ചെയ്യുകയും ചെയ്യാമെന്ന് ഉറപ്പുനൽകുകയാണ്. വികലാംഗരായവർക്കുള്ള പണം കുറഞ്ഞതിനെപ്പറ്റി പറഞ്ഞു. ധനകാര്യമന്ത്രി അത് സമ്മതിച്ചിട്ടുണ്ട്; ഫയൽ ഒപ്പിട്ടുകഴിഞ്ഞതാണ്. ഇത്രയേ എനിക്ക് പറയാനുള്ളൂ.

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ: സർ, ഈ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ചാണ് ഇന്ന് നമ്മൾ ചർച്ച നടത്തിയത്. നമ്മുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം ചെലവു ചെയ്യുന്നത് വിദ്യാഭ്യാസം കഴിഞ്ഞാൽ ആരോഗ്യ വകുപ്പിനാണ്. അതുപോലെ സാമൂഹ്യമായി നോക്കിയാൽ ഏറ്റവും ദുരിതമനുഭവിക്കുന്ന, പിന്നോക്കംനിൽക്കുന്ന ഒരു ജനവിഭാഗമാണ് പട്ടികജാതി—പട്ടികവർഗ്ഗക്കാരും. ഈ രണ്ടു കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ച നടന്നത്. സാധാരണഗതിയിൽനിന്നും അല്പം വ്യത്യസ്തമായി, ശാന്തതയോടുകൂടി ഇന്നു ചർച്ച നടന്നു എന്നുള്ളതിൽ സന്തോഷമുണ്ട്. ഇതുപോലുള്ള ചർച്ചകൾ നടക്കുന്ന അവസരത്തിൽ കഴിവതും രാഷ്ട്രീയം ഒഴിവാക്കണം എന്നുപറയുന്ന ആളുകൾതന്നെ രാഷ്ട്രീയത്തിനാണ് മുൻതൂക്കം കൊടുക്കുന്നത്. ഗവൺമെന്റിനെ വിമർശിക്കുമ്പോൾ സത്യസന്ധമായ വിമർശനത്തിന് മുതിർന്നില്ലെന്നുള്ള ഖേദംകൊണ്ട് പറയുകയാണ്.

സർ, ആദ്യമായി ആരോഗ്യ വകുപ്പിൽനിന്നുതന്നെ തുടങ്ങാം. ആരോഗ്യ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ പ്രതിപക്ഷത്തു നിന്നും ഒരു മെമ്പർ മാത്രമാണ് ആ വിഷയത്തെക്കുറിച്ച് കാര്യമായി മനസ്സിലാക്കി നല്ല നിർദ്ദേശങ്ങളും, നല്ല വിമർശനങ്ങളും നടത്തിയത്. ബഹുമാനപ്പെട്ട മെമ്പർ ദേവൂട്ടിയുടെ പ്രസംഗം. ഞാൻ അവരുടെ പ്രസംഗം വളരെ ശ്രദ്ധയോടുകൂടി കേട്ടു. യഥാർത്ഥത്തിൽ ഈ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനത്തിലെ കാതലായ പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പഠിച്ച് പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഞാൻ അതിനെ ബഹുമാനപുരസ്സരം സ്വീകരിക്കുകയും അത്തരം നിർദ്ദേശങ്ങൾ മേലിൽ ഉണ്ടാകണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യുകയാണ്. അങ്ങനെയുള്ള നിർദ്ദേശങ്ങൾവഴി തീർച്ചയായും ഗവൺമെന്റിന്റെ പോരായ്മകൾ തിരുത്തുവാൻ സാധിക്കും. ആരോഗ്യവകുപ്പിനെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഇതിന്റെ വ്യാപ്തിയെക്കുറിച്ച് ഞാൻ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. ഏതാണ്ട് 33028 കിടക്കകൾ ആണ് അവിടെ ഉള്ളതെന്ന് പറഞ്ഞാൽ എത്ര രോഗികൾ അവിടെ വന്നു പോകുന്നുവെന്നുള്ളതിന്റെ ഒരു ഏകദേശ കണക്ക് ഊഹിക്കാവുന്നതാണ്. ഇവരെയെല്ലാം ശുശ്രൂഷിക്കാൻ ആവശ്യമായ ഡോക്ടർമാരും നഴ്സുമാരും മരുന്നും മറ്റു സ്റ്റാഫുകളും എല്ലാം ഉണ്ടെങ്കിൽ ഒരു പരാതിയും കൂടാതെ നടത്തിക്കൊണ്ടുപോകാൻ സാധിക്കും. എന്നാൽ ഒരു ഗവൺമെന്റിനെക്കൊണ്ടും അടുത്തകാലത്ത് എല്ലാം പൂർത്തീകരിച്ച് നടപ്പിലാക്കാൻ സാധിച്ചുവെന്ന് വരികയില്ല. എങ്കിലും ഈ ഗവൺമെന്റു ശ്രദ്ധിക്കേണ്ട മേഖലകളിൽ ശ്രദ്ധിച്ചുതുടങ്ങിയിട്ടുണ്ട്. ഒരു ഉദാഹരണംകൊണ്ടുതന്നെ അതു വ്യക്തമാകും. കഴിഞ്ഞ തവണ ഇവിടെ ചർച്ച നടന്ന അവസരത്തിൽ ഏറ്റവും അധികം ഉയർന്നുവന്ന ആക്ഷേപം പല ആശുപത്രികളിലും ഡിസ്പെൻസറികളിലും ഡോക്ടർമാർ ഇല്ലെന്നുള്ളതായിരുന്നു. ഇന്ന് ഇങ്ങനെയുള്ള പരാതിയുണ്ടായില്ലെന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. എവിടെയെങ്കിലും പോരായ്മകൾ ചൂണ്ടിക്കാണിക്കുമ്പോൾത്തന്നെ അത് തിരുത്തുന്നുവെന്നുള്ളതാണ് അതിന്റെ കാരണം. ആശുപത്രികളിലെ കിടക്കകളുടെ എണ്ണമൊക്കെ പറയുമ്പോൾ രണ്ടായിരമാണ്ടിൽ നമ്മുടെ രാജ്യം പ്രതീക്ഷിക്കുന്നത് നമ്മൾ നേടിയിരിക്കുന്നുവെന്ന് അവകാശപ്പെടാം. എന്നാൽ ഫലത്തിൽ ഇനിയും വളരെ ചെയ്യാനുണ്ട് എന്നുള്ളതാണ് സത്യം. അതുകൊണ്ടാണ് ഈ അടുത്ത കാലത്തായി ഈ മേഖലയിൽ ചില നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കിടക്കകളുടെ എണ്ണംമാത്രം വർദ്ധിപ്പിക്കുന്നതിൽ കാര്യമില്ല. ഡിസ്പെൻസറികളും പബ്ലിക് ഹെൽത്ത് സെന്ററുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. ബഹുമനപ്പെട്ട വേലുക്കുട്ടി സൂചിപ്പിച്ചതുപോലെ അത്യാവശ്യമുള്ളതായ കാര്യങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമുള്ള സംവിധാനങ്ങൾ ആദ്യം ഉണ്ടാകണം. നമ്മുടെ ചികിൽസാ സമ്പ്രദായത്തിൽ പല പരിഷ്കാരങ്ങളും സമീപനങ്ങളും സ്വീകരിക്കുന്ന കാലമാണിത്. മുൻകാലങ്ങളിൽ രോഗനിർണ്ണയം നടത്തുന്നത് രോഗലക്ഷണങ്ങൾ കണ്ടെത്തിയതിനു ശേഷമാണെങ്കിൽ ഇന്ന് രോഗത്തിന്റെ മുഴുവൻ വിവരങ്ങളും മുൻകൂട്ടി അറിയാൻ സാധിക്കാവുന്ന രീതിയിൽ വൈദ്യശാസ്ത്രം പുരോഗമിച്ചിട്ടുണ്ട്. അതിനവശ്യമായ യന്ത്രങ്ങൾ വേണം. വൈദ്യശാസ്ത്രത്തിന്റെ മുഴുവൻ ഗുണവും ജനങ്ങൾക്ക് കിട്ടണമെന്നുണ്ടെങ്കിൽ ആവശ്യമായ സാങ്കേതിക സംവിധാനങ്ങൾ ഉണ്ടാകണം. ആ നിലയിലുള്ള സംവിധാനങ്ങൾ നമ്മുടെ മെഡിക്കൽ കോളേജുകളിൽ പോലും നമുക്ക് എത്തിക്കാൻ സാധിച്ചിട്ടില്ല. ഇന്ന് എറണാകുളംവിട്ട് വടക്കോട്ട് പോയാൽ സഹകാര്യ മേഖലകളിൽ പോലും സ്കാനിങ്ങ് സൗകര്യമില്ല. ഭാഗ്യവശാൽ തിരുവനന്തപുരത്തു ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ ഇതിനുള്ള സൗകര്യമുണ്ട്. സാധുക്കൾക്കും അതിനുള്ള സംവിധാനമുണ്ട്. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലും ഇതിനുവേണ്ടി ഓർഡർ ചെയ്തിട്ടുണ്ട്. ഉടനെ തന്നെ വന്നുചേരും. എന്നാൽ ഏറ്റവും ചുരുങ്ങിയത് കാലിക്കറ്റ് മെഡിക്കൽ കോളേജിലെങ്കിലും ഒരു സ്കാനിങ്ങ് മെഷീൻ ആവശ്യമാണെന്ന് അഭിപ്രായമുണ്ട്. അത് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇപ്പോൾ കണ്ടുവരുന്ന ഒരു പ്രധാന സംഗതി പല യന്ത്രങ്ങളും നമ്മൾ വരുത്തിവയ്ക്കുകയും അതിന്റെ പാക്കിംഗ് പോലും പൊളിക്കാതെയും അതിന് ആവശ്യമായ വിദഗ്ദ്ധൻമാരെ നിയമിക്കാതെയുമിരിക്കുന്നു എന്നതാണ്. ചില മെഷീനുകൾ അത് ഉപയോഗിക്കാതെ അതിന്റെ ഗാരണ്ടി പീരിയഡ് വരെ കഴിഞ്ഞിരിക്കുന്നു. അതിനൊരു പരിഹാരം ഉണ്ടാക്കാൻവേണ്ടി ഇതെല്ലാം പരിശോധിച്ചിട്ട് ഇതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധൻമാരെനിയമിക്കാനും മെഷീൻ കേടുവന്നതാണെങ്കിൽ അത് നന്നാക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ ആശുപത്രിയിൽ അത്യാവശ്യം വേണ്ട കുടിവെള്ളത്തിന്റെ കാര്യത്തിൽ, ഓപ്പറേഷൻ തിയേറ്ററിന്റെ കാര്യത്തിൽ, കിച്ചന്റെ കാര്യത്തിൽ ഒക്കെ ഗവൺമെന്റിന്റെ ശ്രദ്ധ ചെല്ലും. ഇങ്ങനെ അത്യാവശ്യം വേണ്ട രംഗങ്ങളിലൊക്കെ വളരെ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

ഇവിടെ കുട്ടികൾക്കും മറ്റുമുള്ള രോഗ പ്രതിരോധ കുത്തിവയ്പിനെക്കുറിച്ചെല്ലാം സൂചിപ്പിച്ചു. നമ്മുടെ സമ്പ്രദായത്തിൽ തന്നെ പല മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. പഴയ ഡിസ്പെൻസറികൾ പബ്ലിക് ഹെൽത്ത് സെന്ററുകളാക്കി മാറ്റിയിരിക്കുകയാണ്. ഒരു ഡോക്ടറും ഒരു നേഴ്സുമാണ് ഡിസ്പെൻസറികളിലുള്ളത്. നേരേമറിച്ച് പബ്ലിക് ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടേയും മറ്റു സ്റ്റാഫുകളുടേയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. അവിടെ വരുന്ന ആളുകൾക്ക് ചികിൽസ ചെയ്യുകയും നിലവിലുള്ള രോഗം കണ്ടെത്തുകയും മാത്രമല്ല രോഗം വരാതിരിക്കുവാനുള്ള സംവിധാനവും കൂടി ഈ പുതിയ ചികിൽസാ സമ്പ്രദായപ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി കുട്ടികൾക്കുള്ള പ്രതിരോധ ചികിൽസകൾ കാര്യക്ഷമമായി നമുക്കു നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ ഫലമായി മനുഷ്യായുസ്സിന്റെ കാര്യത്തിൽ, കുട്ടികളുടെ മരണത്തിന്റെ കാര്യത്തിൽ, സ്ത്രീകളുടെ പ്രസവാനന്തര മരണത്തിന്റെ കാര്യത്തിലൊക്കെ ഇതിന്റെ വ്യത്യാസം കാണാൻ സാധിക്കും.

സർ, ഫാമിലി പ്ലാനിങ്ങിനെ സംബന്ധിച്ചൊക്കെ ഇവിടെ സൂചിപ്പിച്ചു. ഇൻഡ്യയിലെ ശരാശരി ജനസംഖ്യ 33.6 ആണെങ്കിൽ നമ്മുടെ സ്റ്റേറ്റിൽ 22.4 ആണ്. മരണനിരക്ക് ഇൻഡ്യയിൽ ശരാശരി 11.9 ആണെങ്കിൽ നമ്മുടേത് കേവലം 6.2 ആണ്. കുട്ടികളുടെ മരണറേറ്റ് ഇൻഡ്യയിൽ 110 ആണെങ്കിൽ നമ്മുടേത് 30 ആണ്. സ്ത്രീകളുടെ പ്രസവാനന്തര പ്രശ്നങ്ങൾ ഇൻഡ്യയിൽ 4.5 ആണെങ്കിൽ നമ്മുടേത് 1.5 ആണ്. മനുഷ്യായുസ്സ്.ഇൻഡ്യയിൽ മൊത്തം 54 ആണെങ്കിൽ നമ്മുടേത് 66 ആണ്. പ്രത്യേകിച്ച് കുട്ടികളുടെ രോഗ പ്രതിരോധ കാര്യങ്ങളിൽ വളരെ വ്യാപകമായ നടപടികൾ സ്വീകരിച്ചു വരികയാണ്. അങ്ങനെ ഒരു ഭാഗത്തു രോഗം വരാതിരിക്കുവാനുള്ള കരുതൽ നടപടികൾ, മറുഭാഗത്ത് വന്നരോഗത്തിന് ഫലപ്രദമായ ചികിൽസ ഏർപ്പാടാക്കുന്നതിനുള്ള സംവിധാനങ്ങൾ. ഇതിനെല്ലാം വേണ്ടി നീക്കിവച്ചിരിക്കുന്ന സംഖ്യ നമ്മുടെ മൊത്തം ചെലവിന്റെ രണ്ടാം സ്ഥാനത്തു വരുന്നുണ്ടെങ്കിൽപോലും ഇനിയും വളരെയധികം സംഖ്യ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ ഡോക്ടർമാരെ നിയമിച്ചാൽ അവിടെ പോയി ചാർജെടുക്കുന്നതിന് വൈമനസ്യം കാണിക്കുന്ന ഡോക്ടർമാരുണ്ട്. അതിനുള്ള പ്രധാന കാരണം അവിടെ ചെന്നാൽ താമസിക്കാനുള്ള സൗകര്യം ലഭിക്കില്ലെന്നുള്ളതാണ്. ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗത്തിൽക്കൂടി, ഏതു വകുപ്പിൽ നിന്നു പണം കണ്ടെത്തിയാലും ശരി ഡോക്ടർമാർക്കു താമസിക്കാനുള്ള സൗകര്യം എർപ്പെടുത്തിയില്ലെങ്കിൽ നാട്ടിൻപുറത്തു നല്ല ഡോക്ടർമാർ പോകാൻ വൈമനസ്യം കാണിക്കുമെന്നുള്ളതു സ്വാഭാവികമാണു്.

എന്റെ സ്നേഹിതൻ മാവേലിക്കര മെമ്പർ ശ്രീ. കുറുപ്പ് ഡോക്ടർമാരുടെ നിയമനത്തെക്കുറിച്ചു് ഒരു ആക്ഷേപം പറഞ്ഞു. അദ്ദേഹം അവരുടെ നിയമനത്തെക്കുറിച്ചു് എന്തെങ്കിലും അന്വേഷിച്ചിരുന്നുവെങ്കിൽ ഇങ്ങനെയൊരു ആക്ഷേപം ഈ സഭയിൽ ഉന്നയിക്കുമായിരുന്നില്ല. എന്റെ ഓഫീസിൽ ആ ഫയലൊന്നും വരേണ്ട ആവശ്യമില്ല. അതിനു പ്രത്യേകമായ ഗൈഡ്ലൈൻസ് ഇഷ്യൂ ചെയ്തിട്ടുണ്ടു്. ഒരു കാര്യം എനിക്കു് വളരെ അഭിമാനത്തോടുകൂടി പറയാം. 1967 മുതലുള്ള എല്ലാ ഗവൺമെന്റുകളുടെ കാലത്തും ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടു്. അതിൽ ശ്രീ. കെ.പി. പ്രഭാകരൻ ആരോഗ്യ വകുപ്പു മന്ത്രിയായിരുന്ന കാലത്തു് കുറെയെല്ലാം കൃത്യമായി പാലിച്ചിരുന്നു. ഡോക്ടർമാർ അവരുടെ ശുപാർശയ്ക്കുള്ള ആളുകളുമായി തിരുവനന്തപുരത്തു് ഹോട്ടലുകളിലും മറ്റു സ്ഥലങ്ങളിലും താമസിച്ചു് മന്ത്രിയേയും ബന്ധപ്പെട്ടവരേയും കാണേണ്ട ഒരു സ്ഥിതിവിശേഷം ഇന്നു് കേരളത്തിൽ ഇല്ലെന്നു തറപ്പിച്ചു പറയാൻ സാധിക്കും. ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണു്. ഞാൻ ഓർഡർ ഇഷ്യൂ ചെയ്യണ്ടിവരുന്നില്ല. ഗൈഡ്ലൈൻസ് കൊടുത്തതു് ഈ ഇരിക്കുന്ന എം. എൽ. എ. മാർക്കൊക്കെ അറിയാം ബഹുമാനപ്പെട്ട മെമ്പർതന്നെ പറഞ്ഞു ഞാൻ പോയിട്ടു് കിട്ടിയില്ലെന്നു്. കിട്ടിയില്ലെന്നു വരുന്നതു് .....(ബഹളം)..... അപേക്ഷ കിട്ടിക്കഴിഞ്ഞാൽ ഒഴിവുണ്ടെങ്കിൽ കൊടുക്കണമെന്നതാണു് തീരുമാനം. പരസ്പരമാണെങ്കിൽ കൊടുക്കാൻ വിരോധമില്ല. അതുപോലെ ഒന്നിലധികം ആളുകളുടെ കത്തുകിട്ടിയാൽ ആദ്യത്തെ ആൾക്കായിരിക്കും കൊടുക്കുക. അങ്ങനെ സിസ്റ്റമാറ്റിക് ആയതുകൊണ്ടാണു്, പലരും ആവശ്യപ്പെട്ടതു് കിട്ടിയില്ലെന്നു വന്നതു്. അല്ലാതെ മറ്റാരുടേയും നിർബന്ധംയാതൊരു വിധത്തിലുമില്ല. ഇക്കാര്യത്തിൽ ഇവിടത്തെ മെഡിക്കൽ അസോസിയേഷൻകാർ തന്നെ ഗവൺമെന്റിനെ അഭിനന്ദിച്ചിട്ടുണ്ടു്. ഞങ്ങൾ വളരെക്കാലത്തിനുള്ളിൽ ഇങ്ങനെ ഒരു ആശ്വാസം കണ്ടെത്തിയെന്നാണു് അവർ പറയുന്നതു്. ജനറൽ ട്രാൻസ്ഫറിന്റെ കാര്യത്തിൽ അങ്ങനെയൊരു ആക്ഷേപത്തിനിടയാക്കിയിട്ടില്ല. ഏതായാലുംശരി അങ്ങനെയുള്ള സ്ഥിതിയിൽ ഡോക്ടർമാരുടെ ട്രാൻസ്ഫർ എന്നു പറയുമ്പോൾ എവിടെ നിയമിച്ചാലും ശരി അവർ പോയി ചാർജ് എടുക്കണമെന്ന സംവിധാനം ഉണ്ടാക്കിയിട്ടുണ്ടു്. ഈ ആരോഗ്യസംരക്ഷണ കാര്യത്തിൽ, രോഗം വന്നാൽ ചികിൽസിക്കാൻ മാത്രമല്ല രോഗം വരാതെ തടയാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടു്. അലോപ്പതിയിൽ മാത്രമല്ല ആയുർവ്വേദത്തിലും ഹോമിയോപ്പതിയിലും മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കൂടുതൽ ചികിൽസാ സൗകര്യങ്ങൾ ഏർപ്പാടു ചെയ്യുകയും ചെയ്തിട്ടുണ്ടു്. പോരായ്മകളും കുറവുകളും ഇല്ലാത്ത ഒന്നുമില്ല. എന്നാൽപ്പോലും എനിക്കു് ആധികാരികമായി പറയാൻ സാധിക്കും ഈ ഗവൺമെന്റു് അധികാരത്തിൽ വന്നശേഷം ഈ രംഗത്തു് വളരെ അടിസ്ഥാനപരമായ, കാതലായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടു് എന്നു്. കോഴിക്കോട്ടു മെഡിക്കൽ കോളേജ് റഫറൽ ഹോസ്പിറ്റലാക്കാൻ തീരുമാനിച്ചപ്പോൾതന്നെ അതിന്റെ ചുറ്റുപാടുമുള്ള ആശുപത്രികളുടെ വികസനം ആവശ്യമായി വന്നു. പണമുണ്ടോയെന്നു നോക്കി

LIBRARY ARCHIVES Kerala Legislative Assembly

യല്ല കോഴിക്കോട് ഡിസ്ട്രിക്ട് ഹോസ്പിറ്റലിൽതന്നെ 16 ലക്ഷം രൂപ ടോട്ടൽ സാംഗ്ഷൻ ചെയ്തത്. അവിടെ എല്ലാ ഏർപ്പാടുകളും ചെയ്തു. ഈയടുത്ത ആഴ്ചയിൽ ഉദ്ഘാടനം ചെയ്യാൻ സാധിക്കും. അന്നു ഞാൻ പറഞ്ഞിരുന്നു ഇതിന്റെ മുഴുവൻ ജോലിയും താമസിയാതെ കംപ്ലീറ്റുചെയ്യുമെന്ന്. അതുപോലെ വടകര, കൊയിലാണ്ടി.....

ശ്രീ. ഇ. കെ. നായനാർ: സർ, കാലിക്കട്ട് മെഡിക്കൽ കോളേജിന് 16 ലക്ഷം രൂപ അനുവദിച്ചതിനെപ്പറ്റി പറഞ്ഞു. തൃശ്ശൂർ മുതൽ കാസർകോഡുവരെയുള്ള ഏരിയയിലുള്ള ഒരേയൊരു മെഡിക്കൽ കോളേജാണ് കോഴിക്കോട്ടു മെഡിക്കൽ കോളേജ് ആശുപത്രി. അവിടെ സ്കാനിംഗ് ഏർപ്പെടുത്തുമെന്ന് കഴിഞ്ഞകൊല്ലം നിങ്ങൾ പ്രഖ്യാപിച്ചിരുന്നതാണ്. ഇപ്പോഴല്ല. ഇപ്പോഴും നിങ്ങൾ പ്രഖ്യാപിച്ചു.

ശ്രീ. കെ. കരുണാകരൻ: അതിനുള്ള തീരുമാനമെടുത്ത കാര്യം ഞാൻ നേരത്തേ പറഞ്ഞു.

ശ്രീ. ഇ. കെ. നായനാർ: തീരുമാനം 12 മാസം മുമ്പ് എടുത്തതാണ്. അത് എപ്പോൾ നടപ്പിൽവരും?

ശ്രീ. കെ. കരുണാകരൻ: അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ: ഒന്നരക്കോടി രൂപയാണ്.

ശ്രീ. കെ. കരുണാകരൻ: അതിനുള്ള പണം കണ്ടെത്തിയാലേ ഉണ്ടാക്കാനെ കുകയുള്ളൂ. സർ ഈ കാര്യത്തിൽ ഒരു ചെറിയ പരീക്ഷണം ഞങ്ങൾ നോക്കി. ഈ സാമ്പത്തിക വർഷത്തിൽതന്നെ ചെയ്യണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

ശ്രീമതി കെ. ആർ. ഗൗരി: സർ, ആലപ്പുഴ മെഡിക്കൽ കോളേജിൽ കുട്ടികളെ പഠിപ്പിക്കാൻ ആവശ്യമുള്ള സ്റ്റാഫിനെ അങ്ങ് നിയമിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ ആലപ്പുഴ മെഡിക്കൽ കോളേജിനോട് താൽപ്പര്യം കാണിച്ചതുപോലെ തന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിനുമുണ്ട് ഈ പ്രശ്നങ്ങൾ. ഈ രണ്ടു സ്ഥലത്തുമുള്ള ബുദ്ധിമുട്ട്, വിദഗ്ധരുമായ ഡോക്ടർമാരെ വച്ചാൽ അവർക്ക് താമസസൗകര്യം ഒരു വലിയ പ്രശ്നമാണ്. ഇപ്പോൾ തൃശ്ശൂരിൽ ഒരു ഡോക്ടർ ചെല്ലുകയാണെങ്കിൽ 1,500 രൂപയെങ്കിലും കൊടുക്കാതെ ഒരു ദേഹപ്പെട്ട വീട് കിട്ടാത്ത സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. അതുതന്നെയായിരിക്കും ആലപ്പുഴയിലും. ഇപ്പോൾ ആളുകളെ നിർബ്ബന്ധിച്ചാണ് പോസ്റ്റ് ചെയ്യുന്നത്. പോയില്ലെങ്കിൽ ജോലിപോകുമെന്നുള്ള നിലപാടെടുത്തതുകൊണ്ട് കുറേ ആളുകൾ പോകും. ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളുടെ വികസനം വേണ്ട എന്നല്ല. അതിനുള്ള നടപടി ഭാഗ്യവശാൽ പുതിയ ധനകാര്യ മന്ത്രിക്കും താൽപ്പര്യമുള്ളതുകൊണ്ട് ആ മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ യാതൊരു വീഴ്ചയും വരാനിടയില്ല എന്നാണ് എന്റെ വിശ്വാസം.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ഹോസ്പിറ്റൽ ആക്കുമ്പോൾ അതിനു

LIBRARY ARCHIVES Kerala Legislative Assembly

പെരിഫറൽ ഹോസ്പിറ്റലായി വരുന്നത് വടകര, കൊയിലാണ്ടി യൊക്കെയാണ്. ഈ മെഡിക്കൽ കോളേജിന്റെ 15 നാഴികയ്ക്കുള്ളിൽ രണ്ടു മൂന്ന് പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉണ്ട്. മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആക്കുമ്പോൾ ഈ പ്രൈമറി ഹെൽത്ത് സെന്ററുകൾകൂടി ഡെവലപ്പ് ചെയ്യാനുള്ള വല്ല സ്കീമും നടപ്പാക്കുമോ?

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചില്ല. വടകര, കൊയിലാണ്ടി എന്നിവിടങ്ങളിലും വികസനമുണ്ടാവും. അതല്ലെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി റഫറലാക്കിയതുകൊണ്ട് വലിയ മെച്ചമൊന്നും കിട്ടുകയില്ല. അതു മനസ്സിലാക്കിക്കൊണ്ടാണിതു നടത്തുന്നത്.

ശ്രീ. ഇ. കെ. നായനാർ: കാലിക്കട്ട് മെഡിക്കൽ കോളേജ് ആശുപത്രി റഫറലാക്കാൻ പോകുകയാണോ? അത് ആക്കിക്കൂടാ. അതിന്റെ ചുറ്റുപാടുമുള്ള കാൻസർകോഡ്, മഞ്ചേശ്വരമടക്കമുള്ള ചില ആശുപത്രികളും ഡവലപ്പ് ചെയ്യാതെ കാലിക്കട്ട് മെഡിക്കൽ കോളേജ് ആശുപത്രി ഇപ്പോൾ റഫറൽ ആക്കിയാൽ കുന്തംപിടിച്ചതുപോലിരിക്കും.

ശ്രീ. കെ. കരുണാകരൻ: ആയുർവ്വേദ വകുപ്പിലും ഹോമിയോപ്പതി വകുപ്പിലും ഇതുപോലെതന്നെ കാര്യമായ മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. ഇവിടെ എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മെമ്പർ കെ. പങ്കജാക്ഷി പറഞ്ഞു അഗസ്ത്യകൂടവും പീച്ചിയും വളരെയധികം ആയുർവ്വേദ മരുന്നുകളും കിട്ടുന്ന കേന്ദ്രങ്ങളാണെന്ന്. അവിടെ അത് സംരക്ഷിക്കാൻ മാത്രമല്ല, അവിടെ നിന്ന് നല്ലതരം മരുന്നുകളും മറ്റു സ്ഥലങ്ങളിൽ കൊണ്ടുവന്നു നടുന്നതിന് വേണ്ടതായ ഏർപ്പാടുകളും ആയുർവ്വേദ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ തുടങ്ങുന്നതുമാണ്. അതിനുള്ള പ്രാഥമിക നടപടികളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റ് ഹരിജന—ഗിരിജനക്ഷേമ ഡിപ്പാർട്ടുമെന്റാണ്. ഹരിജന-ഗിരിജന ക്ഷേമ ഡിപ്പാർട്ടുമെന്റിനെപ്പറ്റി വിമർശനം നടത്തുമ്പോൾ കാര്യമായി പറയുന്നത് പൊതുവായി പറയണം ഒരു ആക്ഷേപം പറയുന്നതു തന്നെയും ശ്രദ്ധിക്കാതെ പറയുന്നതിലാണ് എനിക്കു സങ്കടം. വിശേഷിച്ചും ബഹുമാനപ്പെട്ട ഭാർഗ്ഗവി തങ്കപ്പൻ പറഞ്ഞു, ഇവിടെ യാതൊരു നിയമനവും നടക്കുന്നില്ലെന്ന്; വളരെയധികം ബാക്ക്ലോഗ് ഫില്ല് ചെയ്യാതിരിക്കുന്നുവെന്ന്. എൻ. ജി. ഒ. മാരുടെ കാര്യത്തിൽ 10.5 ശതമാനം റിക്രൂട്ട്മെന്റ് ആയിക്കഴിഞ്ഞു. 10 ശതമാനമാണ് ഇന്നത്തെ വ്യവസ്ഥിതിയിൽ അവർക്കുള്ളത്. അത് 10.5 ശതമാനമായിക്കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നതാണ്. ഇതു നമ്മുടെ യഥാർത്ഥ ജനസംഖ്യയ്ക്കനുപാതികമായ തോതിൽ വർദ്ധിപ്പിച്ചു കൊണ്ടുവരണമെന്ന അഭിപ്രായഗതിയാണ് എനിയ്ക്കുമുള്ളത്. ഏതായാലും ശരി ഇന്ന് ഇൻഡ്യൻ ഭരണഘടന പത്തു ശതമാനമാണ് അവർക്ക് നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെതന്നെ ഗസറ്റഡ് ഓഫീസേഴ്സിന്റെ കാര്യത്തിൽ ഇനി 444 പോസ്റ്റാണ് നികത്താനുള്ളത്. അതിനുള്ള നടപടിയും .....

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, പത്തര ശതമാനം എന്നുള്ള വ്യവസ്ഥ ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിലാണ് പാലിച്ചിട്ടുള്ളതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: അത് പാലിച്ചിട്ടുണ്ട്. അത്യാവശ്യമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ പരിശോധിക്കാം.

ശ്രീമതി ഭാർഗവി തങ്കപ്പൻ: ഇല്ല, അതു പാലിച്ചിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: ഉണ്ടെന്നു ഞാനല്ലേ പറയുന്നത് ആധികാരികമായിട്ട്? അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിലും ഗവൺമെൻറ് നയപരമായ ഒരു തീരുമാനമെടുക്കുകയും അവയ്ക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. പല സ്ഥലങ്ങളിലും വേക്കൻസി ഫില്ല് ചെയ്തു വരുന്നു. ഇപ്പോൾ കെൽട്രോണിൽ ആണെങ്കിൽ 10 ശതമാനം ഫില്ലു ചെയ്യാത്ത സ്ഥലങ്ങളിലെ മേലധികാരികളുടെ പേരിൽ അച്ചടക്കനടപടി സ്വീകരിക്കുമെന്ന് ഗവൺമെൻറ് അവരെ അറിയിച്ചിട്ടുണ്ട്. അവരുടെ കോൺഫറൻസിലും ഈ തീരുമാനമെടുത്തിട്ടുണ്ട്. ഇവിടെ ഇതിനുവേണ്ടി നീക്കിവച്ച പണത്തെക്കുറിച്ചു പറഞ്ഞു. ഈ പ്രവർത്തനങ്ങളെപ്പറ്റി ബഹുമാനപ്പെട്ട പന്തളം മെമ്പർ പറഞ്ഞു, നാലു വക്കീലിന്, രണ്ടു ഡോക്ടർക്ക്, രണ്ട് എഞ്ചിനീയർക്ക് ഇത്രയൊക്കെയാണ് അവർക്കു കിട്ടിയതെന്ന്. അഭിഷേകലോകത്തിൽ ഒരു അംബേദ്കറെ കഴിച്ചാൽ എത്ര ഹരിജനങ്ങൾക്ക് ഈ അവസരം കിട്ടിയിട്ടുണ്ട്? ആ അവസരം അവർക്കു കിട്ടുന്നതിനുവേണ്ടിയാണ് സാമ്പത്തിക സഹായം നൽകുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഹൈക്കോടതിയിൽ ഒരു ഹരിജൻ ജഡ്ജി വരാനിടയായത്. അവർക്ക് പരിശീലനമില്ല, സഹായമില്ല, സൗകര്യമില്ല അതുകൊണ്ടാണ് വരാത്തത്. അതത്ര നിസ്സാരമായ കാര്യമല്ല. ഇന്ന് ഹൈക്കോടതിയിൽ ഒരു ഹരിജൻ ജഡ്ജിയായി വന്നതിൽ നമുക്ക് അഭിമാനമില്ലേ? ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ആശ്വാസമല്ലേ? ഒന്നുകൊണ്ടു നിറുത്തേണ്ട കാര്യമില്ല. അർഹതയുള്ള ആളുകൾക്ക് അവർക്ക് അർഹതപ്പെട്ട എല്ലാ സ്ഥാനങ്ങളും കിട്ടുന്നതിനുവേണ്ടി പരിശീലനം കൊടുക്കണം. അങ്ങ് ഉൾപ്പെടെയുള്ള പാർട്ടി ഭരിച്ചിരുന്ന കാലത്തൊന്നും ഇതു തോന്നിയില്ലല്ലോ? കമ്പ്യൂട്ടർ പ്രോഗ്രാമിന് 350 പേർക്ക്, റൂറൽ ഹൗസിംഗിന്റെ ടെക്നിക്കൽ സൈഡ് പഠിക്കുന്നതിന് 250 പേർക്ക്, ഹെവി ഡ്യൂട്ടി ലൈസൻസ് എടുക്കുന്നതിനുമെല്ലാംതന്നെ ഇപ്പോൾ പരിശീലനം കൊടുക്കുന്നുണ്ട്.

സർ, അതുപോലെതന്നെ ഇവിടെ സംഖ്യ നീക്കിവച്ചതിനെക്കുറിച്ച് പറഞ്ഞു. സ്പെഷ്യൽ കംപോണൻറ് പ്ലാനിൽ 1980-81ൽ 1920.72 ആണ് നീക്കിവച്ചത്. ചെലവഴിച്ചത് 1283.15. എന്നാൽ 1985-86 ൽ 3638.90 സംഖ്യ നീക്കിവച്ചു. 3618.99 ചെലവഴിച്ചു. അതായത് 99.85 ശതമാനം. കഴിഞ്ഞ കൊല്ലം ആ സ്ഥാനത്ത് 111.17 ശതമാനമാക്കാൻ സാധിച്ചു. ഇത്തവണ തെറ്റു വരാൻ കാരണം ചില മേഖലകളിൽ ശ്രദ്ധക്കുറവു വന്നതുകൊണ്ടാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. അതുപോലെ സെൻട്രൽ അസിസ്റ്റൻസിൽ 262 ലക്ഷം രൂപ നേടിയത്, ഇന്ന് 347.97 ലക്ഷം രൂപ അനുവദിക്കുകയും 350.19 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. അപ്പോൾ സംഖ്യ കുറവല്ല. അതുപോലെ ഹരിജനക്ഷേമവകുപ്പിന് വേണ്ടിയുള്ള സംഖ്യയിൽ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ചെലവഴിക്കുവാൻ കഴിഞ്ഞു. 147 കോടി രൂപയാണ് ചെലവഴിച്ചത്. അതായത് 122.46 ലക്ഷം രൂപ കഴിഞ്ഞ വർഷത്തേക്കാൾ നീക്കി

LIBRARY ARCHIVES Kerala Legislative Assembly

വച്ചിട്ടുണ്ട്. അത് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ്. നീക്കിവച്ച സംഖ്യയേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുണ്ട്. അങ്ങനെ എല്ലാ കാര്യങ്ങളിലും കൂടുതൽ ചെലവഴിച്ചിട്ടുണ്ട്.

സർ, മറ്റൊരു പ്രശ്നം ഇവിടെ പറഞ്ഞത് ഹോസ്റ്റലിന്റെ കാര്യമാണ്. ഇവിടെ ഹോസ്റ്റൽ സൗകര്യം പരിമിതമാണ്. ഹോസ്റ്റൽ പരിമിതമായതുകൊണ്ട് കുട്ടികൾക്ക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം കിട്ടുന്നില്ല. ചില ഹോസ്റ്റലുകൾ തന്നെ പഴയ കെട്ടിടങ്ങൾ വാടകക്കെടുത്തതാണ്. (ഞാൻ എടുത്തതല്ല) വാടകക്കെടുത്ത പഴയ കെട്ടിടം ഒഴിഞ്ഞുകൊടുക്കുവാൻ വേണ്ടി പരാതി പറഞ്ഞു. അതിനകത്തിരുന്ന് പഠിക്കുവാനുള്ള യാതൊരു സൗകര്യവുമില്ല. ഈ കുട്ടികൾക്കു പ്രത്യേകമായ ഹോസ്റ്റലുകൾ പണിയാൻ ഈ വർഷം തന്നെ ചില പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പുതുതായി ഹോസ്റ്റലുകൾ പണിയാൻ പോവുകയാണ്. അതുപോലെ അവരുടെ കേന്ദ്രങ്ങളിൽ അവർക്കാവശ്യമായിട്ടുള്ള കമ്മ്യൂണിറ്റി ഹാൾ ആരംഭിച്ചിട്ടുണ്ട്. അത് വിപുലപ്പെടുത്തണമെന്ന് ആഗ്രഹിക്കുകയാണ്.

സർ, ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ചെയ്ത ചില കാര്യങ്ങൾ എടുത്തുപറയുവാൻ ആഗ്രഹിക്കുകയാണ്. അതിൽ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുന്നു. 1982-ൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 332 കോളനികളിലും 1983-84-ൽ 295 കോളനികളിലും, 1984-85-ൽ 362 കോളനികളിലും 1985-86-ൽ 682 കോളനികളിലും അങ്ങനെ മൊത്തത്തിൽ 1671 കോളനികൾ ഇലക്ട്രിഫൈ ചെയ്തിട്ടുണ്ട്.

മറ്റൊരു പ്രശ്നം കുടിക്കാനുള്ള വെള്ളത്തെ സംബന്ധിച്ചുള്ളതാണ്. കുടിക്കാനുള്ള വെള്ളത്തിനുള്ള ബുദ്ധിമുട്ട് എന്താണെന്നറിയാം. 1982-83-ൽ 214 കോളനികളിലും 1983-84-ൽ 225 കോളനികളിലും 1984-85-ൽ 1551 കോളനികളിലും 1985-86-ൽ 780 കോളനികളിലും, അങ്ങനെ മൊത്തത്തിൽ 2770 കോളനികളിൽ ഈ ഗവൺമെന്റ് കുടിവെള്ളമെത്തിച്ചു.

അതുപോലെതന്നെ ഹൗസിംഗിനെ സംബന്ധിച്ചും മാരേജിനെ സംബന്ധിച്ചും വളരെ നിസ്സാരമായിട്ട് പറയാനുണ്ട്. നേരെമറിച്ച് ഹരിജനങ്ങൾ കല്ല്യാണം കഴിച്ചു കഴിഞ്ഞാൽ അതിലും വിശേഷിച്ച് ഇന്റർ കാസ്റ്റ് മാരേജാണെങ്കിൽ അവർ അനുഭവിക്കുന്ന ദുരിതങ്ങൾ എത്രയാണെന്ന് പറഞ്ഞറിയിക്കേണ്ടതില്ല. ഇങ്ങനെ എല്ലാ മേഖലകളിലും കഴിയുന്നത്ര പുരോഗതി ഉണ്ടാക്കാൻ ഈ ഗവൺമെന്റിനു സാധിച്ചിട്ടുണ്ടെന്നേ മാത്രമല്ല, അവർക്ക് സ്റ്റൈപ്പന്റും വർദ്ധിപ്പിച്ചിട്ടുണ്ട്. അവരുടെ ഭക്ഷ്യ സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്, ഇങ്ങനെ എല്ലാ മേഖലകളിലും പുരോഗതിയുണ്ടാക്കി.

ആദിവാസികളെ സംബന്ധിച്ച് പറഞ്ഞപ്പോൾ വളരെ ഗൗരവമായി, കഴിഞ്ഞ കൊല്ലം രണ്ടു ലക്ഷം വച്ചിരുന്നു ഇത്തവണ അത് ഒരു ലക്ഷമാക്കി കുറച്ചു കളഞ്ഞു, അത് വളരെ ക്രൂരമായിപ്പോയി എന്നാണ് പറഞ്ഞത്. അത് പോഷകാഹാരത്തെപ്പറ്റിയുള്ള ഹെൽത്ത് സർവീസുകൾക്കു വേണ്ടിയാണ്. അത് ശരിയാണ്. ഒരു ലക്ഷം കുറഞ്ഞു. ഒരു ലക്ഷം കുറച്ചിട്ട് വേറൊരു ഹെഡ്ഡിൽ വർദ്ധിപ്പിച്ചത്.....

ശ്രീ. കെ. പങ്കജാക്ഷൻ: സർ, സബ്ജക്റ്റ് കമ്മിറ്റി ഓരോ ഹെഡ്ഡായിട്ട് സ്ക്രൂട്ടൈസ് ചെയ്തിട്ട് അതിൽ ഇന്നയിന്ന കുറവുകളുണ്ടെന്ന് ചൂണ്ടിക്കാണിച്ചത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: പക്ഷേ അത് ഹെഡ്ഡ് മാറി. കുട്ടികൾക്ക് പോഷകാഹാരം കൊടുക്കുന്നത് എഡ്യൂക്കേഷനിലേയ്ക്ക് മാറി. കഴിഞ്ഞ വർഷം ഒരു ലക്ഷം രൂപ ഉണ്ടായിരുന്നത് 17 ലക്ഷം കൊള്ളിച്ചിട്ടുണ്ട്, ഈ ബഡ്ജറ്റിൽ എല്ലാക്കാലത്തും ഒരേപോലെയല്ല. ഹെഡ്ഡ് മാറുന്നത് പ്രവർത്തനത്തിന്റെ സൗകര്യത്തിനുവേണ്ടിയാണ്. ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള രണ്ടുലക്ഷത്തിൽനിന്ന് ഒരു ലക്ഷം പോഷകാഹാരത്തിനായി മാറ്റിവെച്ചു. എന്തായാലും ശരി ഹരിജന-ഗിരിജനക്ഷേമ പ്രവർത്തനത്തിലും അതുപോലെ ആരോഗ്യവകുപ്പിലും പുതിയ ചില നടപടികളും നീക്കങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇനിയും ചില കാര്യങ്ങളെ സംബന്ധിച്ച് ഉടനെ തീരുമാനങ്ങൾ ഉണ്ടാകും. ഇന്നുള്ളതായ ബുദ്ധിമുട്ടുകൾ പരിഹരിച്ച് ആരോഗ്യ സംരക്ഷണത്തിൽ പ്രത്യേകിച്ച്, കുട്ടികളുടെ പ്രതിരോധ നടപടികളുടെ കാര്യത്തിലും സ്ത്രീകളുടെ പ്രസവകാലത്തുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിലും ആവശ്യമായ ചികിൽസാ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിനും മോഡേൺ ട്രീറ്റ്മെന്റിനുള്ള ഫെസിലിറ്റീസ് തുടങ്ങിയുള്ള കാര്യങ്ങളിലും ഹരിജനങ്ങൾക്ക് ചെന്നെത്താൻ കഴിയാത്ത മേഖലകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും തുടർന്ന് സ്വീകരിക്കുമെന്ന് ഈ സഭയിൽ ഉറപ്പുനൽകുകയാണ്. വിശേഷിച്ച് ഞാൻ ഇത് എടുത്തുപറയാൻ കാരണം, അവർ തന്ന നിർദ്ദേശങ്ങളാണ്. ഇവിടെ സൂചിപ്പിച്ച ഒരു കാര്യം രോഗികൾ ആശുപത്രികളിൽ ചെന്നാൽ രക്തം കൊടുക്കുന്ന കാര്യമാണ്. ഇപ്പോൾ നോക്കുന്നത് ഏത് ഗ്രൂപ്പാണ" രോഗിയുടെ രക്ത ഗ്രൂപ്പുമായി മാച്ച് ചെയ്യുന്നതെന്നാണ്. പ്രൊഫഷണൽസ് രക്തം കൊടുക്കുന്നതിന്റെ ഫലമായി അവരിലുള്ള രോഗം പലപ്പോഴും രോഗികളിലേക്ക് പകരുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. മാത്രമല്ല, ഇപ്പോൾത്തന്നെ സംഭരിച്ചുവെയ്ക്കുന്ന രക്തം കേടുവന്നു പോകുന്നു. ഇലക്ട്രിക്സിറ്റി തകരാറുവരുമ്പോൾ ഇങ്ങനെ സംഭവിക്കുന്നു. ഇങ്ങനെ വരുന്നതുകൊണ്ടാണ് കേടുവരുന്നത്. ഇതൊഴിവാക്കാൻവേണ്ടി ആദ്യമായി മൂന്നു കേന്ദ്രങ്ങളിലെങ്കിലും ബ്ലഡ് ബാങ്ക് ആരംഭിക്കണം. ആ ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് മുമ്പ് എല്ലാ നിലയിലും പ്രിസർവ് ചെയ്യാനുള്ള, കെട്ടിടം ഉൾപ്പെടെ ചെയ്യുന്നതാണ്. ഇന്നത്തെ നിലയിൽ അതിന്റെ ചുറ്റുപാട് അഴുക്കായി കിടന്നാൽ വളരെ നന്നായി പ്രിസർവ് ചെയ്യാൻ സാധിക്കുകയില്ല. ആദ്യമായി സാങ്കേതിക വിദഗ്ദ്ധൻമാരെ വരുത്തണം. അതിനുള്ള മെഷീൻ വരുത്തി കേരളത്തിലെ മൂന്നു സെൻറുകളിൽ—തെക്കും, വടക്കും, സെൻറിലും—ഇതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും കാലാന്തരത്തിൽ ഇത് വ്യാപിപ്പിക്കുന്നതുമാണ്. രോഗമില്ലാതെ ചെറിയ ഒരു രോഗത്തിന് പരിഹാരത്തിനായി പോകുമ്പോൾ അപകടമരണം സംഭവിക്കുന്ന രോഗത്തിലേക്ക് ചെന്നെത്തുന്നത് ഒരിക്കലും ഒരു പരിഷ്കൃത രാജ്യത്തിന് യോജിച്ചതല്ലെന്ന് അംഗീകരിക്കുന്ന ഈ ഗവൺമെന്റ് ഇന്നലെവരെ കണ്ടെത്താത്ത മേഖലയെ കണ്ടെത്തി അത് ശ്രദ്ധയിൽപ്പെടുത്തി എന്നുള്ളതാണ് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. അതിനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന് ഞാൻ ബഹുമാനപ്പെട്ട അഴീക്കോടൻ മെമ്പറോട് നന്ദി പറയുന്നു. ഇതുപോലെയുള്ള നിർദ്ദേശങ്ങൾ മേലിൽ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. ഭരണകക്ഷിയിൽനിന്നും ഉണ്ടായ പല നല്ല നിർദ്ദേശങ്ങളും ഉണ്ട്. അത് ഞങ്ങൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അവയെപ്പറ്റി കൂടുതൽ പറഞ്ഞാൽ അത് മുഖസ്തുതിയാകും. പ്രതിപക്ഷത്തുനിന്നും ഒരു നല്ല നിർദ്ദേശം വന്നപ്പോൾ അത് പിച്ചക്കാരന് ഒരു തവ

LIBRARY ARCHIVES Kerala Legislative Assembly

വരവു കിട്ടിയാലുണ്ടാകുന്ന സന്തോഷംപോലെയാണ് എനിക്കുണ്ടായത്. അങ്ങനെ എല്ലാ ഭാഗത്തുനിന്നും എല്ലാ വിധത്തിലുമുള്ള സഹായ സഹകരണങ്ങളും പിന്തുണയും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVI—ഹരിജനക്ഷേമം ഉന്നമ്പ്പെടെയുള്ള സാമൂഹ്യക്ഷേമം

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി പി. ദേവൂട്ടി അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII—മെഡിക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. കേശവൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XIX—കുടുംബക്ഷേമം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XX—പൊതുജനാരോഗ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ധനാഭ്യർത്ഥന നമ്പർ XLIII—വിനോദ സഞ്ചാരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXVI-ാംനമ്പർ ധനാഭ്യർത്ഥനയുടേയും, മെഡിക്കൽ എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, പൊതുജനാരോഗ്യം എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, വിനോദ സഞ്ചാരമെന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 1986-87 സാമ്പത്തിക വർഷത്തേയ്ക്കുള്ള ചെലവുകൾ പൂർത്തികരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു. അതിൽ സഭ താഴെക്കാണും പ്രകാരം വേർതിരിഞ്ഞു.

അനുകൂലിക്കുന്നവർ-70

1. ശ്രീ. ഏ. വി. അബ്ദുറഹുമാൻഹാജി
2. ശ്രീ. ഇ. അഹമ്മദ്
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. കെ. അവുക്കാദർകുട്ടിനഹ
5. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
6. ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. പി. കെ. കെ. ബാവ
8. ശ്രീ. ബെന്നിബഹനാൻ
9. ശ്രീ. പി. ഭാസ്കരൻ
10. ശ്രീ. വി. ദിനകരൻ
11. ശ്രീ. എ. ജോർജ്ജ്
12. ശ്രീ. പി. സി. ജോർജ്ജ്
13. ശ്രീ. കെ. എം. ഹംസക്കുഞ്ഞ്
14. ശ്രീ. എം. എം. ഹസ്സൻ
15. ശ്രീ. എം. പി. എം. ഇസഹാക്ക്കുരിക്കൾ
16. ശ്രീ. എ. എൽ. ജേക്കബ്
17. ശ്രീ. സി. ജി. ജനാർദ്ദനൻ
18. ശ്രീ. ടി. എസ്. ജോൺ
19. ശ്രീ. ജോസ് കുറ്റിയാനി
20. ഡോക്ടർ കെ. സി. ജോസഫ്
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. പി. ജെ. ജോസഫ്
23. ശ്രീ. വി. വി. ജോസഫ്
24. ശ്രീമതി. എം. കമലം
25. ശ്രീ. കെ. ജി. ആർ. കർത്താ
26. ശ്രീ. ജി. കാർത്തികേയൻ
27. ശ്രീ. കെ. കരുണാകരൻ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ശ്രീ. മണിമംഗലത്തു കുട്ട്യാലി
30. ശ്രീ. ഇ. ജെ. ലൂക്കോസ്
31. ശ്രീ. കെ. പി. എ. മജീദ്
32. ശ്രീ. കെ. എം. മാണി
33. ശ്രീ. എം. വി. മാണി
34. ശ്രീ. കെ. മുഹമ്മദാലി
35. ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ
36. ശ്രീ. പി. ഏ. മുഹമ്മദ്കണ്ണ്
37. ശ്രീ. പി. വി. മുഹമ്മദ്
38. ശ്രീ. ടി. എച്ച്. മുസ്തഫ
39. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
40. ശ്രീ. കെ. പി. നൂറുദ്ദീൻ
41. ശ്രീ. ഉമ്മൻചാണ്ടി
42. ശ്രീ. സി. വി. പത്മരാജൻ
43. ശ്രീ. തച്ചടി പ്രഭാകരൻ
44. ശ്രീ. കെ. രാഘവൻമാസ്റ്റർ
45. ശ്രീ. രാഘവൻ പൊഴക്കടവിൽ
46. ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ
47. ശ്രീ. കെ. പി. രാമചന്ദ്രൻനായർ
48. ശ്രീ. എസ്. രാമചന്ദ്രൻപിള്ള
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. കെ. പി. രാമൻ
51. ശ്രീ. രമേശ് ചെന്നിത്തല
52. ശ്രീ. തോപ്പിൽ രവി
53. ശ്രീ. വയലാർ രവി
54. ശ്രീ. എൻ. ശക്തൻ നാടാർ

LIBRARY ARCHIVES Kerala Legislative Assembly

55. ശ്രീ. പി സീതിഹാജി
56. ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ
57. ശ്രീ. കടവൂർ ശിവദാസൻ
58. ശ്രീ. നാലകത്തു സൂപ്പി
59. ശ്രീ. എൻ. ശ്രീനിവാസൻ
60. ശ്രീ. പന്തളം സുധാകരൻ
61. ശ്രീ. കോട്ടക്കുഴി സുകുമാരൻ
62. ശ്രീ. സി. എം. സുന്ദരം
63. ശ്രീ. എൻ. സുന്ദരൻനാടാർ
64. ശ്രീ. വി. സുരേന്ദ്രൻപിള്ള
65. ശ്രീ പി. പി. തങ്കച്ചൻ
66. ശ്രീ സി. എഫ്. തോമസ്
67. ശ്രീ കെ. കെ. തോമസ്
68. ശ്രീ പി. കെ. വേലായുധൻ
69. ശ്രീ. ടി. വി. വിജയരാഘവൻ
70. ശ്രീ. സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ –54

1. ശ്രീ. ടി. കെ. അബ്ദു
2. ശ്രീ. ടി. കെ. ആറുമുഖൻ
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. ഒ. ഭരതൻ
5. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
6. ശ്രീ. സി. കെ. ചക്രപാണി
7. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
8. ശ്രീ. കെ. ചന്ദ്രശേഖരൻ
9. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
10. ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള
11. ശ്രീ. സിറിയക്ക് ജോൺ
12. ശ്രീമതി പി. ദേവൂട്ടി
13. ശ്രീമതി കെ. ആർ. ഗൗരി
14. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
15. ശ്രീ. ടി. കെ. ഹംസ
16. ശ്രീ. കെ. ഇ. ഇസ്മയിൽ
17. ശ്രീ. എം. ജിനദേവൻ
18. ശ്രീ. ഇ. കെ. നായനാർ
19. ശ്രീ. വി. സി. കബീർ
20. ശ്രീ. കെ. ടി. കണാരൻ
21. ശ്രീ. എം. കെ. കേശവൻ
22. ശ്രീ. വി. കേശവൻ
23. ശ്രീ. സി. ടി. കൃഷ്ണൻ
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
26. ശ്രീ. കെ. ടി. കുമാരൻ
27. ശ്രീ. പി. കുമാരൻ
28. ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

29. ശ്രീ. ഷോനപ്പൻനമ്പാടൻ
30. ശ്രീ. സി. പി. മൂസ്സാൻകുട്ടി
31. ശ്രീ. കെ. മൂസ്സക്കുട്ടി
32. ശ്രീ. എ. കെ. പത്മനാഭൻ
33. ശ്രീ. ഇ. പത്മനാഭൻ
34. ശ്രീ. കെ. പങ്കജാക്ഷൻ
35. ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ
36. ശ്രീ. കെ. പി. പ്രഭാകരൻ
37. ശ്രീ. കെ. പുരുഷോത്തമൻ
38. ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
39. ശ്രീ. വർക്കല രാധാകൃഷ്ണൻ
40. ശ്രീ. എം. വി. രാഘവൻ
41. ശ്രീ. വി. കെ. രാജൻ
42. ശ്രീ. കാനം രാജേന്ദ്രൻ
43. ശ്രീ. കെ. ശങ്കരനാരായണപിള്ള
44. ശ്രീ. എ. കെ. ശശീന്ദ്രൻ
45. ശ്രീ. എ. സി. ഷൺമുഖദാസ്
46. ശ്രീ. കെ. വി. സുരേന്ദ്രനാഥ്
47. ശ്രീ. എ. വി. താമരാക്ഷൻ
48. ശ്രീ. സി. കെ. തങ്കപ്പൻ
49. ശ്രീ. വി. ജെ. തങ്കപ്പൻ
50. ശ്രീ. എസ്. ആർ. തങ്കരാജ്
51. ശ്രീ. പി. സി. തോമസ് (കടുതുരുത്തി)
52. ശ്രീ. ജി. വരദൻ
53. ശ്രീ. സി. വാസുദേവമേനോൻ
54. ശ്രീ. പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല

അനുകൂലിക്കുന്നവർ—70

പ്രതികൂലിക്കുന്നവർ—54

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഡിമാൻറ് പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1986 ജൂൺമാസം 26-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.16-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

(1986 ജൂൺ 25-ാം തീയതിയിലെ കാര്യപരിപാടി കാണുക)

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1986-87				
		26-3-1986-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		ആകെ രൂപ
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	
(1)	(2)	(3)	(4)	(5)	(6)	(7)
XXVI	ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം	25,99,34,400	1,05,46,300	51,98,68,900	2,10,92,500	54,09,61,400
XVIII	മെഡിക്കൽ	30,99,53,700	1,23,47,000	61,99,07,500	2,46,94,000	64,46,01,500
XIX	കുടുംബക്ഷേമം	8,36,39,100	4,37,93,000	16,72,78,200	8,75,86,000	25,48,64,200
XX	പൊതുജനാരോഗ്യം	4,34,55,800	..	8,69,11,600	..	8,69,11,600
XLIII	വിനോദസഞ്ചാരം	87,10,800	32,66,700	1,74,21,600	65,33,300	2,39,54,900